# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം

സെപ്തംബർ 2022 | വാല്യം 49 ലക്കം 6 | ചീഫ് എഡിറ്റർ: വി.വേണുഗോപാൽ | പേജ് 16 | വില 10.00 രൂപ




## വിഴിഞ്ഞം അദാനിയിൽനിന്ന് തിരിച്ചു പിടിക്കുക

**കേരളത്തിന് സ്വന്തമായി വിഴിഞ്ഞം എന്ന പുകൾപെറ്റ ഒരു പ്രദേശം ഉണ്ടായിരുന്നു. സംഘകാലകൃതികളിലെ സാന്നിധ്യം, കന്യാകുമാരി മുതൽ തിരുവല്ലവരെ നീണ്ടുകിടന്ന ആയ് രാജ്യതലസ്ഥാനം, കോവളം കവികളുടെ ആസ്ഥാനം, നിറവാർന്ന പ്രകൃതി, നദിയും കായലും കടലും പാറക്കെട്ടുകളും പവിഴപ്പുറ്റുകളും മീനും ചിപ്പിയും നിറഞ്ഞ സമൃദ്ധി. അങ്ങനെയുള്ള സുന്ദരമായ വിഴിഞ്ഞം ഇന്ന് കേരളത്തിന് നഷ്ടപ്പെട്ടിരിക്കുന്നു. ഫലത്തിൽ അദാനിയെന്ന കോർപ്പറേറ്റ് ഭീമന്റെ സ്വകാര്യ ആസ്തിയായി പ്രദേശം ഇന്ന് മാറിക്കഴിഞ്ഞിരിക്കുന്നു. എന്നുമാത്രമല്ല, വിഴിഞ്ഞമെന്ന പ്രദേശം ഭൂമുഖത്തുനിന്നുതന്നെ അപ്രത്യക്ഷമാകുമോ എന്ന ആശങ്ക ഉയർത്തിക്കൊണ്ട് തീരത്തെ കടലുവിഴുങ്ങുകയാണ്. കടലിനെ ആശ്രയിച്ചുകഴിയുന്ന വലിയൊരു വിഭാഗം ജനങ്ങളുടെ ജീവനും ജീവിതവും അനിശ്ചിതത്വത്തിലാഴ്ന്നിരിക്കുന്നു.**

**പ**രിസ്ഥിതി ശാസ്ത്രജ്ഞരും മനുഷ്യസ്നേഹികളും നൽകിയ മുന്നറിയിപ്പുകൾ പാടെ അവഗണിച്ചുകൊണ്ട്, ജനതാല്പര്യം തീരെ പരിഗണിക്കാതെ സംസ്ഥാനം ഭരിച്ച യുഡിഎഫ്, എൽഡിഎഫ് സർക്കാരുകളും കേന്ദ്ര ബിജെപി സർക്കാരും ചേർന്ന് വിഴിഞ്ഞം എന്ന പ്രദേശത്തെ അദാനിക്ക് ദാനം ചെയ്തതിന്റെ ദുരന്തഫലമാണ് കേരളം ഇന്ന് നേരിടുന്നത്. വിഴിഞ്ഞം തുറമുഖ നിർമ്മാണം സൃഷ്ടിക്കുന്ന യാതനകൾ സഹനസീമയും കടന്നപ്പോൾ മത്സ്യത്തൊഴിലാളികളും അവരുടെ ജീവിതത്തോട് ചേർന്ന് നിൽക്കുന്ന സകലരും ഒത്തുചേർന്ന് ശക്തമായ സമരമുഖം തീർത്തിരിക്കുകയാണ്. അദാനിയും അദാനിക്ക് കാര്യസ്ഥപ്രവൃത്തി ചെയ്യുന്ന സർക്കാരുമാണ് മറുപക്ഷത്ത്.

തുറമുഖത്തിനുവേണ്ടിയുള്ള പുലിമുട്ട് നിർമ്മാണം മൂന്നിലൊന്ന് മാത്രം എത്തിയപ്പോൾതന്നെ എണ്ണിയാലൊടുങ്ങാത്ത ദുരന്തങ്ങളാണ് തീരവും തീരവാസികളും ഏറ്റുവാങ്ങുന്നത്. വിഴിഞ്ഞം മുതൽ വേളി വരെ ആറുവരികളിലായി നൂറുകണക്കിന് വീടുകൾ കടൽ കയറി തകർന്നു കഴിഞ്ഞു. വീട് നഷ്ടപ്പെട്ടവർ അഭയാർത്ഥികളായി, ഗതികെട്ട അവസ്ഥയിൽ മനോനില പോലും തകർന്ന് ഗോഡൗണുകളിൽ കഴിയുന്നു. മനോഹരമായ ശംഖുമുഖം ബീച്ച് കടലെടുത്ത് അപ്രത്യക്ഷമായി. ലോകപ്രസിദ്ധമായ കോവളം ബീച്ച് ഇല്ലാതായിക്കൊണ്ടിരിക്കുന്നു. തെക്കേ ഇന്ത്യയിലെ ഏറ്റവും പ്രമുഖമായ വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിനു മരണമണി മുഴങ്ങിയിരിക്കുന്നു.

കരയോടടുത്ത് ആഴം കൂടിയ കടൽ, അന്തർദേശീയ കപ്പൽ ചാലിന്റെ വഴിയടുപ്പം തുടങ്ങിയവ ചൂണ്ടിക്കാട്ടി വിഴിഞ്ഞത്ത് ഒരു ട്രാൻസ്ഷിപ്മെന്റ് തുറമുഖം എന്ന ആശയം ദീർഘകാലമായി നിലവിലുണ്ടായിരുന്നു. അതനുസരിച്ച് നിരവധി പഠനങ്ങളും നടന്നിരുന്നു. 2012ൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നടത്തിയ പഠനത്തിൽ തിരുവനന്തപുരം ജില്ലയിലാണ് ഏറ്റവും കൂടുതൽ തീരശോഷണം നടന്നു കൊണ്ടിരിക്കുന്നത് എന്ന് കണ്ടെത്തുകയുണ്ടായി. കടലാക്രമണം കൂടിയ ഇടമാണിത്. മറ്റിടങ്ങളിൽ നിന്ന് വ്യത്യസ്തം. കടലിന് അഭിമുഖമായി കിഴക്കാംതൂക്കായ കുന്നിൻ ചെരിവുകൾ തീരത്തോട് ചേർന്നുണ്ട്.

*(ശേഷം 2–ാം പേജിൽ)*

## ബിൽക്കീസ് ബാനു കേസിലെ കുറ്റവാളികളെ വിട്ടയച്ച ഗുജറാത്ത് സർക്കാർ നടപടി

# നീതി നിഷേധത്തിന്റെ ഭീകര മുഖം



ബിൽക്കിസ് ബാനു കേസിലെ പ്രതികളെ വിട്ടയച്ചതിൽ പ്രതിഷേധിച്ച് ജന്ദർ മന്ദറിൽ വിവിധ വനിതാസംഘടനകളുടെ നേതൃത്വത്തിൽ നടന്ന ധർണ.

**മനുഷ്യത്വം തരിമ്പെങ്കിലും അവശേഷിക്കുന്ന ഒരാൾക്കും ഉൾക്കൊള്ളാൻ കഴിയുമായിരുന്നില്ല ബിൽക്കിസ് ബാനു എന്ന ഇരുപത്തൊന്നുവയസ്സുമാത്രം പ്രായമുണ്ടായിരുന്ന പെൺകുട്ടി നേരിട്ട ക്രൂരതകൾ. വർഗ്ഗീയതയുടെ പേ ബാധിച്ച ഒരു പറ്റം നരാധമർ അഞ്ചുമാസം ഗർഭിണിയായിരുന്ന ബിൽക്കിസ് ബാനുവിനെ പിച്ചിച്ചീന്തി. മൂന്നുവയസ്സുകാരിയായ മകളെ തലക്കടിച്ചു കൊന്നു. സ്ത്രീകളായ കുടുംബാംഗങ്ങളെ മാനഭംഗപ്പെടുത്തി. ഏഴു കുടുംബാംഗങ്ങളെ അരുംകൊല ചെയ്തു. മരിച്ചുവെന്നു കരുതി ബിൽക്കിസ് ബാനുവിനെ കുറ്റിക്കാട്ടിലെറിഞ്ഞ്, അടുത്ത ഇരകളെത്തേടി ആർത്തലച്ച് അവർ കടന്നുപോയി. മരവിച്ച മനസ്സോടെ മാത്രം നമുക്കോർക്കാൻ കഴിയുന്ന, സ്വതന്ത്ര ഭാരതത്തിലെ കുപ്രസിദ്ധമായ വംശഹത്യകളിലൊന്നായ ഗുജറാത്തിലെ മുസ്ലീംവിരുദ്ധ കലാപത്തിലെ അനേകം സംഭവങ്ങളിലൊന്നു മാത്രമായിരുന്നു ഇത്.**

**ഭ**രണകൂടത്തിന്റെ അനുഗ്രഹാശിസ്സുകളോടെ 2002ൽ ഗുജറാത്തിൽ നടന്ന മുസ്ലീം വംശഹത്യയിലെ നൂറുകണക്കിനു കേസുകളിൽ, വിചാരണയിലേക്കെങ്കിലുമെത്തിക്കാൻ അവസരം കിട്ടിയ അപൂർവ്വങ്ങളിലൊന്നിലെ ഇരയും സാക്ഷിയുമാണ് ബിൽക്കീസ് ബാനു. സംഭവം നടന്ന് ദിവസങ്ങൾക്കുശേഷം ഒരു ദുരിതാശ്വാസ ക്യാമ്പിൽ നിന്നാണ് ബിൽക്കിസ് ബാനുവിനെ ഭർത്താവ് യാക്കൂബ് റസൂൽ കണ്ടെത്തുന്നത്. അതിജീവനത്തിന്റെ യാതനാഭരിതമായ നാളുകളിലൂടെ അവർ കടന്നുപോയി. സമാഹരിക്കാൻ കഴിയുന്ന ശക്തി ചേർത്തുവച്ച് നിയമനടപടികളുടെ അനന്തര യാതനകളിലേക്കു കടന്നു. അങ്ങനെ ദീർഘകാലത്തെ നിയമനടപടികൾക്കുശേഷം, ഈ രാജ്യത്തിന്റെ നിയമവ്യവസ്ഥയാൽ ശിക്ഷിക്കപ്പെട്ട കൊടുംകുറ്റവാളികളെയാണ് ഗുജറാത്ത് സർക്കാർ ഒറ്റയടിക്ക് ശിക്ഷയിളവു നൽകി വിട്ടയച്ചിരിക്കുന്നത്. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് അതിനിശിതമായി ഈ നടപടിയെ അപലപിച്ചു.

മനഃസാക്ഷിയുള്ള ഏതൊരാളെയും അമ്പരപ്പിക്കുകയും ഞെട്ടിക്കുകയും ചെയ്യുന്ന ഈ ശിക്ഷയിളവിനെതിരെ രാജ്യമെമ്പാടും നീതിബോധമുള്ള ജനങ്ങൾ രംഗത്തുവന്നിരിക്കുന്നു. നിയമപരമായ നിരവധി ചോദ്യങ്ങൾ ഈ ശിക്ഷയിളവിൽ അന്തർഭവിച്ചിട്ടുണ്ട്. പക്ഷേ നമ്മുടെ രാഷ്ട്രീയ, നൈതിക ഘടനയിൽ അതു സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളാണ് അതിലും ഗുരുതരം.

സ്വാതന്ത്ര്യസമരത്തിൽ ഒരു ഘട്ടത്തിലും പങ്കെടുക്കാതിരുന്ന ഹിന്ദു മഹാസഭയുടെയും ആർഎസ്സ്എസ്സിന്റെയും പൈതൃകവും അനുഗ്രഹാശിസ്സുകളും പേറുന്നവരാണ് ഇന്ന് കേന്ദ്രം ഭരിക്കുന്ന ബിജെപി സർക്കാർ. എങ്കിലും സ്വാതന്ത്ര്യത്തിന്റെ 75–ാം വാർഷികം 'ആസാദി കാ അമൃത് മഹോത്സവ്' എന്ന പേരിൽ ആഘോഷിക്കാൻ ആഹ്വാനം ചെയ്യുന്നു അവർ. സ്വാതന്ത്ര്യസമരത്തെ പിന്നിൽ നിന്നു കുത്തിയവരുടെ പിൻഗാമികൾ സ്വാതന്ത്ര്യ ദിനം ആഘോഷിക്കാൻ ആജ്ഞാപിക്കുമ്പോൾ ആർക്കാണു സ്വാതന്ത്ര്യം? കൊലപാതകികൾക്കും സ്ത്രീകളെയും കുഞ്ഞുങ്ങളെയും മാനഭംഗപ്പെടുത്തിയവർക്കും! ആരാണു തടവറയിൽ? ആനന്ദ് തെൽതുംബെ, ഹാനിബാബു, സുധ ഭരദ്വാജ്, റോണ വിൽസൺ, വരവരാവു, ആർ.ബി.ശ്രീകുമാർ തുടങ്ങിയ അനേകമനേകം ബുദ്ധിജീവികളും മനുഷ്യാവകാശ പ്രവർത്തകരും!

*(ശേഷം 5–ാം പേജിൽ)*


4 സർവകലാശാലകളെ കാൽക്കീഴിലാക്കാൻ പിണറായി സർക്കാർ
9 സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങളിൽനിന്ന്
11 ശ്രീലങ്ക എന്തുകൊണ്ട് കടക്കെണിയിലായി?

# അദാനിയുടെ വിശ്വസ്ത സേവകരായി മാറിയ ഭരണമുന്നണികൾ; വഴിമുട്ടിയ തീരദേശ ജനത

(1–ാം പേജിൽ നിന്ന്)

കടൽ മുന്നേറിയാൽ ഈ ചരിവുകൾ തന്നെ ഇടിഞ്ഞു താഴുന്ന അവസ്ഥയുണ്ടാകുമെന്ന് ശാസ്ത്രജ്ഞന്മാർ മുന്നറിയിപ്പ് നൽകിയിരുന്നു. ഇത്ര പരിസ്ഥിതിലോലമായ മേഖലയിൽ തീര-കടൽ സന്തുലിതാവസ്ഥ നശിപ്പിക്കുന്ന ഒരു വൻകിട നിർമ്മിതിയും പാടില്ലാത്തതായിരുന്നു.

കൂടുതൽ തീരശോഷണമുള്ള മേഖലകളിൽ തുറമുഖങ്ങൾ പാടില്ലെന്നാണ് തീരപരിപാലന നിയമം അനുശാസിക്കുന്നത്. തുറമുഖ നിർമാണത്തിനായുള്ള ഡ്രഡ്ജിംഗും പുലിമുട്ട് നിർമ്മാണവും തീരശോഷണത്തിനിടയാക്കുമെന്ന് തീര–പരിസ്ഥിതി ആഘാത പഠനത്തിനായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പ്രസിദ്ധീകരിച്ച മാർഗനിർദേശങ്ങളിൽ പറയുന്നു. ഒട്ടേറെ പാരിസ്ഥിതിക പ്രത്യേകതകളുള്ള, തെക്കേ ഇന്ത്യയിലെ ഏറ്റവും പ്രധാന മത്സ്യബന്ധന മേഖല എന്ന നിലയെ സാരമായി ബാധിക്കുമെന്നതും ഒരു അപകടസാധ്യതയായി ചൂണ്ടിക്കാട്ടപ്പെട്ടിരുന്നു. വിഴിഞ്ഞം തീരക്കടലുമായി ബന്ധപ്പെട്ട് അപൂർവമായ 147 ജീവിവർഗ്ഗങ്ങൾ ഉണ്ടായിരുന്നു. പാരിസ്ഥിതിക അപകടസാധ്യതകൾ വച്ചു നോക്കുമ്പോൾ വിഴിഞ്ഞം പദ്ധതിക്ക് യാതൊരുകാരണവശാലും അനുമതി നൽകാൻ പാടില്ലാത്തതായിരുന്നു.

കേരള സർക്കാർ അംഗീകരിച്ച സാധ്യതാപഠന(ഫീസിബിലിറ്റി റിപ്പോർട്ട്)ത്തിൽ പറയുന്നത് ഇത് സാമ്പത്തികമായി യാതൊരു നേട്ടവുമില്ലാത്ത പദ്ധതി ആണെന്നാണ്. ഇന്റർനാഷണൽ ഫിനാൻഷ്യൽ കമ്മീഷൻ(IFC), AECOM എന്നീ ഏജൻസികൾ നൽകിയ റിപ്പോർട്ടിലും തുറമുഖത്തിന് വേണ്ടിയുള്ള ചെലവും പ്രതീക്ഷിക്കുന്ന വരുമാനവും വച്ചു നോക്കുകയാണെങ്കിൽ ലാഭകരമാവില്ല എന്ന് വ്യക്തമാക്കിയിരുന്നു. സാമ്പത്തികാർത്ഥത്തിൽ നോക്കിയാലും വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി മുന്നോട്ടു പോകാൻ പാടില്ലാത്തതായിരുന്നു എന്നാണ് ഇത് കാണിക്കുന്നത്.

ഇതിനോടകം ലബ്ധപ്രതിഷ്ഠ നേടിയ കൊളംബോ, സിംഗപ്പൂർ തുടങ്ങിയ അന്തർദേശീയ ട്രാൻസ്ഷിപ്മെന്റ് തുറമുഖങ്ങളിൽ നിന്നുള്ള ചരക്ക് കപ്പലുകളെ ആകർഷിക്കാൻപോന്ന സാമ്പത്തികമായ ഓഫറുകളൊന്നും തന്നെ നൽകാൻ വിഴിഞ്ഞം പോർട്ടിനാവില്ല. മാത്രമല്ല, ചരക്ക് ഗതാഗതം നടത്തുന്ന വൻകിട കമ്പനികൾ ചെറിയൊരു കാരണംകൊണ്ട് തുറമുഖം മാറി പോകുന്നവരാണ് എന്നതിനാൽ അങ്ങേയറ്റം അനിശ്ചിതത്വം നിറഞ്ഞ മേഖലയാണിത്. സാധ്യതയുള്ള ചരക്ക് ഗതാഗതത്തെ പറ്റിയുള്ള പ്രതീക്ഷകൾ അങ്ങേയറ്റം ഊതിപ്പെരുപ്പിച്ചാണ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

എങ്ങുനിന്നോ വരുന്ന പടുകൂറ്റൻ കപ്പലിൽനിന്ന് ചരക്കിറക്കി ചെറിയ കപ്പലിലേക്ക് മാറ്റി മറ്റേതോ ഒരു രാജ്യത്തെ തുറമുഖത്തേക്ക് പോകുന്നതിന് വേണ്ടിയുള്ള ട്രാൻസ്ഷിപ്മെന്റ് തുറമുഖങ്ങൾ വ്യവസായങ്ങൾ വൻതോതിൽ ഇല്ലാത്ത പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ യാതൊരുവിധത്തിലും സഹായിക്കുകയില്ല.

ഇങ്ങനെയൊക്കെയാണെങ്കിലും പ്രകൃതിയെ നശിപ്പിച്ചു കൊണ്ടുള്ള,സംസ്ഥാനത്തിന് യാതൊരു നേട്ടവുമില്ലാത്ത ഈ പദ്ധതിയുമായി മുന്നോട്ടുപോകാൻ തന്നെയാണ് സർക്കാർ തീരുമാനിച്ചത്. ടെൻഡർ നടപടിയുടെ ആരംഭം മുതൽ ഒടുവിൽ അദാനിക്ക് തുറമുഖം നൽകിയതുവരെയുള്ള നടപടികൾ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമായിരുന്നു.

'വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്" എന്ന, പൂർണമായും സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയാണ് ഔപചാരികമായി വിഴിഞ്ഞം തുറമുഖത്തിന്റെ ഉടമ. പക്ഷേ യഥാർത്ഥത്തിൽ അത് 'അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ്' എന്ന സ്വകാര്യ കമ്പനിക്കുവേണ്ടി പണിയെടുക്കുന്ന സർക്കാർ സഹായ സംവിധാനം മാത്രമാണ്.

2013 ഡിസംബറിൽ ആഗോള ടെൻഡർ പുറപ്പെടുവിച്ചു. അഞ്ച് കമ്പനികളെ ഷോർട്ട് ലിസ്റ്റ് ചെയ്തു. 4667 കോടി രൂപയായിരുന്നു അന്നത്തെ പ്രോജക്ട് തുക. മലേഷ്യ ആസ്ഥാനമായുള്ള SREI- OHL കൺസോർഷ്യം, അദാനി പോർട്സ്, എസ്സാർ പോർട്സ് എന്നിവരാണ് അന്തിമപട്ടികയിൽ അവശേഷിച്ചത്. ആദ്യത്തെ കമ്പനിയെ കപടന്യായങ്ങൾ പറഞ്ഞു കൊണ്ട് ഒഴിവാക്കി. എസ്സാർ പോർട്സ് ആകട്ടെ അദാനിയുമായുള്ള ധാരണയിൽ സ്വയം പിന്മാറി. പിന്നെ അവശേഷിച്ചത് അദാനി മാത്രം. പിന്നീട് ഏൺസ്റ്റ് ആൻഡ് യങ്ങ് എന്ന അന്തർദേശീയ ധനകാര്യ കൺസൾട്ടൻസിയെ യാതൊരു നടപടിക്രമങ്ങളും പാലിക്കാതെ ആനയിക്കുകയും സംസ്ഥാനത്തിന്റെ താൽപര്യങ്ങൾക്ക് വിരുദ്ധമായി ടെൻഡർ എടുക്കുന്നവർക്ക് നിരവധി അധിക ആനുകൂല്യങ്ങൾ ലഭിക്കുന്ന വിധത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു.

ആവശ്യമായ ഭൂമി ഏറ്റെടുത്തു നൽകൽ, റോഡ്, റെയിൽ തുടങ്ങിയ അനുബന്ധ പണികളെല്ലാം സർക്കാരിന്റെ ചുമതലയിൽ, കൺസഷൻകാലം നീട്ടിനൽകൽ, വാണിജ്യപരമായ ഹോട്ടൽ- ഭവന പദ്ധതികൾ അടങ്ങുന്ന റിയൽ എസ്റ്റേറ്റ് ബിസിനസിനുള്ള അവസരം, 548 കോടി രൂപ ചെലവിൽ ഏറ്റെടുത്ത് സർക്കാർ നൽകുന്ന ഭൂമിയും(ഇതിനോടകം 1200കോടിയിലധികം ഭൂമി ഏറ്റെടുത്തു നൽകുന്നതിന് ചെലവായി) ആസ്തിയും പണയംവച്ച് കടം എടുക്കാനുള്ള അനുമതി, പ്രൊജക്റ്റ് പൂർണ്ണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള കാലാവധി നീട്ടിനൽകൽ തുട

**വിഴിഞ്ഞം**
**തിരിച്ചു പിടിക്കുക**

ങ്ങിയ പുതിയ ആനുകൂല്യങ്ങൾ അദാനിയെ ലക്ഷ്യംവച്ച് പദ്ധതിയിൽ ഉൾപ്പെടുത്തി. പദ്ധതി സർക്കാരിന് തിരികെ ഏൽപ്പിക്കേണ്ട കാലയളവ് അന്തർദേശീയ തലത്തിൽ 30വർഷമായിരിക്കെ 40 വർഷമായി നീട്ടിനൽകി. അതുവഴി മാത്രം ഇന്നത്തെ കണക്കിൽ മുപ്പതിനായിരം കോടി രൂപയുടെ അധിക നേട്ടം അദാനിക്ക് കിട്ടും. 20വർഷംവരെ വീണ്ടും കരാർ കാലാവധി നീട്ടിലഭിക്കുവാനുള്ള അവകാശം നൽകുകയും ചെയ്തു. കൂടാതെ ഒരു ടെർമിനേഷൻ ആനുകൂല്യം എന്ന നിലയിൽ, ഈ ഏർപ്പാടിൽനിന്ന് വിട്ടു പോവുകയാണെങ്കിൽ വലിയൊരു തുക അദാനിക്ക് നൽകേണ്ടിവരും. 40 വർഷത്തിന് ശേഷമാണ് പിരിയുന്നതെങ്കിൽ 20,000കോടി രൂപ നൽകേണ്ടി വരും. പക്ഷേ അപ്പോഴും സംസ്ഥാനസർക്കാരിന് ആകെ ലഭിക്കുക 5608 കോടി രൂപ മാത്രമായിരിക്കും. ആകെയുള്ള പ്രോജക്ട് എസ്റ്റിമേറ്റ് 7525 കോടിയാക്കി ഉയർത്തി. 5021 കോടിയും നൽകുന്നത് സർക്കാരാണ്. അദാനി ഒഴികെ ടെൻഡറിൽ പങ്കെടുത്ത മറ്റുള്ളവരെ ഒഴിവാക്കിയതിനു ശേഷമാണ് ഈ ആനുകൂല്യങ്ങളെല്ലാം ഉൾപ്പെടുത്തിയതെന്ന് മനസ്സിലാക്കുമ്പോൾ എത്ര വലിയ പാതകമാണ് അന്നത്തെ യുഡിഎഫ് സർക്കാർ ചെയ്തതെന്ന് മനസ്സിലാകും. ഈ വൻകിട പദ്ധതിയാകെ അദാനിയെന്ന കോർപ്പറേറ്റ് ഭീമന്റെ കൈയിൽ എത്തിയ ചതിയുടെ കഥയാണിത്. എസ്റ്റിമേറ്റ് തുക പെരുപ്പിച്ചുകാട്ടിയത് കൊണ്ടുതന്നെ സർക്കാർ വിഹിതം മാത്രം വച്ച് പണി പൂർത്തിയാക്കാനാവും. സർക്കാർ ഏറ്റെടുത്തു നൽകുന്ന ഭൂമിയും പദ്ധതി ആസ്തിയും പണയംവെച്ച് അദാനിയുടെ വിഹിതം എന്നുപറയുന്ന 2500 കോടിരൂപ വായ്പയായി സംഘടിപ്പിക്കാനാകും. എടുക്കുന്ന വായ്പ തിരിച്ചടക്കുന്ന സ്വഭാവം അദാനിക്കില്ല. അതൊക്കെ പിന്നീട് സർക്കാരുകൾ എഴുതി തള്ളുകയാണ് പതിവ്. കൂടാതെ റിയൽ എസ്റ്റേറ്റ് ബിസിനസ്, ആർഭാടഹോട്ടൽ, ഫ്ലാറ്റ്, ടൂറിസം എന്നിവ വഴി ലഭിക്കുന്ന വൻ ലാഭവും. ഇതൊക്കെ ലക്ഷ്യം വച്ചാണ് അദാനി വിഴിഞ്ഞം പോർട്ട് ഏറ്റെടുത്തത്. ഇത്രയൊക്കെ സർക്കാർ മുതൽമുടക്കുന്ന സ്ഥിതിക്ക് എന്തുകൊണ്ട് സർക്കാരിന് തന്നെ നേരിട്ട് തുറമുഖം നടത്തിക്കൂടാ എന്ന ചോദ്യത്തിന് ഉത്തരമില്ല.



വിഴിഞ്ഞം തുറമുഖത്തിന് മുന്നിലെ അനിശ്ചിതകാല സമരവേദിയിൽ കെ റെയിൽ–സിൽവർലൈൻ വിരുദ്ധ ജനകീയ സമിതിയുടെ സംസ്ഥാന ജനറൽ കൺവീനർ എസ്.രാജീവൻ സംസാരിക്കുന്നു.

പദ്ധതി കരാറിനെ സംബന്ധിച്ച അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ടിൽ മേൽപ്പറഞ്ഞ വിഷയങ്ങൾ അക്കമിട്ടു സാക്ഷ്യപ്പെടുത്തുന്നു. കേരള സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ യാതൊരുവിധത്തിലും സംരക്ഷിക്കാത്ത, അദാനിയെ മാത്രം സഹായിക്കുന്ന പദ്ധതിയാണ് എന്ന് റിപ്പോർട്ട് പറയുന്നു. കൺസൾട്ടന്റ് തയ്യാറാക്കിയ സാങ്കേതിക-ധനകാര്യ എസ്റ്റിമേറ്റുകൾ സൂക്ഷ്മബുദ്ധിയോടെ പരിശോധിച്ചില്ലെന്നും അതുകൊണ്ട് ചെലവ് എസ്റ്റിമേറ്റുകൾ പെരുപ്പിച്ചുകാട്ടിയെന്നും റിപ്പോർട്ട് പറയുന്നു. അതുകൊണ്ടാണ് അദാനിക്ക് സർക്കാർ വിഹിതം കൊണ്ടു മാത്രം തുറമുഖം പണി പൂർത്തിയാക്കാൻ ആവുന്നത്.

### വിഴിഞ്ഞം പദ്ധതിയും സിപിഐ(എം)ഉം

ഉമ്മൻചാണ്ടി സർക്കാർ അദാനിക്ക് കേരളത്തെ അടിയറവച്ചു എന്ന് അന്നത്തെ പ്രതിപക്ഷ നേതൃനിരയിലുണ്ടായിരുന്ന പിണറായി വിജയൻ ആരോപിച്ചിരുന്നു. കോടിയേരി ബാലകൃഷ്ണനും വി.എസ്.അച്യുതാനന്ദനും തോമസ് ഐസക്കും വലിയവായിൽ വിമർശിച്ചു. വിഴിഞ്ഞം പദ്ധതിയുടെ കരാർ വ്യവസ്ഥകളെപറ്റി വലിയ എതിർപ്പുകൾ ഉയർത്തിയിരുന്ന സിപിഐ(എം) സ്വന്തം നിലപാട്, 2016 മാർച്ച് 23ന് ഗൗതം അദാനി നേരിട്ട് എകെജി സെന്ററിൽ എത്തി സിപിഐ(എം) സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണനെ കണ്ടതോടെ അടിമുടി മയപ്പെട്ടു. പദ്ധതിക്ക് പൂർണപിന്തുണ സിപിഐ(എം) പ്രഖ്യാപിച്ചു. എന്നാലും അധികാരത്തിൽ എത്തുകയാണെങ്കിൽ 'കരാർ വ്യവസ്ഥകൾ മാറ്റുന്നതിനെ പറ്റിയുള്ള നിയമവശങ്ങൾ പഠിക്കു'മെന്ന് പ്രഖ്യാപിച്ചു! തെരഞ്ഞെടുപ്പിനു തൊട്ടുമുൻപുള്ള അദാനിയുടെ സന്ദർശനവും സിപിഐ(എം)ന്റെ മനംമാറ്റവും, പിന്നീട് സംസ്ഥാനം അതുവരെ കണ്ടിട്ടില്ലാത്ത വിധം പണമിറക്കിയുള്ള എൽഡിഎഫ് തെരഞ്ഞെടുപ്പ് പ്രചാരണവും തുടർന്നുള്ള വലിയ വിജയവും ശ്രദ്ധേയമാണ്. എൽഡിഎഫ് അധികാരത്തിൽ എത്തിയതിനുശേഷം കരാറിനെ പറ്റി അതൊരു പുനരാലോചനയും ഉണ്ടായില്ല.

എൽഡിഎഫ് അധികാരത്തിലെത്തി ഒരുവർഷത്തിനുശേഷം, അക്കൗണ്ടന്റ് ജനറൽ വിഴിഞ്ഞം പദ്ധതി കരാറിനെ സംബന്ധിച്ച് സമർപ്പിച്ച റിപ്പോർട്ടിൽ സിപിഐ(എം) നേതാക്കൾ മുൻകാലത്ത് ഉയർത്തിയ പല വാദങ്ങളും ശരിയെന്ന് തെളിയിക്കുന്ന കണ്ടെത്തലുകൾ വന്നിട്ടുപോലും അത് ഗൗരവത്തിൽ എടുക്കാനവർ തയ്യാറായില്ല. ഒരുപാട് സമ്മർദ്ദങ്ങളെ തുടർന്ന് സർക്കാർ ഒരു അന്വേഷണക്കമ്മീഷനെ വച്ചു. തുറന്ന വലതുപക്ഷ നിലപാടുകൾ പല വിധികളിലൂടെയും അഭിപ്രായ പ്രകടനങ്ങളിലൂടെയും തുറന്നു പ്രകടിപ്പിച്ചിട്ടുള്ള ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായരെ കമ്മീഷനാക്കി വച്ചപ്പോൾതന്നെ അന്വേഷണത്തിന്റെ ദിശ വ്യക്തമായി. കരാർ വഴി അഴിമതി നടന്നിട്ടുണ്ടോ എന്നതായിരുന്നു അന്വേഷണവിഷയം. അഴിമതി ഒന്നും നടന്നിട്ടില്ല എന്ന് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു. അതിനുശേഷം തുടർ നടപടികളുടെ ഭാഗമായി വിജിലൻസ് അന്വേഷണം നടത്തുമെന്ന് പ്രസ്താവിച്ചെങ്കിലും അഴിമതി വിഷയവും കരാർ പുനഃപരിശോധനയും അടഞ്ഞ അധ്യായമായി മാറി. മൂലധനതാല്പര്യം സംരക്ഷിക്കുന്നകാര്യത്തിൽകേരളം കണ്ട ഏറ്റവും പ്രകടമായ രാഷ്ട്രീയ സമവായമാണ് നമ്മളിവിടെ കാണുന്നത്.

കോർപ്പറേറ്റുകളുടെ മികച്ച കാര്യസ്ഥനായ മോദി സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം അദാനിയുടെ ആസ്തി വളർച്ച അതിശയകരമായിരുന്നു. ലോകത്തിലെധനികരിൽമൂന്നാംസ്ഥാനത്താണ് അദാനി. രാജ്യം 75 വർഷങ്ങൾ കൊണ്ട്, സാധാരണ ഇന്ത്യക്കാരൻ നൽകിയ നികുതിവിഹിതം കൊണ്ട് പടുത്തുയർത്തിയ പൊതുമേഖലാ സ്ഥാപനങ്ങളും പൊതുസമ്പത്തും അദാനിയുടെ കൈയിലെത്തിക്കുന്നത് കാരണമാണ് അയാളുടെ സമ്പത്ത് കുതിച്ചു കയറിയത്. മോദി മാത്രമല്ല, കമ്മ്യൂണിസ്റ്റ് എന്ന വിളിപ്പേരുള്ള ഒരു പ്രസ്ഥാനത്തിന്റെ സർക്കാരും ഇന്ന് അദാനിയുടെ ആസ്തി പെരുപ്പിക്കൽ സംവിധാനത്തിന്റെ ഭാഗമാണ്. ജനങ്ങളുടെ നഷ്ടമോ കഷ്ടപ്പാടുകളോ അവർ കണക്കിലെടുക്കില്ല.

കേരളത്തിന്റെ സ്വപ്ന പദ്ധതിയാണ് ഇതെന്നും വരുംകാലങ്ങ

(ശേഷം 3–ാം പേജിൽ)

# കെഎസ്ആർടിസിയിലെ പ്രതിസന്ധി സർക്കാർ സൃഷ്ടിച്ചത്

**ജോ**ലി ചെയ്യുന്നതിനുള്ള ശമ്പളം രണ്ട് മാസം കഴിഞ്ഞിട്ടും ലഭിക്കാത്ത അവസ്ഥയിലേയ്ക്ക് കെഎസ്ആർടിസി തൊഴിലാളികളെ കൊണ്ടെത്തിച്ചതിന് പിന്നിൽ സർക്കാരിന്റെ കരുതിക്കൂട്ടിയുള്ള നടപടികളാണെന്നും സ്ഥാപനത്തിലെ അംഗീകൃത യൂണിയൻ നേതൃത്വവും സർക്കാരും തമ്മിലുള്ള വഞ്ചനാപരമായ ഒത്തുകളിയാണ് ഇതിന് പാതയൊരുക്കിയതെന്നും എഐയുറ്റിയുസി സംസ്ഥാന കമ്മിറ്റി ഒരു പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി.



എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയും എഐയുറ്റിയുസിയും സംയുക്തമായി എറണാകുളം കെഎസ്ആർടിസി ബസ് സ്റ്റാൻഡിൽ നടത്തിയ പ്രതിഷേധ ധർണ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി ടി.കെ.സുധീർ കുമാർ ഉദ്ഘാടനം ചെയ്യുന്നു.

കെഎസ്ആർടിസിയുടെ മാനേജ്മെന്റ് അധികാരത്തിലിരിക്കുന്ന രാഷ്ട്രീയ നേതൃത്വത്തിന്റെ ഒരു ഉപഗ്രഹം മാത്രമാണ്. ആശ്രിതനായ വകുപ്പ് മന്ത്രിയെ മുന്നിൽ നിർത്തിക്കൊണ്ട് മുഖ്യമന്ത്രിയാണ് കാര്യങ്ങൾ മുഴുവൻ തീരുമാനിക്കുന്നത് എന്നകാര്യം പകൽ പോലെ വ്യക്തമാണ്. ലോകത്ത് ഒരു തൊഴിലാളി പ്രസ്ഥാനത്തിനും അംഗീകരിക്കാനാവാത്ത തൊഴിലാളിവിരുദ്ധ നടപടികളുമായി ധിക്കാരപൂർവ്വം മുമ്പോട്ട് പോകാൻ സർക്കാരിന് കഴിയുന്നത്, സ്ഥാപനത്തിലെ അംഗീകൃത യൂണിയനുകളുടെ ഒത്താശകൊണ്ട് മാത്രമാണ്. ജീവനക്കാരുടെ ശമ്പളം എല്ലാ മാസവും അഞ്ചാം തീയതിക്കു മുമ്പ് വിതരണം ചെയ്യണം എന്ന ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ ഉത്തരവിനെതിരെ സർക്കാർ ഡിവിഷൻ ബെഞ്ചിൽ പോയി, കെഎസ്ആർടിസിയിൽ ഗവണ്മെന്റ് തൊഴിലുടമയല്ലെന്നും, ശമ്പള വിതരണത്തിന് ബാധ്യതയില്ലെന്നും വ്യക്തമാക്കിയിരിക്കുന്നു. മാതൃകാ തൊഴിൽദാതാവായ ഗവണ്മെന്റ് തന്നെ തൊഴിൽ നിയമങ്ങളുടെ ലംഘനത്തിന് കൂട്ടുനിൽക്കുകയാണ്. തൊഴിലാളികൾക്ക് തൊഴിലെടുത്തതിന്റെ കൂലി കൊടുക്കാതിരിക്കാൻ, അവരുടെ ചെലവിൽ തന്നെ മേൽക്കോടതികളിലേക്ക് പായുന്ന ഈ സർക്കാരിനെതിരെ തൊഴിലാളികളിൽ രോഷം പുകയുകയാണ്. അത് ആളിക്കത്തുന്ന ഒരു പ്രക്ഷോഭമാക്കാതെ തണുപ്പിച്ച് നിർത്തുന്ന പണിയാണ് ഈ യൂണിയനുകൾ സമർത്ഥമായി നിർവ്വഹിക്കുന്നത്.

കെഎസ്ആർടിസിയെ തകർത്ത് പൊതുഗതാഗത സംവിധാനം സമ്പൂർണ്ണമായി സ്വകാര്യവൽക്കരിക്കുക എന്ന ലക്ഷ്യം നിറവേറ്റുകയാണ് എൽഡിഎഫ് സർക്കാർ. സുശീൽ ഖന്ന റിപ്പോർട്ട്, സ്വിഫ്റ്റ് കമ്പനി രൂപീകരണം, ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കൽ, ശമ്പളവും പെൻഷനും മാസങ്ങളായി കൊടുക്കാതിരിക്കൽ, ബോണസ്സ് നിഷേധം, 12 മണിക്കൂർ തൊഴിൽ-നിശ്ചിതകാല തൊഴിൽ തുടങ്ങിയ കേന്ദ്ര ലേബർകോഡ് നയങ്ങൾ നടപ്പിലാക്കൽ എന്നിവയെല്ലാം ഗൂഢമായ ലക്ഷ്യത്തോടെ, സർക്കാർ - യൂണിയൻ സമവായത്തിൽ നടപ്പാക്കുകയാണ്. കെഎസ്ആർടിസി തൊഴിലാളികൾ സങ്കുചിതമായ അധികാര രാഷ്ട്രീയത്തിന്റെ അഴുക്ക് ഭാണ്ഡം ധീരമായി വലിച്ചെറിഞ്ഞുകൊണ്ട്, കക്ഷി-യൂണിയൻ ഭേദമന്യേ സംഘടിച്ച് തെരുവിൽ പൊരുതേണ്ട സമയമാണിത്. അതിനവർ തയ്യാറാകണം. കെഎസ്ആർടിസിയിൽ സർക്കാർ നടത്തുന്ന ഈ തൊഴിലാളിവിരുദ്ധ പരീക്ഷണം വിജയിച്ചാൽ അത്, സംസ്ഥാനത്തെ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വകാര്യ മേഖലയിലും പണിയെടുക്കുന്നവരുടെ നിലനിൽപ്പിനെയും ബാധിക്കും. സംസ്ഥാനത്തെ പൊതു യാത്രാ ക്ലേശവും കടുത്ത രീതിയിൽ വർദ്ധിക്കും.



കോട്ടയം കെഎസ്ആർടിസിയിൽ നടന്ന പ്രതിഷേധയോഗത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി മിനി കെ.ഫിലിപ്പ് പ്രസംഗിക്കുന്നു.

വീറുറ്റ പ്രക്ഷോഭണങ്ങളുടെ പാരമ്പര്യമുള്ള കേരളത്തിലെ തൊഴിലാളിവർഗ്ഗത്തിന്റെ സമരവീര്യവും ആർജ്ജവവും വീണ്ടെടുത്തുകൊണ്ട്, കെഎസ്ആർടിസി തൊഴിലാളികൾ ബഹുജന പിന്തുണയോടെ സന്ധിയില്ലാത്ത സമരം പടുത്തുയർത്തണം. അധികാരംവച്ചു നീട്ടുന്ന അപ്പക്കഷ്ണങ്ങൾക്കു മുമ്പിൽ സന്ധിചെയ്യാതെ, സർക്കാർ നയം തിരുത്തുന്നതുവരെ തൊഴിലാളികൾ വീറുറ്റ സമരവുമായി മുമ്പോട്ട് പോകണമെന്നും എഐയുറ്റിയുസി അഭ്യർത്ഥിച്ചു. ■

## വിഴിഞ്ഞം തിരിച്ചു പിടിക്കുക

(2-ാം പേജിൽ നിന്ന്)

ളിൽ വലിയ വരുമാനസ്രോതസ്സ് ആകുമെന്നൊക്കെ സിപിഐ(എം) പറയുമ്പോൾ കേരളമെന്നതിന് പകരം അദാനി എന്ന് ചേർത്താൽ അതൊക്കെ ശരിയാവുമെന്ന് മാത്രം. ആയിരം ദിനങ്ങൾ കൊണ്ട് പൂർത്തിയാകുമെന്ന് പ്രഖ്യാപിച്ച പദ്ധതി ഇപ്പോൾ 2500 ദിവസങ്ങളായിട്ടും മൂന്നിലൊന്നു പോലും പൂർത്തിയായിട്ടില്ല. 2019 ഡിസംബറിൽ പണിപൂർത്തിയാക്കേണ്ടിയിരുന്ന തുറമുഖം അതിനുശേഷം ഓരോ ദിവസവും 12 ലക്ഷം രൂപ വീതം കേരള സർക്കാരിന് നൽകേണ്ടിയിരുന്നതാണ്. പക്ഷേ നടപടിക്രമങ്ങളിൽ കുരുക്കി ഫലത്തിൽ അത് എഴുതിത്തള്ളിയത് പോലെയാണ്. പശ്ചിമഘട്ടത്തിലെ തെക്കൻ മലകളിലെ പാറമടകൾ മുഴുവനും അദാനിക്ക് വേണ്ടി പ്രവർത്തിക്കുകയാണ്. തീരം തകർത്ത് അഭയാർത്ഥികളാക്കപ്പെട്ടവരെ തിരിഞ്ഞുനോക്കാൻ സർക്കാർ ശ്രമിക്കുന്നില്ലെങ്കിലും സർക്കാർ വിഹിതമായി അദാനിക്ക് പണമെത്തിക്കുന്നതിൽ ഒരു തടസ്സവുമുണ്ടാകുന്നില്ല.

### ഇനിയെന്ത്?

ഇത്രയും പണമിറക്കിയ ഒരു സ്വപ്നപദ്ധതിയിൽ നിന്ന് പിന്മാറുന്ന വിഷയമേയില്ല എന്നാണ് മുഖ്യമന്ത്രി പറയുന്നത്. എന്ന് വെച്ചാൽ സംസ്ഥാനത്തിന് നഷ്ടം മാത്രം വരുത്തിവയ്ക്കുന്ന പദ്ധതിയും അത് സൃഷ്ടിക്കുന്ന ദുരന്തങ്ങളും തുടരുമെന്നാണ് അദ്ദേഹം ധിക്കാരത്തോടെ പ്രഖ്യാപിക്കുന്നത്. ഇനി അവശേഷിക്കുന്ന മൂന്നിൽ രണ്ടു ഭാഗം പുലിമുട്ട് തീരുമ്പോൾ തീരശോഷണം കൂടുതൽ ഇടങ്ങളിലേക്ക് കൂടി വ്യാപിക്കും. പോർട്ട് വരുമ്പോൾ കേവലം 600 പേർക്ക് മാത്രമെ തൊഴിൽ ലഭിക്കൂ എന്നാണ് കണക്ക്. പക്ഷേ 60,000 മത്സ്യത്തൊഴിലാളികൾക്ക് കടലിനെ ആശ്രയിച്ചുള്ള ജീവിതമാർഗ്ഗം നഷ്ടപ്പെടും. ഇനിയും ഒരുപാട് ജീവനുകൾ പൊലിയും. വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം ഓർമ്മയാകും. കോവളം ബീച്ച് പൂർണമായി ഇല്ലാതാവും. മത്സ്യലഭ്യതയും തീരെ ഇല്ലാതാവും. കാലാവസ്ഥാ വ്യതിയാനം വഴി ഉണ്ടാകുന്ന കടലേറ്റങ്ങൾ വർദ്ധിച്ചു വരുമ്പോൾ, തുറമുഖം സൃഷ്ടിക്കുന്ന പരിസ്ഥിതി നാശം ആഘാതത്തിന്റെ തോത് വർദ്ധിപ്പിക്കും.

അപ്പോൾ, നാടിനെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന, ഇനിയും തുടർന്നാൽ കൂടുതൽ ദുരന്തം വരുത്തിവെക്കും എന്നുറപ്പുള്ള ഒരു സംരംഭം കുറെ മുന്നേറി എന്നതുകൊണ്ട് മാത്രം പിൻമാറില്ല എന്ന കടുംപിടിത്തം വിവേകപൂർണമാണോ എന്നതാണ് പരിശോധിക്കേണ്ടത്. പദ്ധതി നിർമ്മാണം നിർത്തിവച്ച് പാരിസ്ഥിതിക സാമൂഹ്യ ആഘാതങ്ങൾ പഠനവിധേയമാക്കണം എന്ന ആവശ്യംപോലും സർക്കാർ പരിഗണിക്കുന്നില്ല. എത്ര ദൂരം മുന്നോട്ടു പോയാലും തെറ്റായ വഴിയിലൂടെയാണ് സഞ്ചരിക്കുന്നതെങ്കിൽ തിരിഞ്ഞു നടക്കുകയെ മാർഗമുള്ളൂ എന്നുള്ള സാമാന്യതത്ത്വം പോലും അവർ വിസ്മരിക്കുന്നു.

### മത്സ്യത്തൊഴിലാളികൾ നടത്തുന്ന വീറുറ്റ സമരത്തെ പിന്തുണയ്ക്കുക

ജീവിതദുരിതങ്ങൾ അസഹനീയമായപ്പോൾ മത്സ്യത്തൊഴിലാളികൾ വീറോടെ സമരരംഗത്ത് അണിനിരന്നിരിക്കുകയാണ്. അദാനി കൈക്കലാക്കിയ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന് മുന്നിൽ കഴിഞ്ഞ മൂന്നു മാസമായി നടക്കുന്ന സത്യഗ്രഹ സമരം തുടരുകയാണ്. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ, അദാനി തുറമുഖ നിർമ്മാണം നിറുത്തിവയ്ക്കണമെന്നതുൾപ്പെടെ ഏഴ് ഡിമാന്റുകൾ ഉന്നയിച്ചു കൊണ്ട് സെക്രട്ടേറിയറ്റിനു മുന്നിൽ 10 ദിവസത്തെ ശക്തമായ പ്രതിഷേധ സമരം നടന്നു. വിഴിഞ്ഞം തുറമുഖ കവാടത്തിന് മുന്നിൽ സമരം തുടരുന്നു. അദാനി കമ്പനിയുടെയും സർക്കാരിന്റെയും അവരുടെ പാർട്ടികളുടെയും ഭീഷണിയും കുതന്ത്രങ്ങളും അതിജീവിച്ച് സമരം മുന്നേറുകയാണ്. സമരം നേടിയ ജനപിന്തുണയും സർക്കാരിനോടും അദാനിയോടുമുള്ള രോഷവും അധികരിച്ചു വരുന്നതു കാരണം ചില ആനുകൂല്യങ്ങൾ പ്രഖ്യാപിക്കാൻ സർക്കാർ നിർബന്ധിതമായി. എന്നാലും മുഖ്യ ഡിമാന്റ് അംഗീകരിക്കാത്തതു കാരണം സമരം വർദ്ധിതവീര്യത്തോടെ തുടരുകയാണ്. കെ റയിൽ പദ്ധതി പോലെ, ജനങ്ങളുടെ ജീവിതം തകർക്കുന്ന വിധത്തിൽ കോർപ്പറേറ്റുകളും സർക്കാരും ചേർന്ന് ആനയിക്കുന്ന പദ്ധതികൾക്കെതിരെ കേരളമാകെ നടക്കുന്ന ജനകീയ സമരങ്ങളുമായി കണ്ണിചേർത്തുകൊണ്ട് വിഴിഞ്ഞത്തെ ജനകീയ സമരം വിജയത്തിൽ എത്തിക്കേണ്ട ഉത്തരവാദിത്തം ഏവരും നിർവഹിക്കണമെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റി നാടിന്റെ ഭാവിയിൽ താല്പര്യമുള്ള ഏവരോടും അഭ്യർത്ഥിക്കുന്നു. ■

## ശാസ്ത്രീയവും ഫലപ്രദവുമായ നടപടികളിലൂടെ പേപ്പട്ടി പ്രശ്നം പരിഹരിക്കുക – മെഡിക്കൽ സർവ്വീസ് സെന്റർ

**പേ**വിഷബാധയേറ്റ് ഈ വർഷം മാത്രം കേരളത്തിൽ മരിച്ചത് 21 പേരാണ്. ജനങ്ങളിൽ വലിയ പരിഭ്രാന്തിയാണ് തുടരെ തുടരെയുള്ള മരണങ്ങൾ സൃഷ്ടിച്ചിട്ടുള്ളത്. എന്നാൽ ഇത്രയൊക്കെ സംഭവിച്ചിട്ടും ശാസ്ത്രീയവും ഫലപ്രദവുമായ ഒരു നടപടിയും സ്വീകരിക്കാൻ സർക്കാർ തയ്യാറായിട്ടില്ല.

തെരുവ് പട്ടികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നതാണ് പ്രശ്നങ്ങളുടെ മൂലകാരണം. വന്ധ്യംകരണ ശ്രമങ്ങളൊന്നും വിജയിച്ചില്ല എന്നാണല്ലോ ഇതിനർത്ഥം. വൈറസ് വാഹകരായി പ്രവർത്തിക്കുന്ന തെരുവ് പട്ടികളുടെ വർദ്ധനവ് മനുഷ്യനിലേക്ക് റാബീസ് സംക്രമിക്കുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു. തെരുവ് പട്ടികളും വളർത്ത് മൃഗങ്ങളും ഇടപഴകി ജീവിക്കുന്ന ഇടങ്ങളിൽ വളർത്ത് മൃഗങ്ങളിലും പേവിഷബാധയുണ്ടാവുന്നു. ഇത് മനുഷ്യരിലേക്ക് പകരാനുള്ള എളുപ്പ വഴി തുറക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ താഴെ പറയുന്ന നിർദേശങ്ങൾ നടപ്പിലാക്കണമെന്നും കൂടുതൽ ഉചിതമായ നടപടികൾക്കായുള്ള പരിശ്രമങ്ങൾ നടത്തണമെന്നും മെഡിക്കൽ സർവ്വീസ് സെന്റർ സംസ്ഥാന കമ്മിറ്റി അഭ്യർത്ഥിക്കുന്നു. തെരുവ് പട്ടികളെ തെരുവുകളിൽ നിന്ന് മാറ്റാനുള്ള അടിയന്തര നടപടി സ്വീകരിക്കുക, പേവിഷബാധയ്ക്കുള്ള ചികിത്സ പഞ്ചായത്ത് തലത്തിൽ അടക്കം ലഭ്യമാണെന്ന് ഉറപ്പാക്കുക, മൃഗങ്ങളുടെ കടിയേറ്റാൽ നൽകേണ്ട പ്രാഥമിക ചികിത്സയെ സംബന്ധിച്ച ബോധവൽക്കരണം നടത്തുക. ■

# അധാർമ്മിക നിയമനങ്ങൾ: സർവകലാശാലകളെ കാൽക്കീഴിലാക്കാൻ പിണറായി സർക്കാരിന്റെ അഭ്യാസങ്ങൾ

**കേ**രളത്തിലെ സർവകലാശാലകളെ കാൽക്കീഴിലാക്കാനായി ഇടതുമുന്നണി സർക്കാർ നടത്തുന്ന വഴിവിട്ട നീക്കങ്ങളും പാർട്ടി ബന്ധുക്കൾക്കായി നടത്തുന്ന അധാർമിക നിയമനങ്ങളും സർവ്വ സീമകളും ലംഘിച്ച് തകർത്താടുകയാണ്. നിശ്ചിത അക്കാദമിക യോഗ്യതകൾ കൈവശമില്ലെങ്കിലും സർവകലാശാലകളിലെ ഉയർന്ന അധ്യാപക-അനധ്യാപക പദവികളിലേക്ക് സിപിഐ(എം) നിർദേശിക്കുന്ന അയോഗ്യർ പിൻവാതിലിലൂടെ കടന്നു കൂടുന്നു. നഗ്നമായ അത്തരം സ്വജനപക്ഷപാതത്തിനായി പിൻവാതിലുകൾ നിർമ്മിച്ച് തുറന്നു കൊടുക്കുന്നത് വൈസ് ചാൻസലർമാർ ഉൾപ്പെടെയുള്ളവരാണെന്നതാണ് ഏറെ അമ്പരപ്പിക്കുന്ന കാര്യം. പാർട്ടി ബന്ധുക്കൾക്കുവേണ്ടി നിയമങ്ങൾ വഴി മാറുന്നു. അവ യഥേഷ്ടം ഭേദഗതി ചെയ്യപ്പെടുന്നു. അതുമല്ലെങ്കിൽ ചട്ടങ്ങളെ നഗ്നമായി കാറ്റിൽപ്പറത്തുന്നു. എല്ലാ സാമ്പത്തിക ഇടപാടുകൾക്കും പിന്നിലെ ചാലകശക്തിയായി പ്രവർത്തിക്കുന്ന അഴിമതി നിർഭരമായ കുത്സിത രാഷ്ട്രീയ നീക്കങ്ങൾ ബന്ധുനിയമനങ്ങളിലും തെളിഞ്ഞു കാണാം. കടിഞ അജണ്ടകളോടെ കേന്ദ്ര ബിജെപി സർക്കാർ ദേശീയ തലത്തിൽ വ്യവസ്ഥകളെ കാറ്റിൽപറത്തുമ്പോൾ, അതിനെയും സംസ്ഥാനത്തെ ദുഷ്ചെയ്തികൾക്കായി നിർലജ്ജം പിണറായി സംഘം ഉപയോഗിക്കുന്നു.

സർവകലാശാല നിയമനങ്ങളിലെ അക്കാദമിക മാനദണ്ഡങ്ങളിൽ വെള്ളം ചേർത്ത്, അഭിമുഖ പരീക്ഷക്ക് പ്രാമുഖ്യം നൽകി, യുജിസി കേന്ദ്രസർക്കാർ വൃത്തങ്ങൾക്കുവേണ്ടി വളച്ചൊടിച്ച് തയ്യാറാക്കിയ 2018ലെ റെഗുലേഷൻ ഭേദഗതിയിലെ പഴുതുകൾ സിപിഐ(എം) കേന്ദ്രങ്ങൾ കേരളത്തിലെ സർവകലാശാലകളിൽ യാതൊരു തത്വദീക്ഷയുമില്ലാതെ നടപ്പാക്കിയതോടെയാണ് കാര്യങ്ങൾ വഷളായത്.

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി കെ.കെ.രാഗേഷിന്റെ ഭാര്യ പ്രിയ വർഗീസിന് അസ്സോസിയേറ്റ് പ്രൊഫസ്സർ പദവി നൽകാൻ എല്ലാ മാനദണ്ഡങ്ങളെയും മര്യാദകളെയും കീഴ്‌വഴക്കങ്ങളെയും കണ്ണൂർ സർവകലാശാല കാറ്റിൽ പറത്തിയത് എല്ലായിടവും നടന്നുവരുന്ന ബന്ധുനിയമനങ്ങളുടെ തുടർച്ചയെന്നോണമായിരുന്നു. പിണറായി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, സംസ്ഥാനത്തെ ഉന്നത സിപിഐ(എം) നേതാക്കളുടെ ഭാര്യമാർക്ക് വഴിവിട്ട് നിയമനം നൽകുന്ന ആറാമത്തെ സംഭവമാണിത്. അതിനു മുമ്പ്, പി.രാജീവ്, പി.കെ.ബിജു, എം.ബി.രാജേഷ് തുടങ്ങിയവരുടെയൊക്കെ ഭാര്യമാർക്ക് നൽകിയ നിയമനം വൻ വിവാദമായിരുന്നു.

പ്രിയയുടെ കാര്യത്തിലേക്ക് വന്നാൽ, കണ്ണൂർ സർവകലാശാലയിലെ മലയാളം വകുപ്പിലെ അസ്സോസിയേറ്റ് പ്രൊഫസ്സർ സ്ഥാനത്തേക്ക് അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറത്തു വരുന്നത് 2021 നവംബർ മാസമാണ്. നവംബർ 11ന് വിജ്ഞാപനം വരുന്നു, പിറ്റേ ദിവസം തിരക്കിട്ട് ഓൺലൈൻ അഭിമുഖം നടത്തുന്നു. തൊട്ടടുത്ത ദിവസം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നു. കേട്ടു കേൾവിയില്ലാത്ത വേഗത. ശ്രദ്ധേയമായകാര്യം, 2018ലെ യുജിസി റെഗുലേഷൻ പ്രകാരമായിരിക്കും നിയമനമെന്ന് വിജ്ഞാപനത്തിൽ പ്രത്യേകം എടുത്തു പറഞ്ഞിരുന്നുവെന്നതാണ്. കാരണം, അക്കാദമിക യോഗ്യതകളെ മറികടന്ന് അഭിമുഖ പരീക്ഷയെ മാത്രം അടിസ്ഥാനമാക്കി സ്വജന നിയമനം സുഗമമായി നടത്താൻ 2018ലെ റെഗുലേഷനിലെ പഴുത് ഉപയോഗിക്കുക എന്നതായിരുന്നു ലക്ഷ്യം.

ഒരാൾക്ക് അസോസിയേറ്റ് പ്രൊഫസ്സറായി സ്ഥാനക്കയറ്റം നൽകണമെങ്കിൽ അസിസ്റ്റന്റ് പ്രൊഫസറായി 8വർഷത്തെ അധ്യാപന പരിചയം ഉണ്ടാവണം. പിജി/നെറ്റ് എന്നിവകൂടാതെ, അതേ വിഷയത്തിലോ പ്രസക്ത വിഷയത്തിലോ നേടുന്ന പിഎച്ച്ഡിയും യുജിസി അംഗീകരിച്ചതോ പിയർ റിവ്യൂ ചെയ്യുന്നതോ ആയ ജേണലിൽ പ്രസീദ്ധീകരിക്കുന്ന നിശ്ചിത എണ്ണം പ്രബന്ധവും നിശ്ചിത അക്കാദമിക പ്രോഗ്രസ്സ് ഇൻഡെക്സ് സ്കോറും ഉണ്ടാകണം. അവയിൽ, റിസർച്ച് സ്കോറിന് ആനുപാതികമായി വെയിറ്റേജ് നൽകണമെന്ന് 2018ലെ റെഗുലേഷനിൽ പറയുന്നുണ്ടെങ്കിലും അവ എങ്ങനെ വേണമെന്ന കാര്യത്തിൽ യുജിസി ചട്ടങ്ങളിൽ വ്യക്തത നൽകിയില്ല. അന്തിമ മെറിറ്റ് നിശ്ചയിക്കുന്നതിന് ആധാരമാക്കുന്നത് അഭിമുഖമാണെന്ന് കൂടി പറഞ്ഞു വെച്ചതോടെ, കൃത്രിമങ്ങൾ കാട്ടാൻ സർവകലാശാലകളിലെ പാർട്ടി നോമിനികൾക്ക് എളുപ്പമായി.

ഗവേഷണ പ്രബന്ധങ്ങളും ഇതരപ്രസിദ്ധീകരണങ്ങളും അധ്യാപന പരിചയം ഉൾപ്പടെയുള്ളവയും സൂക്ഷ്മതയോടെ പരിശോധിച്ചതിനുശേഷം, അക്കാദമികമായി മെറിറ്റിൽ മുന്നിൽ വരുന്നവരെ മാത്രമാണ് ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തേണ്ടത്. റിസർച്ച് സ്കോറിൽ എത്ര മാർക്ക് നേടുന്നുവെന്നതും അധ്യാപന പരിചയത്തിൽ അനുഭവപരിചയം എത്രത്തോളം എന്നതും ഒക്കെ പരിഗണിച്ചാണ് പട്ടിക തയ്യാറാക്കേണ്ടത്.

മുൻകാലങ്ങളിൽ അത്തരം വസ്തുനിഷ്ഠമായ അക്കാദമിക പ്രവർത്തനങ്ങൾക്ക് 77മാർക്കും അഭിമുഖ പരീക്ഷകൾക്ക് 23 മാർക്കുമാണ് നിശ്ചയിക്കപ്പെട്ടിരുന്നത്. എന്നാൽ, പുതിയ റെഗുലേഷൻ ഭേദഗതി വന്നതോടെ അഭിമുഖത്തിലെ പ്രകടനം അന്തിമ പരിഗണനാമാനദണ്ഡമായി മാറി. നിയമനങ്ങൾക്കായി നിയോഗിക്കപ്പെടുന്ന സെലക്ഷൻ കമ്മിറ്റിയിൽ വരുന്നവർ പ്രത്യേകം നോമിനികളായി മാറിയതോടെ അക്കാദമിക യോഗ്യതകൾ താഴേക്കു പോകുന്ന സ്ഥിതി വന്നു. സർവകലാശാലകളിൽ സിപിഐ(എം) പാർട്ടി ബന്ധുക്കൾക്ക് അനധികൃതമായും അന്യായമായും കടന്നുവരാനുള്ള കവാടമാണത് തുറന്നു കൊടുത്തത്.

## എന്താണ് 2018ലെ യുജിസി റെഗുലേഷൻ കൊണ്ടുവന്ന മാറ്റം?

സർവകലാശാലകളിലെ പ്രൊഫസ്സർ, അസിസ്റ്റന്റ് പ്രൊഫസ്സർ, അസോസിയേറ്റ് പ്രൊഫസ്സർ തുടങ്ങിയ തസ്തികകളിലേക്ക് നിയമിക്കപ്പെടാൻ മികച്ച അക്കാദമിക നിലവാരമുള്ളപ്രസിദ്ധീകരണങ്ങളോ ഗവേഷണപ്രബന്ധങ്ങളോ അധ്യാപന പരിചയ കാലയളവോ ഒക്കെ അഭിമുഖത്തിന് ക്ഷണിക്കപ്പെടുന്നവരുടെ ചുരുക്കപട്ടിക നിർണയിക്കുന്നതിന് മാത്രമായി ചുരുക്കുന്നതാണ് 2018ലെ യുജിസി റെഗുലേഷൻ ഭേദഗതി ചെയ്തുവെച്ച ദ്രോഹം. നിയമനം, പൂർണമായും അഭിമുഖ മാർക്കിന്റെ മാത്രം അടിസ്ഥാനത്തിൽ നടത്താം എന്നതാണ് അതിനർത്ഥം. സെലക്ഷൻ കമ്മിറ്റിയിലേക്ക് നിയോഗിക്കപ്പെടുന്ന, കക്ഷി രാഷ്ട്രീയ താല്പര്യം പേറുന്നവർക്ക്, എത്ര ഉയർന്ന അക്കാദമികയോഗ്യതയുള്ള അധ്യാപകരെയും പുറത്തിരുത്താം എന്ന സ്ഥിതി വന്നുചേർന്നു. ബിജെപിയും കേന്ദ്രസർക്കാരും വിവിധ കേന്ദ്രസർവകലാശാലകളിൽ തങ്ങളുടെ ഇഷ്ടക്കാരെ തിരുകിക്കയറ്റാൻ ഈ പഴുത് ഉപയോഗിക്കുന്നു. അടിസ്ഥാന യോഗ്യതയിൽ തുല്യത പാലിക്കുന്ന അനേകം അപേക്ഷകരിൽനിന്ന് ആരെ തെരഞ്ഞെടുക്കണം എന്നതിന്റെ മാനദണ്ഡത്തിലാണ് കേവല അഭിമുഖത്തെ നിർണായകമാക്കി മാറ്റുന്ന സാഹചര്യം മനഃപൂർവ്വം സൃഷ്ടിക്കപ്പെട്ടത്.

2012ലെ യുജിസി റെഗുലേഷനിൽ ഉണ്ടായിരുന്ന മറ്റ് വ്യവസ്ഥകൾ ഇപ്പോഴും നിലവിലുണ്ട്. അപേക്ഷകരിൽനിന്ന് റിസർച്ച് സ്കോറിന്റെ അടിസ്ഥാനത്തിൽ ചുരുക്കപട്ടികയിൽ വരുന്ന മികച്ചവർക്ക് മുൻഗണന നൽകണം എന്നതായിരുന്നു അതിൽ പ്രധാനം. പക്ഷേ, അതിലൊക്കെ അട്ടിമറി നടത്താൻ അവസരം ഒരുക്കുന്ന വിധത്തിലാണ് അഭിമുഖത്തെ അന്തിമ മാനദണ്ഡമാക്കിയ കേന്ദ്ര നടപടി. പ്രിയ വർഗീസിന്റെ കേസിൽ സംഭവിച്ചതും അതാണ്. പട്ടികയിൽ മികച്ച അക്കാദമിക സ്കോറുള്ള മറ്റ് പലരും ഉണ്ടായിരിക്കെ,651 സ്കോറുള്ള ആളെ പിന്തള്ളി 156 സ്കോർ മാത്രമുള്ള പ്രിയയെ ഒന്നാം റാങ്കുകാരിയാക്കി നിയമനം നടത്താൻ കണ്ണൂർ വൈസ് ചാൻസലർ നേതൃത്വം നൽകിയത് പുതിയ വ്യവസ്ഥകൾ ഉപയോഗിച്ചാണ്. മുമ്പൊന്നും ഇത്രമേൽ സങ്കുചിത പാർട്ടിതാല്പര്യം മാത്രം മുൻനിർത്തി സർവകലാശാലകളിൽ പരസ്യമായി നിയമനം നടത്താൻ കഴിയുന്ന സാഹചര്യം ഉണ്ടായിരുന്നില്ല. പിണറായി സർക്കാരിന്റെ രണ്ടാം വരവോടെ എല്ലാ ജനാധിപത്യ മര്യാദകളും കീഴ്‌വഴക്കങ്ങളും ചവിട്ടിമെതിക്കപ്പെടുന്ന കാഴ്ചയാണ് എല്ലായിടത്തുമെന്നപോലെ സർവകലാശാലകളിലും കാണുന്നത്.

## ഗവർണറും സർക്കാരും തമ്മിൽ ഏറ്റുമുട്ടൽ?

പരിപൂർണ്ണമായി, സ്വതന്ത്രമായും ജനാധിപത്യപരമായും പ്രവർത്തിക്കേണ്ട ഉന്നത വിദ്യാഭ്യാസ രംഗത്തെ സ്വയംഭരണ സ്ഥാപനങ്ങളാണ് സർവ്വകലാശാലകൾ. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സർവകലാശാലകളുടെ ഒരു വിധ പ്രവർത്തനങ്ങളിലും നേരിട്ടോ അല്ലാതെയോ ഇടപെടാൻ പാടില്ലായെന്നത് അലംഘനീയമായ സങ്കല്പമാണ്. ചാൻസലർപോലും സർക്കാർ പ്രതിനിധിയാകാൻ പാടില്ല. സർവ്വകാലശാലകൾക്കുള്ളിലെ ഒരു ആഭ്യന്തര മേൽനോട്ടക്കാരന്റെ സ്ഥാനം ചാൻസലർക്ക് കൽപ്പിച്ചു കൊടുക്കുന്നതുപോലും വൈസ് ചാൻസലർ പോലെയുള്ള നിയമന കാര്യങ്ങളിൽ മാത്രമാണ്. അവയിൽ സർക്കാർ ഇടപെടൽ ഒഴിവാക്കാൻ ഔപചാരികമായ ചുമതല ചാൻസലർക്ക് നൽകുന്ന ഒരു നിയമം 1957ൽ കേരള നിയമസഭ പാസ്സാക്കുകയുണ്ടായി. ആ നിയമപ്രകാരം, ഗവർണർ ആയിരിക്കും കേരളത്തിലെ എല്ലാ സർവകലാശാലകളുടെയും ചാൻസലർ എന്ന് വ്യവസ്ഥ ചെയ്തു(അടുത്ത കാലത്ത് വന്ന നുവാൽസ്(NUALS) ഒഴികെ).

സാധാരണഗതിയിൽ വൈസ് ചാൻസലർ നിയമനം, ചില സർവ്വകലാശാലകളിലെ ബോർഡ് ഒഫ് സ്റ്റഡീസ് അംഗങ്ങളുടെ നിയമനം എന്നിവക്ക് ചാൻസലറുടെ ഔപചാരിക അംഗീകാരം ആവശ്യമാണ്. സെനറ്റിന്റെയും യുജിസിയുടെയും ചാൻസലറുടെയും നോമിനികൾ അടങ്ങിയ സെർച്ച് കം സെലക്ഷൻ കമ്മിറ്റി നിർദ്ദേശിക്കുന്ന മൂന്ന് അംഗ പാനലിൽ നിന്ന് ഉയർന്ന യോഗ്യതയുള്ള ഒരാളെ വിസി ആയി നിയമിക്കുന്നതാണ് കീഴ്‌വഴക്കം. മുൻകാലങ്ങളിൽ മഹാപ്രതിഭകളും അത്യുന്നത വ്യക്തിത്വങ്ങളും മാത്രമാണ് വൈസ് ചാൻസലർമാരായി നിയമിതരാകാറുണ്ടായിരുന്നത്. എന്നാൽ സമീപകാലത്ത്, സർക്കാരിന്റെ കക്ഷി രാഷ്ട്രീയ, ജാതി പരിഗണനകളുടെ അടിസ്ഥാനത്തിലാണ് വൈസ് ചാൻസലർമാരെ നിയമിതരാകുന്നത്.

കേന്ദ്ര ബിജെപി സർക്കാരിന്റെ നോമിനിയും തനി രാഷ്ട്രീയക്കാരനുമായതിനാൽ കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പിണറായി സർക്കാരിന്റെ ചില 'തെരഞ്ഞെടുക്കപ്പെട്ട' ക്രമക്കേടുകൾക്കെതിരെ പരസ്യമായി രംഗത്തു വന്നുവെന്നതാണ് സമീപകാലത്ത് സർക്കാരിന് തലവേദന സമ്മാനിച്ച ഒരു രാഷ്ട്രീയസംഭവവികാസം. ഗവർണറും സർക്കാരും തമ്മിലുള്ള ഒരു രാഷ്ട്രീയപ്പോര് എന്നതിന് അപ്പുറം അതിന് തത്വാധിഷ്ഠിതമായ അടിസ്ഥാനങ്ങൾ ഒന്നുമില്ല. എന്നാൽ, അതിനിടയിൽ, ചാൻസലർ എന്ന നിലയിൽ ചൂണ്ടിക്കാണിച്ച നിയമന ക്രമക്കേടുകൾ വസ്തുതാപരമായി ശരിയും അഭിസംബോധന ചെയ്യപ്പെടേണ്ടവയുമാണ്. ഗവർണർ, പിന്നീട് സർക്കാരുമായി പതിവ്വ് പോലെ സന്ധി ചെയ്തേക്കാം. എന്നാൽ, പതിറ്റാണ്ടുകളായി സിപിഐ(എം) നിയന്ത്രിക്കുന്ന കേരളത്തിലെ സർവകലാശാലകളിൽ അവരുടെ ഇഷ്ടക്കാരെ മെരിറ്റ് നോക്കാതെ നിയമിക്കുന്ന താൻപ്രമാണിത്തത്തെ ഗവർണറുടെ രാഷ്ട്രീയ അപ്രമാദിത്വം തല്ക്കാലം ചോദ്യം ചെയ്തുവെന്നതാണ് സംഭവിച്ചത്. അതിലൂടെ, സേവ് യൂണിവേഴ്സിറ്റി ക്യാമ്പയിൻ കമ്മിറ്റിയും അക്കാദമിക രംഗത്തെ സത്യസന്ധരും കാലങ്ങളായി ഉയർത്തിക്കൊണ്ടുവന്ന നിയമനത്തട്ടിപ്പുകൾ സമൂഹത്തിൽ ചർച്ചയാകുന്നതിന് വഴിയൊരുക്കാൻ കഴിഞ്ഞു. പ്രിയ വർഗീസിന്റെ രാഷ്ട്രീയ നിയമനത്തെ ഹൈക്കോടതി തടഞ്ഞതുവഴി മെറിറ്റിന്റെ പ്രാധാന്യം ഉദ്ഘോഷിക്കാനും ഇടയാക്കി എന്നതാണ് അതിന്റെ ഗുണഫലം.

## അഴിമതി തടയൽ നിർമാർജ്ജനം ചെയ്യാൻ സിപിഐ(എം)

എന്നാൽ, നിയമന ക്രമക്കേടുകൾക്കെതിരെ ചാൻസലർ ശബ്ദം ഉയർത്തിയതിനോടുള്ള വൈരാഗ്യമെന്നോണം ചാൻസലറുടെ പരിമിതമായ അധികാരംപോലും വെട്ടികുറയ്ക്കാൻ ഓർഡിനൻസ് കൊണ്ടുവരാനാണ് ആദ്യം സർക്കാർ ഒരുങ്ങിയത്. അധികാരം എടുത്തു കളയുന്ന ഓർഡിനൻസിൽ ഗവർണർ ഒപ്പു വെക്കില്ല എന്ന് മനസ്സിലാക്കിയ സിപിഐ(എം)ലെ രാഷ്ട്രീയ ദുശ്ശാസനന്മാർ അതൊരു ബില്ലാക്കി നിയമസഭയിൽ അവതരിപ്പിച്ച്, ഭൂരിപക്ഷം ഉപയോഗിച്ച്, പാസ്സാക്കുകയായിരുന്നു. ബില്ലിന്റെ പ്രധാന ലക്ഷ്യം വൈസ് ചാൻസലർ സ്ഥാനത്തേക്ക് സർക്കാറിന്റെ ഇഷ്ടക്കാരെ

(ശേഷം 5-ാം പേജിൽ)

# ജനാധിപത്യമര്യാദകൾ കാറ്റിൽ പറത്തി അധികാര ദുർവിനിയോഗത്തിന്റെ പ്രതിരൂപമാകുന്ന പിണറായി സർക്കാർ

(4-ാം പേജിൽ നിന്ന്)

നിയമിക്കാൻ തടസം നിൽക്കുന്ന ചാൻസലറുടെ വിവേചനാധികാരം ഇല്ലാതാക്കുക എന്നതാണ്. അതിന്റെ ഭാഗമായി, സർക്കാർ നിയോഗിച്ച ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മിറ്റി റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു: "സർവകലാശാല സമിതികളുടെ ഏതെങ്കിലും നടപടിക്രമം ആക്ടിനോ അതിന് അനുസൃതമായി രൂപപ്പെടുത്തിയ ചട്ടങ്ങൾക്കോ അനുരൂപമല്ലാത്തതാണെങ്കിൽ അവ റദ്ദ് ചെയ്യാനുള്ള ചാൻസലറുടെ വിവേചനാധികാരം റദ്ദ്ചെയ്യണം".

പാസാക്കിയ ബില്ല് പ്രകാരം, സെർച്ച് കം സെലക്ഷൻ കമ്മിറ്റിയിലെ അംഗങ്ങളുടെ എണ്ണം മൂന്നിൽ നിന്ന് അഞ്ചാക്കി മാറ്റാനും അതിലേക്ക് സംസ്ഥാന സർക്കാരിന്റെ രണ്ട് പുതിയ നോമിനികളെക്കൂടി ചേർക്കാനും കഴിയും. ഉന്നത വിദ്യാഭ്യാസ കൗൺസിൽ പ്രതിനിധിയും സർക്കാർ നോമിനിയുംകൂടി വരുന്നതോടെ ഭൂരിപക്ഷം സർക്കാർ/പാർട്ടി പ്രതിനിധികളാവും. ഭൂരിപക്ഷ നിർദ്ദേശം ചാൻസലർ അംഗീകരിച്ച് ഒപ്പ് വെക്കണം. അതിനിടയിൽ ഗവർണർ, ബില്ല് പാസ്സാകുന്നതിന് മുമ്പ്, സംസ്ഥാന സർക്കാരിനെ വെട്ടാൻ സംഘപരിവാർ പ്രതിനിധിയെ കേരള സർവകലാശാലയിൽ വൈസ് ചാൻസലറാക്കാനുള്ള നീക്കങ്ങളിലാണ്. പുതിയ ബില്ലിൽ ഒപ്പിടില്ല എന്ന നിലപാടും ആവർത്തിക്കുന്നു. സംഘപരിവാർ പ്രതിനിധിയെ കേരള യൂണിവേഴ്സിറ്റിയിൽ വൈസ് ചാൻസലർ ആയി ഗവർണർ ഏകപക്ഷീയമായി നിയമിക്കുന്ന സ്ഥിതി വന്നാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്തം പിണറായി സർക്കാറിനായിരിക്കും. തുരുമ്പുകൊണ്ട് എടുക്കേണ്ടതിനെ തുമ്പ കൊണ്ടു എടുക്കുന്നുവെന്ന് പറഞ്ഞാൽ മതിയല്ലോ.

## ലോകായുക്തയെ വന്ധ്യംകരിച്ച് പിണറായി സംഘം

മന്ത്രിമാർ ഉൾപ്പെടെയുള്ള പൊതുപ്രവർത്തകരുടെ അഴിമതി തടയുന്നതിന് ഇരുപത്തി മൂന്നു വർഷങ്ങൾക്ക് മുമ്പുണ്ടായിരുന്ന ഒരു ഇടതുമുന്നണി സർക്കാർ കേരള നിയമസഭയിൽ പാസ്സാക്കിയെടുത്തതാണ് ലോകായുക്ത നിയമം. എന്നാൽ, സ്വന്തം അഴിമതി പിടിക്കപ്പെടുകയും മന്ത്രിസ്ഥാനം നഷ്ടപ്പെടുകയും ചെയ്യുമെന്ന ഭീതി ആ നിയമത്തെ തന്നെ അപ്രസക്തമാക്കുന്ന വിധമൊരു ഭേദഗതി കൊണ്ടുവരാൻ മുഖ്യമന്ത്രി പിണറായി വിജയനെ നിർബന്ധിതനാക്കി. ഉന്നതരുടെ അഴിമതി തടയുന്ന ഒരു നിയമവും വെച്ചുവാഴിക്കില്ലയെന്നതാണ് നയം. അഴിമതി തടയൽ നിയമങ്ങളെ നിർമാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമാണത്.

മുഖ്യമന്ത്രിയടക്കമുള്ള മന്ത്രിമാർ പൊതുഖജനാവിലെ ഫണ്ട് ദുർവിനിയോഗം ചെയ്തെന്ന് ലോകയുക്ത വിധിച്ചാൽ തൽസ്ഥാനം രാജിവെക്കണമെന്ന വ്യവസ്ഥ ഒഴിവാക്കുന്ന പതിനാലാം വകുപ്പ് അടങ്ങിയ ഭാഗമാണ് പുതിയ ബില്ലിലൂടെ പിണറായി സർക്കാർ ഇല്ലാതാക്കിയത്. അങ്ങനെയൊരു വിധി വന്നാൽ ഇനിമേൽ, അന്തിമ തീരുമാനം എടുക്കാനുള്ള അപ്പലേറ്റ് അധികാരം മുഖ്യമന്ത്രിക്കും സംസ്ഥാന സർക്കാരിനും അനുവദിച്ചു നൽകുന്നതാണ് ഭേദഗതി. അതുപ്രകാരം, വിധി സ്വീകരിക്കുകയോ തള്ളുകയോ ചെയ്യാനുള്ള അധികാരം സർക്കാരിന് കൈവരും, ഗവർണർ ബില്ലിൽ ഒപ്പിട്ടാൽ.

ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ജനങ്ങളിൽ നിന്ന് ദുരിതശ്വാസ നിധിയിലേക്ക് സമാഹരിച്ച കോടിക്കണക്കിന് രൂപ ദുർവിനിയോഗം നടത്തിയെന്ന കേസിൽ മുഖ്യമന്ത്രി ഉൾപ്പടെ 18 മന്ത്രിമാരെ പ്രതിചേർത്ത് ഫയൽ ചെയ്യപ്പെട്ട കേസ് സമ്മർദ്ദങ്ങൾ മൂലം വിധി പറയാതെ നീട്ടിക്കൊണ്ട് പോവുകയാണ്. 2018 സെപ്റ്റംബർ മാസം ഫയൽ ചെയ്ത കേസ്സിൽ 2022 മാർച്ച് മാസം ഫൈനൽ വിധി പറയാൻ രണ്ട് അംഗ പാനൽ പോസ്റ്റ് ചെയ്തെങ്കിലും ചിറകരിയപ്പെട്ട ലോകായുക്തയിൽ നീതി അകലെ ആയിക്കഴിഞ്ഞു.

ബന്ധുനിയമനത്തിൽ അധികാര ദുർവിനിയോഗം നടന്നുവെന്ന് ലോകയുക്ത വിധിച്ചപ്പോൾ മന്ത്രി കെ.ടി.ജലീലിന് രാജിവെക്കേണ്ടി വന്ന അനുഭവം പിണറായിയുടെ നെഞ്ചിടിപ്പ് കൂട്ടുന്നുണ്ട്. അഴിമതിക്ക് കുട പിടിക്കുകയും ഖജനാവ് കൊള്ളയടിക്കുകകയും ചെയ്യുക മാത്രമല്ല ഒരിക്കലും ശിക്ഷിക്കപ്പെടില്ലായെന്ന് ഉറപ്പാക്കുകയും കൂടി ചെയ്യുന്ന പിണറായിയും ക്രിമിനൽസംഘവും. അപ്പോൾ, ആഗസ്റ്റ് മാസം അന്യായമായി പാസ്സാക്കപ്പെട്ട രണ്ടു നിയമ ഭേദഗതികളും അനിഷേധ്യമായി തെളിയിക്കുന്ന കാര്യം പിണറായി സർക്കാർ ജനദ്രോഹത്തിന്റെയും വഞ്ചനയുടെയും കൊള്ളയുടെയും അഴിമതിയുടെയും കാര്യത്തിൽ മറ്റെല്ലാ മുൻ സർക്കാരുകളെയും ബഹുദൂരം പിന്നിലാക്കിയിരിക്കുന്നുവെന്നാണ്. മടിയിൽ കനമുള്ളവനെ വഴിയിൽ പേടിക്കേണ്ടതുള്ളുവെന്ന് പിണറായിയുടെ മുഖം വെച്ച് വീമ്പിളക്കുന്ന പാർട്ടി പരസ്യം വഴിനീളെ വെച്ച് നാട്ടുകാരെ കബളിപ്പിക്കുന്ന കമ്പനിക്ക് അറിയുമോ ഈ മനുഷ്യനും കൂട്ടരും വഴിയിൽ മാത്രമല്ല ഭയപ്പെടുന്നതെന്ന്?

വൻ അഴിമതിയും ഖജനാവിൽ കൊള്ളയും നടത്തി കടന്നു കളയുന്നവരെ സംരക്ഷിക്കാൻ വേണ്ടി മാത്രം നിർലജ്ജം നിയമവാഴ്ചയെപോലും അവസാനിപ്പിക്കാൻ, മോദിയെപോലെ, പിണറായിയും കൂട്ടരും നടത്തുന്ന നീക്കങ്ങൾ ജനങ്ങളിൽ സൃഷ്ടിക്കുന്ന അവമതിപ്പ് എത്രമാത്രമെന്ന് ചിന്തിക്കാനെങ്കിലും ഈ നേതാക്കൾക്ക് കഴിയുന്നുണ്ടോ? ഇടതുപക്ഷ രാഷ്ട്രീയത്തിന് ഈ ക്രിമിനൽ സംഘങ്ങൾ വരുത്തുന്ന ഹാനി പറഞ്ഞറിയിക്കാൻ കഴിയുന്നതല്ല. കേരളത്തിന്റെ ഇടതുപക്ഷ മനഃസാക്ഷി ഉണർന്നു എഴുന്നേൽക്കേണ്ടിയിരിക്കുന്നു.

ജനദ്രോഹകരവും അധാർമ്മികവുമായ ഈ ഇടതുമുന്നണി ഭരണം ഇടതുപക്ഷ രാഷ്ട്രീയവുമായി പുലബന്ധം പോലും പുലർത്തുന്നില്ല. അഴിമതിയിൽ ഉരുളുന്നതും അസന്മാർഗികതയിൽ ആറാടുന്നതുമായ ക്രിമിനൽ മൂലധന വാഴ്ചയാണിത്. പ്രബുദ്ധമായ ഇടതുപക്ഷ ജനാധിപത്യ മുന്നേറ്റത്തിലൂടെ ഈ ദുർഭരണത്തിന് അന്ത്യം കുറിക്കാൻ സമയം അതിക്രമിച്ചിരിക്കുന്നു. ■

## ബിൽക്കീസ് ബാനു
## നീതി നിഷേധത്തിന്റെ ഭീകര മുഖം

(1-ാം പേജിൽ നിന്ന്)

ഇരുനൂറോളം വർഷത്തെ ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്ന് ലക്ഷക്കണക്കിനാളുകളുടെ ജീവൻ കൊടുത്തു നേടിയ സ്വാതന്ത്ര്യം പുലർന്നപ്പോൾത്തന്നെ, ഭരണത്തിലേറിയ ബൂർഷ്വാസിയുടെ താല്പര്യാർത്ഥം രാജ്യം വിഭജിക്കപ്പെടുകയും ലക്ഷക്കണക്കിനാളുകൾ ഒരു രാത്രി കൊണ്ട് അഭയാർത്ഥികളായി മാറുകയും ചെയ്തിരുന്നു. തീവ്രമായ നിരാശയിൽപ്പെട്ട ആ ജനത ആരുടെയൊക്കെയോ പ്രേരണയാൽ ഒരു വർഗ്ഗീയ കലാപത്തിലേക്കെടുത്തെറിയപ്പെട്ടു. സ്വതന്ത്ര ഭാരതം പിറന്നു വീണതുതന്നെ അങ്ങനെ ഒരു വർഗ്ഗീയ കലാപത്തിലേക്കായിരുന്നു. വിഭജനത്തിന്റെ മുറിവുകൾ ഉണങ്ങാതെ വ്രണമായി ഇന്ത്യൻ മനസ്സുകളിൽ ഇന്നും നിലകൊള്ളുന്നുണ്ട്. പിന്നീട് 1984ൽ ഇന്ദിരാഗാന്ധി വധിക്കപ്പെട്ടതിനു ശേഷം ഡൽഹിയിൽ സിക്കുകാർക്കെതിരെ ആസൂത്രിതമായ ആക്രമണം നടന്നു. അത്, പക്ഷേ വർഗ്ഗീയ കലാപമായിരുന്നില്ല. ഒരു മതവിഭാഗത്തിനെതിരെ, കോൺഗ്രസ്സിന്റെ നേതാക്കൾ നേരിട്ടാസൂത്രണം ചെയ്ത വംശഹത്യ തന്നെയായിരുന്നു. എന്നാൽ 2002ലെ ഗോധ്ര തീവണ്ടി തീവെപ്പിനെത്തുടർന്ന് മുസ്ലിങ്ങൾക്കെതിരെ സംഘപരിവാർ ശക്തികൾ പോലീസിന്റെയും ഭരണ സംവിധാനത്തിന്റെയും മൗനാനുവാദത്തോടെ നടത്തിയ വംശഹത്യ, ക്രൂരതയുടെ കാര്യത്തിൽ നാസി ജർമ്മനിയിലെ ജൂതവേട്ടയുടെ ഒരു ലഘുപതിപ്പായിരുന്നു.

മുസ്ലീംവിരുദ്ധവികാരം ആളിക്കത്തിച്ച്, അതുവഴി ഹിന്ദു ഭൂരിപക്ഷ വികാരത്തെ ഉത്തേജിപ്പിക്കുകയും സമൂഹത്തെ വർഗ്ഗീയമായി ധ്രുവീകരിക്കുകയും ചെയ്തുകൊണ്ട് തെരഞ്ഞെടുപ്പു നേട്ടമുണ്ടാക്കാനുള്ള പദ്ധതികൾ 1980 കളിൽത്തന്നെ ബിജെപി ആരംഭിച്ചിരുന്നു. അക്രമോത്സുകമായ രഥയാത്രയിലൂടെ എൽ.കെ. അദ്വാനി ഉത്തരേന്ത്യയിൽ ഈ ധ്രുവീകരണം സൃഷ്ടിക്കുകയും ഇന്ത്യൻ മതേതര മനഃസാക്ഷിയെ കീറിമുറിച്ചുകൊണ്ട് 1992ൽ ബാബരി മസ്ജിദ് തകർക്കുകയും ചെയ്തു. ബിജെപി പിന്നീട് കേന്ദ്രഭരണം പിടിച്ചെടുക്കുന്നതിന് അടിത്തറയായി ഇത് മാറി. എന്നാൽ ഫാസിസ്റ്റു മനോഘടന സമൂഹത്തിൽ വ്യാപിപ്പിക്കുന്നതിന്റെയും ഫാസിസത്തിന്റെ അടിത്തറയൊരുക്കുന്നതിന്റെയും പരീക്ഷണശാലയായി നരേന്ദ്ര മോദി ഭരിക്കുന്ന ഗുജറാത്ത് പിന്നീടു മാറുന്നതാണു നാം കാണുന്നത്. 2002ലെ മുസ്ലീം വംശഹത്യ അങ്ങനെ ആസൂത്രണം ചെയ്യപ്പെട്ട ഒന്നായിരുന്നു. കലാപത്തിനാധാരമായി പറയപ്പെട്ടുന്ന ഗോധ്ര തീവണ്ടി തീവെപ്പു സംഭവത്തിൽ ആരാണ് തീവച്ചതെന്നോ എങ്ങനെയാണതു നടന്നതെന്നോ ഇന്നും ദുരൂഹമാണ്. ഇപ്പോൾ ജയിലിലടക്കപ്പെട്ടിരിക്കുന്ന, കലാപകാലത്ത് അഹമ്മദാബാദിലെ എഡിജിപി ആയിരുന്ന ആർ.ബി. ശ്രീകുമാർ, " ഗുജറാത്ത് തിരശ്ശീലയ്ക്കു പിന്നിൽ" എന്ന പുസ്തകത്തിലൂടെ കലാപത്തിന്റെ നിരവധി ഉൾപ്പിരിവുകൾ വെളിപ്പെടുത്തിയിട്ടുണ്ട്. ഗോധ്ര സംഭവത്തിൽ, മരിച്ചവരുടെ മൃതദേഹങ്ങൾ ബന്ധുക്കൾക്കു കൈമാറുക എന്നതാണു നിയമമെങ്കിലും അതു ലംഘിച്ച് വിഎച്ച്പി നേതാക്കൾക്കു കൈമാറുകയും, അഹമ്മദാബാദ് നഗരത്തിലൂടെ പ്രദർശനം നടത്തി, കലാപാഹ്വാനം നൽകുന്ന വിധത്തിൽ വികാരത്തെ ആളിക്കത്തിക്കാനവസരം നൽകുകയും ചെയ്തു ഗുജറാത്ത് പോലീസ്. തുടർന്നു നടന്നത് മനുഷ്യത്വം മരവിച്ചു പോകുന്ന കലാപമായിരുന്നു.



ബിൽകിസ് ബാനു കേസിലെ പ്രതികളെ മോചിപ്പിച്ച ഗുജറാത്ത് സർക്കാരിന്റെ നടപടി റദ്ദു ചെയ്യണം എന്നാവശ്യപ്പെട്ടുകൊണ്ട് അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയും സ്ത്രീ സുരക്ഷാ സമിതിയും സംയുക്തമായി കണ്ണൂർ കാൾടെക്സിൽ സംഘടിപ്പിച്ച പ്രതിഷേധ യോഗം ഡോ.ഡി. സുരേന്ദ്രനാഥ് ഉദ്ഘാടനം ചെയ്യുന്നു.

ഭരണസംവിധാനം കലാപം വ്യാപിപ്പിക്കുന്നതിനു ചൂട്ടുപിടിക്കുകയോ മൗനാനുവാദം നൽകുകയോ ചെയ്തു എന്നതിന് ഉപോദ്ബലകമായി നിരവധി തെളിവുകൾ ശ്രീകുമാർ നൽകുന്നുണ്ട്. എന്നാൽ പിന്നീട് അന്വേഷണം നടത്തിയ പ്രത്യേകാന്വേഷണ സംഘം ശ്രീകുമാറിനെ സാക്ഷിയാക്കുകയോ മൊഴിയെടുക്കുകയോ ചെയ്തില്ല. അങ്ങനെ ആ തെളിവുകളൊന്നും വിചാരണക്കോടതിയിലെത്തിയില്ല.

ഇരയായവർക്കു പരാതി കൊടുക്കാനോ നിയമ നടപടികളുമായി മുന്നോട്ടു പോകാനോ കഴിയാത്ത സാഹചര്യം സംഘപരിവാറും പോലീസും ചേർന്ന് പിന്നീടു സൃഷ്ടിച്ചു. സകല പ്രതിബന്ധങ്ങളെയും കടന്നു കോടതിയിലെത്തിയ കേസുകളിൽ ഭൂരിഭാഗം പരാതിക്കാരെയും സാക്ഷികളെയും ഭീഷണിപ്പെടുത്തി പിന്തിരിപ്പിച്ചു. ഗുജറാത്തിൽ നീതിപൂർവ്വമായ വിചാരണ നടക്കില്ല എന്ന ബോധ്യത്തിൽ ബിൽക്കീസ് ബാനു കേസിന്റെ വിചാരണ സുപ്രീം കോടതി നിർദ്ദേശപ്രകാരം മഹാരാഷ്ട്രയിലാണു നടന്നത്. മാനഭംഗപ്പെടുന്ന ജാതി-മത ന്യൂനപക്ഷങ്ങളിലെ ഇരകളെ സംബന്ധിച്ചിടത്തോളം ഈ നിയമനടപടികളിലേക്കു പോകുക എന്നത് നമ്മുടെ നാട്ടിലെ സാമൂഹിക-രാഷ്ട്രീയ സാഹചര്യത്തിൽ യാതനാപൂർണ്ണമായ അഗ്നിപരീക്ഷയാണ്. ബലാൽസംഗം എന്നത് സാമൂഹികമായ അടിച്ചമർത്തലിന്റെ ആയുധമാണ് എന്നതുതന്നെ കാരണം. വർണ്ണ-വർഗ്ഗ-ആണത്ത അധികാരം അടിച്ചേല്പിക്കുന്ന, കൊലയ്ക്കു തുല്യമായ പ്രകടനമാണത്. തന്റെ ജീവനുനേരേ പലവട്ടം ഭീഷണി നേരിട്ട ബിൽക്കീസ് ബാനുവിന് സ്വരക്ഷയ്ക്കായി വാസസ്ഥലം നിരന്തരം മാറി അലയേണ്ടിവന്നു. അജ്ഞാതവാസത്തിൽ പലനാൾ കഴിഞ്ഞു. അങ്ങനെ അങ്ങേയറ്റത്തെ പ്രതിസന്ധികൾ മറികടന്നാണ് വിചാരണ പൂർത്തിയായതും ഈ പ്രതികളെ പ്രത്യേക സിബിഐ കോടതി ജീവപര്യന്തം തടവിനു ശിക്ഷിച്ചതും.

തടവുകാരിലാരൊളായ രാധേശ്യാം ഭഗവൻദാസ് ഷാ എന്നയാൾ തനിക്കു ശിക്ഷയിളവ് നൽകണമെന്നപേക്ഷിച്ചുകൊണ്ട് സുപ്രീം കോടതിയെ സമീപിച്ചതിനെത്തുടർന്നാണ് കഴിഞ്ഞ മെയ് 13ന്

(ശേഷം 6-ാം പേജിൽ)

**ബിൽക്കീസ് ബാനു**

**നീതി നിഷേധത്തിന്റെ ഭീകര മുഖം**

# യഥാർത്ഥ പ്രശ്നങ്ങളിൽനിന്ന് ശ്രദ്ധ തിരിക്കാൻ ഭരണവർഗ്ഗം വർഗ്ഗീയ വികാരം ആളിക്കത്തിക്കുന്നു

*(5–ാം പേജിൽ നിന്ന്)*

സുപ്രീം കോടതി അത് പരിഗണിക്കണമെന്ന ഗുജറാത്ത് സർക്കാരിനോടാവശ്യപ്പെടുന്നത്. തടവുകാരെ കാലാവധിക്കുമുമ്പേ വിട്ടയയ്ക്കുന്നതിനായി ഗുജറാത്തിൽ 1992ൽ നിലവിൽ വന്ന നയത്തിനനുസരിച്ച് രണ്ടു മാസത്തിനുള്ളിൽ ഈ അപേക്ഷ പരിഗണിക്കണമെന്നും തീരുമാനമെടുക്കണമെന്നും കോടതി പറഞ്ഞു. അങ്ങനെയാണിവരെ വിട്ടയയ്ക്കാൻ ഗുജറാത്തിലെ ബിജെപി സർക്കാർ തീരുമാനിക്കുന്നത്.

ജയിൽ ഒരു സംസ്ഥാന വിഷയമായതിനാൽ തടവുകാരെ വിട്ടയയ്ക്കുന്നതിനുള്ള നയം രൂപീകരിക്കേണ്ടതുംസംസ്ഥാനസർക്കാരാണ്. തടവുകാർക്കു ശിക്ഷയിളവ് നൽകുന്നതിനായുള്ള നയം ഗുജറാത്ത് സർക്കാർ 2014ൽ പരിഷ്കരിച്ചിരുന്നു. മാറിയ നിബന്ധനകൾ പ്രകാരം കൊലപാതകം, ബലാൽസംഗം തുടങ്ങിയ കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെട്ടവർക്കു ശിക്ഷയിളവ് ലഭിക്കാനർഹതയില്ല. എന്നാലിതു പരിഗണിക്കാതെ, കുറ്റകൃത്യം നടന്ന സമയത്ത് ബാധകമായത് 1992ലെ നിയമമാണെന്ന സാങ്കേതികത ഉയർത്തി നിർദ്ദേശം നൽകിയ സുപ്രീംകോടതിയാണ് ഈ വിട്ടയയ്ക്കൽ നാടകത്തിലെ ആദ്യ പ്രതി. ഗുജറാത്ത് സർക്കാരാകട്ടെ, ഒരാളുടെ മാത്രം അപേക്ഷ പരിഗണിച്ച് പതിനൊന്ന് പേരെയും വിട്ടയച്ചു. 'സംസ്കാരസമ്പന്നരായ ബ്രാഹ്മണരാണവർ' എന്ന ബിജെപി നേതാക്കളുടെ സ്വഭാവസർട്ടിഫിക്കറ്റുംകൂടെ കൊടുത്തുവിട്ടു.

ജയിൽ എന്നത് കുറ്റവാളികളുടെ നവീകരണത്തിനും പരിവർത്തനത്തിനുമുള്ള സ്ഥാപനമാണ് എന്നതാണ് സങ്കല്പം. അതുകൊണ്ട് ശിക്ഷയിളവു ലഭിക്കുക എന്നത് തടവുകാരുടെ അവകാശമായിട്ടു തന്നെയാണു നിയമജ്ഞർ വ്യാഖ്യാനിക്കുന്നത്. പക്ഷേ ഈ കേസിൽ ഗുജറാത്ത് സർക്കാർ, കുറ്റവാളികൾക്ക് എന്തെങ്കിലും നവീകരണം സംഭവിച്ചോ എന്ന കാര്യം പരിഗണിച്ചതായ സൂചനകളൊന്നു മില്ല. മാത്രമല്ല ഗുരുതരമായ വിവേചനവും സർക്കാർ കാണിച്ചിരിക്കുന്നു. 1992ലെ നയമനുസരിച്ച് ഇവരുടെ കുറ്റകൃത്യം ശിക്ഷയിളവു ലഭിക്കുന്നതിനു തടസ്സമല്ലെന്നു വാദിക്കാമെങ്കിലും സമാന കുറ്റകൃത്യ ത്തിൽ ശിക്ഷിക്കപ്പെട്ട മറ്റൊരാളെപ്പോലും ഇവരുടെ കൂടെ വിട്ടയച്ചിട്ടില്ല എന്നത് സർക്കാരിന്റെ കുറ്റകരമായ പക്ഷപാതിത്വത്തെയാണ് വ്യക്തമാക്കുന്നത്.

ഇപ്പോൾ ഈ പതിനൊന്ന് തടവുകാരെ വിട്ടയച്ചത്, സുപ്രീം കോടതിയുടെ തന്നെ മുൻകാലത്തെ വിധികളുടെ അന്തഃസത്തയ്ക്കെതിരാണെന്നും നിയമവിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. 2022 ഏപ്രിലിൽ ജസ്റ്റിസ് ചന്ദ്രചൂഡിന്റെ ഒരു ബഞ്ച് വിധിച്ചത് തടവുകാരെ സംസ്ഥാന സർക്കാരുകൾക്ക് തോന്നിയപോലെ വിട്ടയയ്ക്കാൻ പറ്റില്ല എന്നാണ്. ചെയ്ത കുറ്റകൃത്യത്തിന്റെ ഗൗരവത്തെ അട്ടിമറിക്കുന്നതാകരുത് ശിക്ഷയിളവ് എന്ന് വേറൊരു കേസിൽ(രാജനും തമിഴ്നാട് ആഭ്യന്തര സെക്രട്ടറിയും തമ്മിലുള്ള കേസ്) സുപ്രീം കോടതി ഓർമ്മിപ്പിക്കുന്നുണ്ട്. ലക്ഷ്മൺ നാസ്കർ യൂണിയൻ ഓഫ് ഇന്ത്യയ്ക്കെതിരെ നടത്തിയ വ്യവഹാരത്തിൽ വിധിപറഞ്ഞുകൊണ്ട്, തടവുകാരെ വിട്ടയക്കുന്നതിനു മുമ്പ് അഞ്ചു കാര്യങ്ങൾ പരിശോധിക്കണം എന്ന സുപ്രീം കോടതി പറയുന്നുണ്ട്. സമൂഹത്തെ ബാധിക്കാത്ത വ്യക്തിഗതമായ ഒന്നാണോ പ്രസ്തുത കുറ്റകൃത്യം എന്നത്, ഭാവിയിൽ കുറ്റകൃത്യം ആവർത്തിക്കാൻ സാധ്യതയുണ്ടോ എന്നത്, കുറ്റം വീണ്ടും ചെയ്യാനുള്ള ശേഷി കുറ്റവാളിക്കുണ്ടോ എന്നത്, കുറ്റവാളിയെ ജയിലിലിടുന്നതു വഴി ലഭിക്കുമെന്നു കരുതിയ എന്തെങ്കിലും ലക്ഷ്യങ്ങൾ നേടിയോ എന്നത്, കുറ്റവാളിയുടെ കുടുംബത്തിന്റെ സാമൂഹിക–സാമ്പത്തിക സാഹചര്യങ്ങൾ എന്നിവയാണ് അവ. ഗുജറാത്ത് സർക്കാർ ഇവയിലൊന്നുപോലും പരിശോധിച്ചതിനു തെളിവു നൽകിയിട്ടില്ല. വിട്ടയക്കപ്പെട്ട കുറ്റവാളികൾക്കു പൂമാലകളും മധുരവും നൽകി സ്വീകരിച്ച സംഘപരിവാർ അനുയായികൾ, ഈ കുറ്റകൃത്യം തങ്ങളുടെ അനുഗ്രഹാശിസ്സുകളോടെയാണു നടന്നതെന്നും ഇനിയുമതു നടത്താനുള്ള ശേഷി തങ്ങൾക്കുണ്ടെന്നുമാണ് പ്രഖ്യാപിക്കുന്നത്.

താൻ ഭയചകിതയായിരിക്കുന്നു എന്ന ബിൽക്കീസ് ബാനുവിന്റെ നേർത്ത ശബ്ദം അസ്വാസ്ഥ്യജനകമായി നമുക്കനുഭവപ്പെടുന്നില്ലേ? അതൊരു വ്യക്തിയുടെ മാത്രം രോദനമല്ല; ഈ രാജ്യത്തെ ന്യൂനപക്ഷങ്ങളുടെയും അധഃസ്ഥിതരുടെയും കൂടിയാണ്. രാജ്യത്തിനകത്ത് ഒന്നിന് പുറകെ ഒന്നായി ന്യൂനപക്ഷങ്ങൾക്കെതിരെ, പ്രത്യേകിച്ച് മുസ്ലിങ്ങൾക്കെതിരെ ആക്രമണവും ഒറ്റപ്പെടുത്തലും നടക്കുന്നതെന്തുകൊണ്ടാണ്? മുസ്ലീം വിരുദ്ധവികാരത്തിന്റെയടിസ്ഥാനത്തിലുള്ള ഹിന്ദു മതഭ്രാന്തിന്റെ ഏകീകരണം അതിന്റെ അടിയന്തര ലക്ഷ്യമാണ്. എന്നാൽ അതിനുമപ്പുറമാണ് അതിന്റെ യഥാർത്ഥ ലക്ഷ്യം.

സ്വതന്ത്ര ഭാരതത്തിന്റെ 75 വർഷങ്ങൾ ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങളൊന്നും പരിഹരിച്ചിട്ടില്ല എന്നത് നമ്മുടെ പ്രത്യക്ഷാനുഭവമാണ്. 1990കളിൽ ആവിഷ്ക്കരിച്ചതും പിന്നീടുവന്ന എല്ലാ സർക്കാരുകളും അത്യുത്സാഹത്തോടെ നടപ്പാക്കുകയും ചെയ്യുന്ന ആഗോളവൽക്കരണ–സ്വകാര്യവൽക്കരണ നടപടികൾ ജനജീവിതത്തിന്റെ എല്ലാരംഗങ്ങളെയും പ്രതിസന്ധിയിലാഴ്ത്തിയിരിക്കുന്നു. ഉദാരവൽക്കരണ നയങ്ങൾ ഏറ്റവുമധികം ബാധിച്ച ഒരു വിഭാഗം കർഷകരായിരുന്നു. വിവിധ അന്താരാഷ്ട്ര ഉടമ്പടികളുടെ ഫലമായി കർഷകരുടെ ഉല്പന്നങ്ങൾ ന്യായമായ വിലയ്ക്കു വിൽക്കാൻ കഴിയാതെ വന്നു. സബ്സിഡി വെട്ടിക്കുറച്ചു. വൈദ്യുതി നിയമം പരിഷ്ക്കരിച്ചതിലൂടെ ചെലവു പലമടങ്ങായി. കുറഞ്ഞ വിലയ്ക്ക് വിദേശത്തുനിന്നുള്ള ഉല്പന്നങ്ങൾ കമ്പോളം കീഴടക്കി. തങ്ങളുടെ അവസാന വരുമാനവും കോർപ്പറേറ്റുകൾക്കു തീറെഴുതാനുള്ള മൂന്നു കാർഷികബില്ലുകൾ ബിജെപി സർക്കാർ കൊണ്ടുവന്നതോടെ കർഷകർ രണ്ടും കൽപ്പിച്ചുള്ള സമരത്തിൽ അണിചേർന്നു. അഭ്യസ്തവിദ്യരും അല്ലാത്തവരുമായ യുവാക്കൾ തൊഴിലില്ലാതെ അക്ഷരാർത്ഥത്തിൽ അലയുകയാണ്. ഏതു നിമിഷവും പൊട്ടിത്തെറിക്കാവുന്ന തരത്തിൽ അവരിൽ അസംതൃപ്തി ഉറഞ്ഞുകൂടിയിരിക്കുന്നു. സൈനിക നിയമനത്തിന്റെ കാര്യത്തിൽ റിക്രൂട്ട്മെന്റ് പ്രതീക്ഷിച്ചിരുന്ന യുവാക്കളെ അപഹസിക്കും വിധം അഗ്നിപഥ് എന്ന കരാർ നിയമനം ആവിഷ്ക്കരിച്ചതിനെതിരെ രാജ്യമെമ്പാടും സ്വമേധയാ യുവാക്കൾ തെരുവിലിറങ്ങിയത് ഈ അസംതൃപ്തിയുടെ ലക്ഷണമായിരുന്നു. രാജ്യത്ത് വിവിധയിടങ്ങളിലായി ആവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രകൃതി ദുരന്തങ്ങളും കൊറോണ മഹാമാരിയും ജനജീവിതത്തെ തകർത്തു കളഞ്ഞിരിക്കുന്നു. എന്നാൽ ഇക്കാലയളവിൽ രാജ്യത്തെ ശതകോടീശ്വരന്മാരുടെ എണ്ണം 2020ലെ 102ൽ നിന്ന് 2021 എത്തുമ്പോഴേയ്ക്കും 142ലേക്ക് ഉയർന്നിരിക്കുന്നു. വരുമാന ശ്രേണിയിലെ താഴത്തെ 50% ജനങ്ങളുടെ വരുമാനം മൊത്തവരുമാനത്തിന്റെ 6 ശതമാനമായി കുറയുകയും ചെയ്തിരിക്കുന്നു (ഓക്സ്ഫാം റിപ്പോർട്ട്). ദുരന്തങ്ങളെ നേട്ടങ്ങളാക്കി മാറ്റാൻ ചങ്ങാത്ത മുതലാളിത്ത ശക്തികൾക്ക് അവസരമൊരുക്കിക്കൊടുക്കുന്ന സർക്കാർ നയങ്ങൾക്കെതിരെ ജനരോഷം പുകയുകയാണ്. വിവിധയിടങ്ങളിൽ ജനങ്ങളുടെ പ്രതിഷേധ സമരങ്ങൾ പൊട്ടിപ്പുറപ്പെടുന്നത് മുതലാളിത്ത ശക്തികളും സർക്കാരും അസ്വസ്ഥതയോടെയാണു കാണുന്നത്. അതുകൊണ്ടുതന്നെ ജനാധിപത്യാവകാശങ്ങളുടെമേൽ മുൻപെങ്ങുമില്ലാത്ത വിധം ആക്രമണങ്ങൾ നടത്തുകയാണു സർക്കാർ. സ്വന്തം അഭിപ്രായം പ്രകടിപ്പിക്കാനും അധികാരികളെ വിമർശിക്കാനുമുള്ള ഭരണഘടനാസിദ്ധമായ അവകാശം ഉപയോഗിക്കുന്ന ബുദ്ധിജീവികളെയും മനുഷ്യാവകാശപ്രവർത്തകരെയും മാധ്യമപ്രവർത്തകരെയുമെല്ലാം കരിനിയമങ്ങൾ പ്രകാരം ജയിലിലടക്കുന്നു.

> **സാധാരണക്കാരായ ഹിന്ദുക്കളുടെ ഒരു പ്രശ്നവും പരിഹരിക്കാൻ സർക്കാരിനു കഴിയില്ല എന്ന് നാം മനസ്സിലാക്കണം. അത് അവരുടെ ലക്ഷ്യവുമല്ല. ജനങ്ങളെ ഇളക്കാൻ പറ്റിയ ഒന്നാണ് മതവും വിശ്വാസവും എന്നവർക്കറിയാം. അതുകൊണ്ടാണതിനെ ഊതിക്കത്തിക്കുന്നത്. കുത്തകകളുടെ ചൂഷണം നിർബാധം തുടർന്നുകൊണ്ടുപോകുന്നതിന് അവസരമൊരുക്കുക എന്നതു മാത്രമാണ് സർക്കാരിന്റെ ലക്ഷ്യം. ഹിന്ദുത്വം എന്നത് അതിനൊരു ഉപകരണം മാത്രം.**

ഏകീകൃതമായ ഒരു നേതൃത്വത്തിനു കീഴിൽ ഈ സമരങ്ങളെല്ലാം കോർത്തിണക്കപ്പെട്ടാൽ തങ്ങളുടെ നിലനില്പുതന്നെ അപകടത്തിലാകുമെന്ന് മുതലാളിത്ത ശക്തികൾ ഭയക്കുന്നു. നമ്മുടെ പാർട്ടിയുടെ സ്ഥാപകനും മഹാനായ മാർക്സിസ്റ്റ് ചിന്തകനുമായ സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാട്ടിയതുപോലെ വരാനിരിക്കുന്ന ഒരു തൊഴിലാളിവർഗ്ഗവിപ്ലവത്തെ മുൻകൂറായി തടയാൻ മുതലാളിത്തം ഫാസിസത്തിൽ അഭയം പ്രാപിക്കുകയാണ്. യോജിച്ച ജനാധിപത്യസമരങ്ങൾ വളർന്നു വരാൻ പറ്റാത്തവിധം ജനൈക്യം തകർക്കുക എന്നതാണ് ഒരു മാർഗ്ഗം. ഊതിക്കത്തിച്ച ഭൂരിപക്ഷവികാരത്തിനടിപ്പെട്ട് യുക്തിചിന്ത വെടിഞ്ഞ, സാമൂഹിക വികാസത്തിന്റെ നിയമങ്ങളെ മറന്ന് ഒരു രക്ഷകനിൽ വിശ്വസിക്കുന്ന ജനതയാണ് ഫാസിസത്തിന്റെ അടിത്തറ. സാമ്പത്തികമായ കേന്ദ്രീകരണം, ഭരണപരമായ കാർക്കശ്യം, സാംസ്കാരികമായ ചിട്ടപ്പെടുത്തൽ, കുത്തകകളുടെയും ഭരണകൂടത്തിന്റെയും താല്പര്യങ്ങളുടെ തദാത്മ്യം ഇങ്ങനെ ഫാസിസത്തിന്റെ മുന്നുപാധികൾ ഒന്നൊന്നായി ഒരുങ്ങുകയാണ്. കൃത്രിമമായ പ്രശ്നങ്ങളുടെപേരിൽ ന്യൂനപക്ഷങ്ങളെ രാജ്യദ്രോഹികളായി ചിത്രീകരിച്ചുകൊണ്ട് ഭൂരിപക്ഷവികാരം ജ്വലിപ്പിക്കാൻ ഭരണവർഗ്ഗശക്തികൾ ശ്രമിച്ചു കൊണ്ടിരിക്കുന്നത് ഈ ലക്ഷ്യം നേടിയെടുക്കാനാണ്. സാധാരണക്കാരായ ഹിന്ദുക്കളുടെ ഒരു പ്രശ്നവും പരിഹരിക്കാൻ സർക്കാരിനു കഴിയില്ല എന്നും നാം മനസ്സിലാക്കണം. അതവരുടെ ലക്ഷ്യവുമല്ല. ജനങ്ങളെ ഇളക്കാൻ പറ്റിയ ഒന്നാണ് മതവും വിശ്വാസവും എന്നവർക്കറിയാം. അതുകൊണ്ടാണതിനെ ഊതിക്കത്തിക്കുന്നത്. കുത്തകകളുടെ ചൂഷണം നിർബാധം തുടർന്നുകൊണ്ടുപോകുന്നതിന് അവസരമൊരുക്കുക എന്നതു മാത്രമാണ് സർക്കാരിന്റെ ലക്ഷ്യം. ഹിന്ദുത്വം എന്നത് അതിനൊരു ഉപകരണം മാത്രം.

മറ്റൊരു കാര്യം ഇവിടെ ശ്രദ്ധിക്കാം. വിഖ്യാത എഴുത്തുകാരൻ സൽമാൻ റുഷ്ദിക്കെതിരെ ഒരു ഇസ്ലാമിക തീവ്രവാദിയിൽ നിന്നുണ്ടായ ആക്രമണത്തെ ഇതുവരെ ബിജെപി അപലപിച്ചിട്ടില്ല. 'ലോകം മുഴുവനും ശ്രദ്ധിച്ചതും പ്രതികരിച്ചതുമാണ് ഈ സംഭവം' എന്ന് വിദേശകാര്യ മന്ത്രി ജയ്ശങ്കർ പറഞ്ഞതു മാത്രമാണ് ഈ വിഷയത്തിലെ പ്രതികരണം. ബിജെപിയുടെ മുൻ വക്താവ് നൂപൂർ ശർമ, മുഹമ്മദ് നബിയെക്കുറിച്ചു നടത്തിയ അപകീർത്തികരമായ പരാമർശങ്ങളുടെ പേരിൽ പശ്ചിമേഷ്യൻ രാജ്യങ്ങളിൽ നിന്നു നേരിട്ട കടുത്ത പ്രതിഷേധമാണ് ഈ മൗനത്തിനു കാരണമെന്ന് മാധ്യമങ്ങൾ അഭിപ്രായപ്പെടുന്നുണ്ട്. ആ ഇസ്ലാമികരാജ്യങ്ങളുമായുള്ള വ്യാപാരബന്ധത്തെപ്പോലും ആ അഭിപ്രായപ്രകടനം ബാധിക്കുമെന്നു വന്നിരുന്നു. അപ്പോൾ, കച്ചവടത്തെ ബാധിക്കുമെന്നു തോന്നിയാൽ ഇസ്ലാമിക മൗലികവാദത്തെക്കുറിച്ചും ഒരക്ഷരം മിണ്ടില്ല. ഇന്ത്യയിലെ മുസ്ലീം വിരോധ പ്രകടനങ്ങൾ ഹിന്ദു ഭൂരിപക്ഷ വികാരത്തെ ജ്വലിപ്പിക്കാൻ മാത്രമാണ്.

ഈ കൊടുംകുറ്റവാളികളെ വിട്ടയച്ചതിന്റെ ഒരു ലക്ഷ്യം മുസ്ലീങ്ങളിൽ അരക്ഷിത ബോധം വളർത്തിയെടുക്കുകയും നൈരാശ്യത്തിൽ നിന്നുടലെടുക്കുന്ന തീവ്ര പ്രതികരണങ്ങളിലേയ്ക്കുവരെ നയിക്കുകയുമാണ്. എന്നാൽ മുസ്ലീം സ്വത്വത്തിന്റെയടിസ്ഥാനത്തിലുള്ള ഒരു പ്രതികരണവും ചൂഷിതരായ ജനലക്ഷങ്ങളുടെ താല്പര്യത്തെ സംരക്ഷിക്കില്ല എന്നു നാം മനസ്സിലാക്കണം. ജനങ്ങളുടെ അടിസ്ഥാനപ്രശ്നങ്ങളെ ആധാരമാക്കി, കഷ്ടപ്പെടുന്ന ജനങ്ങളൊന്നാകെ ജാതി–മത–പ്രദേശ വ്യത്യാസങ്ങളൊന്നും പരിഗണിക്കാതെ ജനാധിപത്യ സമരങ്ങളിലണിചേരുക മാത്രമാണ് നമുക്കു മുന്നിലുള്ള മാർഗ്ഗം. കർഷക സമരം ഉജ്വലമായ മാതൃകയായി നമ്മുടെ മുമ്പിലുണ്ട്.

തൂക്കിക്കൊല്ലാൻ വിധിക്കപ്പെട്ട കുറ്റവാളിയുടെ കഴുത്തിനു പാകമാകുന്നില്ല കൊലക്കുരുക്ക് എന്നതിനാൽ കുടുക്കിനു ചേരുന്ന കഴുത്തുള്ള ഒരാളെ കണ്ടെത്തി തൂക്കിലേറ്റാൻ ഒരു രാജാവ് വിധിക്കുന്ന ഒരു പ്രഹസനത്തെക്കുറിച്ച് ആനന്ദ് 'ഗോവർദ്ധന്റെ യാത്രകൾ' എന്ന നോവലിൽ പറയുന്നുണ്ട്. ബിജെപി., സംഘപരിവാർ ശക്തികൾ ഭരണരംഗം കൈയടക്കിയിരിക്കുമ്പോൾ അവരുടെ കൊലക്കുരുക്ക് കൊലപാതകികൾക്കും ബലാൽസംഗ പ്രതികൾക്കും പാകമാകുന്നില്ല. അതു പാകമാകുന്നത് ഇരകളായ ന്യൂനപക്ഷങ്ങൾക്കും വിമർശകരായ ബുദ്ധിജീവികൾക്കും മനുഷ്യാവകാശ പ്രവർത്തകർക്കുമൊക്കെയാണ്. ഓർക്കുക, ഒരു പോരാട്ടത്തിൽ നാമൊന്നിച്ചണിനിരക്കുന്നില്ലെങ്കിൽ ആ കൊലക്കുരുക്കുകൾ നാളെ നമ്മുടെ കഴുത്തിനു നേരെയും വരും. ■

# വൈദ്യുതി നിയമ ഭേദഗതി ബിൽ 2022

# സാധാരണക്കാരന് വൈദ്യുതി കിട്ടാക്കനിയാകും

**വൈദ്യുതി മേഖലയുടെ സമ്പൂർണ്ണ സ്വകാര്യവത്ക്കരണം ലക്ഷ്യംവെച്ചുകൊണ്ട്, 2022 ആഗസ്റ്റ് 8ന് പാർലമെന്റിൽ 'വൈദ്യുതി നിയമ ഭേദഗതി 2022' എന്ന പേരിൽ ഒരു ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. ജീവനക്കാരുടെയും, കർഷകരുടേയും മറ്റും കടുത്ത എതിർപ്പിനെ തുടർന്ന് ബിൽ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് വിട്ടിരിക്കുകയാണെങ്കിലും അടുത്ത ശീതകാല സമ്മേളനത്തിൽ വീണ്ടും കൊണ്ടുവരുവാനുള്ള അണിയറ നാടകങ്ങളുമായി ബിജെപി സർക്കാർ മുന്നോട്ട് പോവുകയാണ്.**

**ഐ**തിഹാസികമായ കർഷക സമരത്തിന്റെ ഒത്തുതീർപ്പുകളിൽ ഒന്ന്, കർഷകരോടും, സംഘടനകളോടും കൂടിയാലോചിച്ചതിനു ശേഷമേ വൈദ്യുതി ഭേദഗതി ബിൽ പാർലമെന്റിൽ അവതരിപ്പിക്കുകയുള്ളൂ എന്നതായിരുന്നു. എന്നാൽ അതെല്ലാം കാറ്റിൽ പറത്തിക്കൊണ്ട്'വൈദ്യുതി നിയമ ഭേദഗതി 2022' പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ടിരിക്കുകയാണ്. ഇരുസഭകളിലും ഭൂരിപക്ഷം ഉള്ളതിനാൽ ഏത് നിയമവും നിർമിക്കാൻ നിലവിൽ ബിജെപി സർക്കാരിന് കഴിയും. പക്ഷെ ഉത്തർപ്രദേശിൽ കഴിഞ്ഞ വർഷം സ്വകാര്യവത്ക്കരണ നടപടികളുമായി മുന്നോട്ട് പോയ യോഗി സർക്കാരിന് ജീവനക്കാരുടേയും -പൊതുജനങ്ങളുടേയും കനത്ത പ്രതിഷേധത്തെ തുടർന്ന് ആ നടപടികൾ നിർത്തിവയ്ക്കേണ്ടി വന്നു. അത്തരം ഒരു പ്രതിഷേധത്തെ കേന്ദ്ര സർക്കാരും നന്നായി ഭയക്കുന്നു എന്നത് വ്യക്തമാണ്.

രണ്ട് പതിറ്റാണ്ട് മുൻപ്, കടുത്ത എതിർപ്പുകളെ വകവയ്ക്കാതെയാണ് വാജ്പേയിയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ വൈദ്യുതി നിയമം 2003, പാർലമെന്റിൽ പാസാക്കിയെടുത്തത്. ആ നിയമത്തിൽ ഭേദഗതി വരുത്താൻവേണ്ടി കഴിഞ്ഞ 8 വർഷത്തിനുള്ളിൽ 5 തവണ ശ്രമം നടത്തി. കോവിഡ് മഹാമാരിയിൽ രാജ്യം വിറങ്ങലിച്ചു നിന്നപ്പോൾ പോലും കേന്ദ്ര സർക്കാർ ഭേദഗതി നടപ്പാക്കാൻ ശ്രമിച്ചെങ്കിലും രാജ്യവ്യാപകമായ പ്രതിഷേധത്തെ തുടർന്ന് പിൻമാറേണ്ടിവന്നു.

## വൈദ്യുതി നിയമം 2003

1995 മുതൽ ഒഡീഷ, ഹരിയാന, ആന്ധ്രാപ്രദേശ്, ഉത്തർപ്രദേശ്, കർണ്ണാടക, രാജസ്ഥാൻ, ഡൽഹി, മദ്ധ്യപ്രദേശ്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങൾ പാസാക്കിയ വൈദ്യുതി നിയമങ്ങളുടെ ചുവട് പിടിച്ചുകൊണ്ട് നിർമ്മിച്ച കേന്ദ്ര നിയമമാണ് വൈദ്യുതി നിയമം 2003. വൈദ്യുതി മേഖലയെ മെച്ചപ്പെടുത്തുക, അതിവേഗം വികസനം ഉറപ്പ് വരുത്തുക, ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട വൈദ്യുതി കുറഞ്ഞ വിലക്ക് നൽകുക തുടങ്ങിയ മധുരലക്ഷ്യങ്ങളാണ് പ്രചരിപ്പിച്ചതെങ്കിലും, ഊർജ്ജ മേഖലയുടെ സ്വകാര്യവത്ക്കരണത്തിനുള്ള അടിത്തറ ഒരുക്കലായിരുന്നു ഈ നിയമത്തിന്റെ യഥാർത്ഥ ലക്ഷ്യം. ആഗോളവത്ക്കരണത്തിന്റെ നയങ്ങൾക്കനുസരിച്ച് സേവനമേഖലകളെ ഒന്നൊന്നായി പരുവപ്പെടുത്തുകയായിരുന്നു ഭരണാധികാരികൾ. വൈദ്യുതി ബിൽ 2003 നിയമമായതോടെ എല്ലാ സംസ്ഥാനങ്ങളിലും കമ്പനി ആക്ട് പ്രകാരം വൈദ്യുതി മേഖലയെ പുനഃസംഘടിപ്പിക്കേണ്ടി വന്നു. നിയമത്തിന്റെ പിൻബലത്തിൽ ഡീ ലൈസൻസിംങ്ങ് വന്നതോടെ വൈദ്യുതി ഉല്പാദന മേഖലയിൽ വൻതോതിലുള്ള സ്വകാര്യ നിക്ഷേപം അനുവദിക്കപ്പെട്ടു. ഉല്പാദനം വർദ്ധിച്ചെങ്കിലും ഉപഭോഗം കാര്യമായി വർദ്ധിച്ചില്ല. ഇതു മൂലം പല താപനിലയങ്ങളും അടച്ചിടുകയോ, ഉല്പാദനം വെട്ടി ചുരുക്കുകയോ വേണ്ടിവന്നു. പൊതുമേഖല ബാങ്കുകളിൽ നിന്നും വായ്പയെടുത്ത സ്വകാര്യ കമ്പനികൾ തിരിച്ചടവുകൾ മുടക്കിയതോടെ 2 ലക്ഷം കോടി രൂപയോളം കിട്ടാക്കടമായി മാറിയിരിക്കുകയാണ്.സേവനത്തിൽ നിന്നും കച്ചവടത്തിലേക്ക് കാര്യങ്ങൾ നീങ്ങി തുടങ്ങിയതോടെ, എല്ലാ സംസ്ഥാനങ്ങളിലും വൈദ്യുതി ചാർജ്ജും മറ്റു സേവനങ്ങളുടെ ചാർജ്ജുകളും വർദ്ധിക്കാൻ തുടങ്ങി.

## ഡീ ലൈസൻസിംങ്ങ് വിതരണ മേഖലയിലും

2022ലെ ഭേദഗതിയിൽ വരുന്ന പ്രധാന നിർദ്ദേശം, വൈദ്യുതി വിതരണരംഗത്ത് ആർക്കും കടന്നു വരാവുന്ന വിധത്തിലുള്ള സൗകര്യമൊരുക്കാനായി ഡീ ലൈസൻസിങ്ങ് നടപ്പാക്കണം എന്നതാണ് (Section 42 ൽ 4(A), 4(B)). ഇത് വിതരണരംഗത്തേക്ക് സ്വകാര്യ കുത്തക കമ്പനികൾക്ക് പാതയൊരുക്കുന്നതിനുവേണ്ടിയാണ്. കോടിക്കണക്കിന് രൂപ പൊതുഖജനാവിൽ നിന്ന് മുതൽ മുടക്കി ജനറേറ്റിംഗ് സ്റ്റേഷനുകൾ, സബ്സ്റ്റേഷനുകൾ, വിതരണ ലൈനുകൾ,കേബിളുകൾ,ഓഫീസ് സംവിധാനങ്ങൾ എന്നിവ പൊതുജനങ്ങളുടെ പിൻതുണയോടെ സ്ഥാപിച്ച് പരിപാലിച്ചുകൊണ്ടാണ് നിലവിൽ എല്ലാ സംസ്ഥാനങ്ങളിലും വൈദ്യുതി വിതരണം നടക്കുന്നത്. ഡീ ലൈസൻസിങ്ങ് വഴി വിതരണ രംഗത്തേക്ക് സ്വകാര്യ കമ്പനികൾ വന്നാൽ അവർ ഒരു രൂപപോലും വിതരണ ശൃംഖല സ്ഥാപിക്കുവാൻ ചെലവാക്കുകയില്ല. പൊതുഖജനാവിൽ നിന്നും നിർമ്മിച്ചവയെല്ലാം, ജനങ്ങൾ വിട്ടുകൊടുത്ത ഭൂമിയിൽ സ്ഥാപിച്ച കമ്പിയും കാലുമുൾപ്പെടെ സ്വകാര്യ കമ്പനികൾക്കും അവകാശപ്പെട്ടതായി മാറും. ഏകദേശം 15 സ്ക്വയർ കിലോമീറ്റർ വിസ്തീർണ്ണമുള്ള, 25,000 ഉപഭോക്താക്കളുള്ള കേരളത്തിലെ ഒരു ഡിസ്ട്രിബ്യൂഷൻ സെക്ഷനിൽ 60 കിലോമീറ്റർ നീളത്തിൽ HT ലൈനുകളും, 300 കിലോമീറ്റർ നീളത്തിൽ LT ലൈനുകളും 150ൽ അധികം ട്രാൻസ്ഫോർമറുകളും ഉണ്ട്. ഇത്തരം സംവിധാനങ്ങൾ നിർമിക്കുന്നതിനോ, പരിപാലിക്കുന്നതിനോ യാതൊരു ബാധ്യതയും സ്വകാര്യ കമ്പനികൾക്ക് ഉണ്ടാവില്ല. വിതരണ ശൃംഖല സ്ഥാപിക്കുന്നതു പോലെ ചെലവേറിയ കാര്യമാണ്, പരിപാലിച്ച് നിലനിർത്തുക എന്നത്. പ്രകൃതിക്ഷോഭം മൂലം ആയിരക്കണക്കിന് പോസ്റ്റുകളും (കാലുകൾ) അനുബന്ധ സാധനങ്ങളും ഓരോ വർഷവും പുതുക്കി സ്ഥാപിക്കേണ്ട തായിട്ടുണ്ട്. ഈ ഉത്തരവാദിത്വങ്ങളിൽ നിന്നെല്ലാം സ്വകാര്യ കമ്പനികളെ രക്ഷപ്പെടുത്തി, ലാഭം കൊള്ളയടിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് പുതിയ നിയമ ഭേദഗതി.

## സബ്സിഡികൾ പൂർണ്ണമായും ഇല്ലാതാകും

വിതരണരംഗം സർക്കാർ ഏജൻസികളോ, കമ്പനികളോ നിയന്ത്രിക്കുന്നതുകൊണ്ടാണ് ക്രോസ് സബ്സിഡിയും മറ്റു ചില സൗജന്യങ്ങളും സേവനങ്ങളും ഉപഭോക്താക്കൾക്ക് ലഭിക്കുന്നത്. എന്നാൽ വിതരണരംഗം കുത്തകകൾക്കായി തുറന്നിടുമ്പോൾ സബ്സിഡികളും, സേവനങ്ങളും നൽകുന്നതിൽ നിന്നും അവരെ ഒഴിവാക്കി കൊടുക്കുന്നു. ക്രോസ് സബ്സിഡി കൺസ്യൂമർക്ക് നേരിട്ട് നൽകുന്നതിനു വേണ്ടി സബ്സിഡി ബാലൻസിംങ്ങ് ഫണ്ട് ഉണ്ടാക്കണമെന്നാണ് പറയുന്നത് (സെക്ഷൻ 60 A(2) Amment bill 2022). പാചക വാതക സബ്സിഡി ബാങ്കിലൂടെ നേരിട്ട് നൽകുമെന്ന് പറഞ്ഞ് ബിജെപി നടത്തിയ പ്രചാരണവും, ഇന്ന് ഒരു രൂപ പോലും സബ്സിഡിയായി ലഭിക്കുന്നില്ലായെന്നും നമുക്ക് ഏവർക്കും അറിയാവുന്നതാണ്. പുതിയ നിയമം പാസായാൽ വൈദ്യുതി രംഗത്തും അതുതന്നെ സംഭവിക്കും. സബ്സിഡി ഇല്ലാതായാൽ മുഴുവൻ ഉപഭോക്താക്കൾക്കും ഒരേ നിരക്കിൽ കൂടിയ തുക നൽകേണ്ടി വരും. നിലവിൽ ചെറുകിട ഉപഭോക്താക്കൾക്ക് ക്രോസ് സബ്സിഡിയും സർക്കാർ സബ്സിഡിയും ഉള്ളതുകൊണ്ടാണ് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭിക്കുന്നത്. വലിയ ഉപഭോക്താക്കളിൽ(HT, EHT കൺസ്യൂമേർസ്) നിന്നും യൂണിറ്റിന് കൂടിയ നിരക്ക് വാങ്ങി പാവപ്പെട്ടവർക്കും, കർഷകരും നൽകുന്ന ഏർപ്പാടാണ് ക്രോസ് സബ്സിഡി എന്ന് പറയുന്നത്. അങ്ങിനെ ചെയ്യണമെങ്കിൽ ഒരു വിതരണ കമ്പനിക്ക് ഈ രണ്ട് വിഭാഗം ഉപഭോക്താക്കളും ഉണ്ടായിരിക്കണം. പക്ഷെ സ്വകാര്യ കമ്പനികൾ വിതരണ രംഗത്തേക്ക് വന്നാൽ വ്യവസായ സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ, വലിയ മാളുകൾ തുടങ്ങിയവരുടെ വിതരണം മാത്രമേ ഏറ്റെടുക്കുകയുള്ളൂ. താരതമ്യേന വരുമാനം കുറഞ്ഞ കർഷകർ, സർക്കാർ സ്ഥാപനങ്ങൾ, ദരിദ്ര ജനവിഭാഗങ്ങൾ തുടങ്ങിയവർക്ക് വൈദ്യുതി നൽകേണ്ട ബാധ്യത കെഎസ്ഇബി പോലുള്ള സ്ഥാപനങ്ങൾക്കായി മാറും. വലിയ ഉപഭോക്താക്കൾ ഇല്ലാതാകുന്നതോടെ ഇത്തരം പൊതുമേഖല സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി മോശമാവുകയും രംഗം വിടുകയും ചെയ്യേണ്ടി വരും. ഇതു വഴി സാധാരണ മനുഷ്യർക്ക് വൈദ്യുതി അപ്രാപ്യമാവും എന്നതാണ് ആത്യന്തിക ഫലം.

## ഇന്ത്യയുടെ കാർഷികരംഗം തകർന്നടിയും– കുത്തകകൾ കൈയടക്കും

ഗവൺമെന്റുകൾ കൊണ്ടുവരുന്ന മുഴുവൻ പരിഷ്ക്കാരങ്ങളേയും സംശയ ദൃഷ്ടിയോടുകൂടി മാത്രമേ നോക്കുവാൻ പാടുള്ളൂ എന്ന്, ഇക്കാലമത്രയുമുള്ള അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു. സമസ്ത മേഖലയിലും സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുക എന്നതാണ് എല്ലാ ഗവൺമെന്റുകളുടെയും നയം. കേന്ദ്രത്തിൽ 'ഈസ് ഓഫ് ഡൂയിംങ്ങ് ബിസിനസ്" എന്നാണെങ്കിൽ കേരളത്തിൽ അത് 'റെസ്പോൺസിബിൾ ഇൻഡസ്ട്രി, റെസ്പോൺസിബിൾ ഇൻവെസ്റ്റ്മെന്റ്"(കൊച്ചിയിൽ കില ട്രേഡ് യൂണിയൻ നേതാക്കൾക്കു വേണ്ടി നടത്തിയ പരിശീലന പരിപാടിയിൽ പി. രാജീവ് നടത്തിയ കേരളത്തിന്റെ വ്യവസായ നയത്തെക്കുറിച്ചുള്ള പ്രസംഗത്തിൽ നിന്ന്) എന്നാണ്. രണ്ടും ഒന്നു തന്നെ. വൈദ്യുതി നിയമ ഭേദഗതി, ഊർജ്ജ മേഖലയുടെ സ്വകാര്യവത്ക്കരണം മാത്രമല്ല ലക്ഷ്യമിടുന്നത്. അത് ചെറുകിട വ്യവസായ മേഖല, ചെറുകിട കച്ചവട രംഗം, കാർഷിക മേഖല എന്നിവയെല്ലാം തകർത്ത് അവിടെയെല്ലാം സ്വകാര്യ നിക്ഷേപത്തിന് പാതയൊരുക്കാനും ലക്ഷ്യമിടുന്നു.

കർഷകസമരത്തിനു മുൻപിൽ മുട്ട് കുത്തിയ ബിജെപി സർക്കാർ, വൈദ്യുതി വിതരണരംഗം സ്വകാര്യവത്ക്കരിക്കുന്നതിലൂടെ കാർഷിക മേഖലയിലേക്ക് കുത്തകകളുടെ പ്രവേശനം എളുപ്പമാക്കും. ജലസേചനത്തിനും, മറ്റും നൽകുന്ന സബ്സിഡികൾ ഇല്ലാതെ ഇൻഡ്യൻ കർഷകന് പിടിച്ചു നിൽക്കാനാവില്ല. ഇപ്പോൾ തന്നെ പ്രതിസന്ധിയിലായ ചെറുകിട കച്ചവടക്കാരുടേയും, ചെറുകിട വ്യവസായ യൂണിറ്റുകളുടേയും അവസ്ഥയും ഇതു തന്നെയായിരിക്കും.

## ഭരണഘടനയുടെ ഫെഡറൽ സ്വഭാവത്തെയും തകർക്കും

കൺകറന്റ് (കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്ക് അവകാശമുള്ളത്) ലിസ്റ്റിലുള്ള വൈദ്യുതി മേഖലയുടെ മുഴുവൻ നിയന്ത്രണവും കേന്ദ്ര ഗവൺമെന്റ് കൈയടക്കുന്നതാണ് പുതിയ നിയമ ഭേദഗതി. 2003ലെ നിയമം സംസ്ഥാനങ്ങൾക്ക് നൽകിയിരുന്ന മിനിമം അവകാശങ്ങൾപോലും കവർന്നെടുക്കുകയാണ് പുതിയ നിയമം വഴി കേന്ദ്ര സർക്കാർ ചെയ്യുന്നത്. സംസ്ഥാന റഗുലേറ്ററി കമ്മീഷനുകൾ നോക്കുകുത്തിയായി മാറും. 1948ൽ സ്വതന്ത്ര ഭാരതത്തിലെ ആദ്യ വൈദ്യുതി നിയമം രൂപീകരിച്ചു കൊണ്ട് ഭരണഘടനാ ശില്പികൾ പറഞ്ഞ, ജനാനുകൂല അഭിപ്രായങ്ങളെല്ലാം കാറ്റിൽ പറത്തുന്നതാണ് പുതിയ ഭേദഗതി.

## വൈദ്യുതി ചാർജ്ജ് കുത്തനെ കൂടും

പുതിയ നിയമ ഭേദഗതിയിൽ(Section-62) വർഷാവർഷം താരിഫ് പുതുക്കി നിശ്ചയിക്കാമെന്ന് പ്രത്യേകം പറയുന്നു. അങ്ങിനെ സംഭവിച്ചാൽ പെട്രോൾ -ഡീസൽ വില വർദ്ധനവ് പോലെ പ്രതിദിനം വൈദ്യുതി ചാർജ്ജ് വർദ്ധിക്കുന്നതിലേക്ക് കാര്യങ്ങൾ വരും. വൈദ്യുതി ഇല്ലാതെ ഒരു നിമിഷംപോലും ജീവിക്കാൻ കഴിയാത്ത ഈ ആധുനിക കാലത്ത്, ഏറ്റവും കുറഞ്ഞ നിരക്കിലോ, കഴിയുമെങ്കിൽ സൗജന്യമായോ വൈദ്യുതി നൽകുകയാണ് ഗവൺമെന്റുകൾ ചെയ്യേണ്ടത്.

എന്നാൽ സാധാരണ പൗരന്മാർക്ക് കിട്ടിക്കൊണ്ടിരുന്ന സൗകര്യങ്ങളും ആനുകൂല്യങ്ങളും കവർന്നെടുത്ത്, കുത്തകകൾക്ക് കൂടുതൽ കൂടുതൽ ലാഭമടിക്കുവാനുള്ള സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്ന ഭരണാധികാരികൾക്കെതിരെ ജനരോഷം ആളിക്കത്തേണ്ടതുണ്ട്. അതിനാൽ കക്ഷിരാഷ്ട്രീയത്തിനും ജാതി-മത ചിന്തകൾക്കുമതീതമായി കർഷകരും തൊഴിലാളികളും സമരകമ്മിറ്റികളിൽ അണിനിരന്ന് വീറോടു കൂടി സമര പോരാട്ടങ്ങൾ വളർത്തിയെടുക്കേണ്ടിയിരിക്കുന്നു. ■




### സഖാവ് ശിബ്ദാസ് ഘോഷ് ജന്മശതാബ്ദി

# ശിബ്ദാസ് ഘോഷ് ചിന്തകൾ ജനമനസ്സുകളിൽ എത്തിക്കുക

## സഖാവ് പ്രൊവാഷ് ഘോഷിന്റെ ആഹ്വാനം

പ്രിയ സുഹൃത്തുക്കളെ, സഖാക്കളെ,


ഈ യുഗത്തിലെ മഹാനായ മാർക്സിസ്റ്റ് ചിന്തകനും പ്രിയപ്പെട്ട നമ്മുടെ പാർട്ടി സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)ന്റെ സ്ഥാപക ജനറൽ സെക്രട്ടറിയുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ ജന്മശതാബ്ദിയുടെ ഒരു വർഷം നീണ്ടുനിൽക്കുന്ന ആചരണത്തിനായി സഖാക്കളോട് അഭ്യർത്ഥിക്കേണ്ട ആവശ്യകതയില്ല എന്ന കാര്യം എനിക്കറിയാം, ഞാനങ്ങനെ ഉറച്ചു വിശ്വസിക്കുന്നു. കാരണം, ആ മഹാനായ ഗുരുനാഥന്റെ ശിഷ്യരെന്ന നിലയിൽ സഖാക്കളും അനുഭാവികളും എല്ലാ ഹൃദയ വികാരങ്ങളോടെയും ആത്മസമർപ്പണത്തോടെയും അദ്ദേഹത്തിന് സമുചിത ഗാംഭീര്യത്തോടെ പ്രണാമങ്ങളർപ്പിക്കാൻ സ്വമേധയാ തയ്യാറെടുത്തിരിക്കുകയാണ്.

അടിച്ചമർത്തപ്പെടുന്നവരോടുള്ള നിസ്സീമമായ വികാരവായ്പോടെ സഖാവ് ശിബ്ദാസ് ഘോഷ് നടത്തിയ ഐതിഹാസികമായ സമരം ഒരിക്കൽക്കൂടി അനുസ്മരിക്കാനുള്ള അവസരമാണിത്. ചരിത്രത്തിൽ അസുലഭമായൊരു ജീവന്മരണ പോരാട്ടമായിരുന്നു അത്. വിപ്ലവദർശനമായ മാർക്സിസം ഇന്ത്യൻമണ്ണിൽ മൂർത്തവല്ക്കരിക്കുകയെന്ന മഹത്തായ സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി നടത്തിയ അങ്ങേയറ്റം കഠിനതരവും സങ്കീർണ്ണവുമായ സമരമായിരുന്നു അത്. ഉറച്ച ബോദ്ധ്യത്തോടെ, അചഞ്ചലമായ നിശ്ചയദാർഢ്യത്തോടെ, തളരാത്ത മനോവീര്യത്തോടെ, അജയ്യമായ ധീരതയോടെ, അസാമാന്യമായ സ്ഥിരോത്സാഹത്തോടെയാണ് ആ സമരം നടത്തിയത്. അതിലൂടെ മാർക്സിസ്റ്റ് പ്രത്യയശാസ്ത്രത്തെ കൂടുതൽ സമ്പുഷ്ടമാക്കിക്കൊണ്ട്, നമ്മുടെ രാജ്യത്തെ ജനങ്ങളെ മുതലാളിത്ത ചൂഷണത്തിൽനിന്ന് മോചിപ്പിക്കുന്നതിനും അതോടൊപ്പം, സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനും ഉതകുംവിധമുള്ള ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കുകയായിരുന്നു.

നമ്മുടെ മനഃസ്സാക്ഷിയെ ഉദ്ദീപിപ്പിച്ചുകൊണ്ട് യഥാർത്ഥ വിപ്ലവ പോരാളികളെന്ന നിലയിൽ നമ്മെത്തന്നെ ശക്തിപ്പെടുത്തുക എന്നതാണ് ഈ അനുസ്മരണം കൊണ്ട് അർത്ഥമാക്കുന്നത്. ഇത് നേടിയെടുക്കാനായി താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.

■ അദ്ദേഹത്തിന്റെ വിപ്ലവപാഠങ്ങൾ സ്വാംശീകരിക്കുന്നതിനും ജീവിതത്തിൽ പ്രയോഗിക്കുന്നതിനുമായി അവ ആവർത്തിച്ച് പഠിക്കുന്നതിനുള്ള ഗൗരവാവഹവും നിരന്തരവുമായ പരിശ്രമം നടത്തണം. ■ അടിച്ചമർത്തപ്പെടുന്നവരെ രാഷ്ട്രീയവൽക്കരിക്കുന്നതിനും അവരെ സംഘടിപ്പിച്ച് വർഗ-ബഹുജന സമരങ്ങളിൽ അണിനിരത്തുന്നതിനുമായി, അവരുമായി ആഴത്തിലുള്ള ഹൃദയബന്ധത്തോടെ ഇടപഴകുന്നതിനും അവരോടൊത്ത് ജീവിക്കുന്നതിനും തടസ്സംനിൽക്കുന്ന പെറ്റിബൂർഷ്വാ മുൻവിധികൾ ഭേദിച്ച് മുന്നോട്ടുവരാൻ കഴിയുന്നതരത്തിലുള്ള ഒരു സമരം നിശ്ചയദാർഢ്യത്തോടെ ഏറ്റെടുക്കണം. ■ നമ്മുടെ പ്രത്യയശാസ്ത്ര-സംഘടനാ നിലവാരം ഉയർത്തുന്നതിനുള്ള നിരന്തരവും ഫലപ്രദവുമായ പരിശ്രമം നടത്തണം. ■ നമ്മളിലുള്ള ബൂർഷ്വാ ശീലങ്ങളും സ്വഭാവങ്ങളും മനസ്സിലാക്കുന്നതിനും അവ ഇല്ലാതാക്കുന്നതിനും ഉറന്നതും വൈമനസ്യമേതുമില്ലാത്തതുമായ സ്വയംവിമർശനവും മറ്റുള്ളവരുടെ വിമർശനങ്ങൾ സന്തോഷത്തോടെ അംഗീകരിക്കാനുള്ള മനോഭാവവും ആവശ്യമാണെന്നിരിക്കെ, അവ നേടിയെടുക്കുന്നതിനുള്ള അക്ഷീണമായ സമരം ഏറ്റെടുക്കണം; നേതൃത്വത്തിൽനിന്ന് ആവശ്യപ്പെടാതെ തന്നെ ഏത് ജോലിയും സ്വന്തം മുൻകൈയോടെ ഏറ്റെടുക്കുന്ന സ്വഭാവം വളർത്തിയെടുക്കുന്നതിനുള്ള സമരം നിർബന്ധബുദ്ധിയോടെ നടത്തണം. ■ ഏതൊരാളിൽനിന്നും, എത്ര സാധാരണക്കാരനായാലും, പഠിക്കാനുള്ള മനോഭാവമുണ്ടാകണം. ■ ഏതുകാര്യത്തിലായാലും വിജയത്തിൽ അഹങ്കരിക്കുകയോ ഭ്രമിക്കുകയോ, പരാജയത്തിൽ നിരാശപ്പെടുകയോ ചെയ്യുന്ന സ്വഭാവത്തിന് അടിപ്പെടരുത്. ■ പ്രതികൂലാവസ്ഥകളോ ബുദ്ധിമുട്ടുകളോ വകവയ്ക്കാതെ പുതിയ പ്രവർത്തനമേഖലകൾ കണ്ടെത്താനുള്ള നിർഭയമായ മുൻകൈ നിലനിർത്തണം. ■ താമസിക്കുന്നിടത്തായാലും ജോലി ചെയ്യുന്നിടത്തായാലും ചുറ്റുമുള്ള ജനങ്ങളോട് ആഭിമുഖ്യം പുലർത്തുകയും ഉയർന്ന സ്വഭാവഗുണം പുലർത്തുകയും ചെയ്തുകൊണ്ട് അവരിലൊരാളാണെന്നും ഒരു നേതാവാണെന്നും അവർക്ക് അനുഭവപ്പെടുംവിധം കൂട്ടായ ജീവിതം നയിക്കണം.

ഇതുപോലുള്ള കാര്യങ്ങൾ ചെയ്യുന്നതിലൂടെ നമ്മുടെ മഹാനായ നേതാവിന്റെ അർഹരായ ശിഷ്യരായിത്തീരാനുള്ള പാതയിൽ മുന്നേറാൻ നമുക്ക് കഴിയും. ഈ സന്ദർഭത്തിൽ മേല്പറഞ്ഞ വിധമുള്ള നിലവാരം ആർജ്ജിക്കുന്നതിനുള്ളുൻകൈപ്രവർത്തനത്തിന് ആക്കം വർദ്ധിപ്പിക്കുന്നതിനും നിരന്തരവും സർവ്വതലസ്പർശിയുമായ അത്തരമൊരു സമരത്തിൽ മുഴുകുന്നതിനും വിപ്ലവകാരികൾ എന്ന നിലയിൽ നമ്മൾ ദൃഢ പ്രതിജ്ഞയെടുക്കണം.



മതപ്രസ്ഥാനങ്ങൾ, നവോത്ഥാനം, ബൂർഷ്വാ ജനാധിപത്യ വിപ്ലവങ്ങൾ, സ്വാതന്ത്ര്യ സമരങ്ങൾ, റഷ്യയിലെയും ചൈനയിലെയും തൊഴിലാളിവർഗ്ഗ വിപ്ലവങ്ങൾ തുടങ്ങി ചരിത്രത്തിലെ എല്ലാ മഹത്തായ ജനമുന്നേറ്റങ്ങളും സാധാരണ ജനങ്ങളെ ഉണർത്താനും പ്രചോദിപ്പിക്കാനും അവരെ കാര്യങ്ങൾ പഠിപ്പിച്ച് അണിനിരത്താനുമായി സ്വന്തം നേതൃത്വങ്ങളെ സൃഷ്ടിച്ചെടുക്കുകയും അവരെ ഉയർത്തിക്കാണിക്കുകയും ചെയ്തിട്ടുള്ളകാര്യം നമുക്കറിയാം. അതൊഴിവാക്കിക്കൊണ്ട് ഒരു വിപ്ലവപ്രസ്ഥാനത്തിനും മുന്നേറാനാവില്ല. എന്നാൽ എക്കാലത്തും ആരംഭഘട്ടത്തിൽ വിപ്ലവാശയങ്ങളെയും അതിന്റെ നേതാക്കളെയും ജനങ്ങളിൽനിന്ന് മറച്ചുവയ്ക്കാൻ ഭരണവർഗ്ഗം ഭയപ്പാടോടെ ശ്രമിച്ചിട്ടുണ്ട്. എന്നാൽ, ആ ഗൂഢപദ്ധതി തകരുകയും വിപ്ലവാശയങ്ങളും നേതാക്കളും ജനങ്ങൾക്കിടയിൽ അറിയപ്പെടുകയും ചെയ്യുന്നതോടെ അവർ അപവാദപ്രചരണങ്ങൾ നടത്തുകയും വിപ്ലവനേതാക്കളെ വേട്ടയാടുകയും പീഡിപ്പിക്കുകയും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിനായി അപകീർത്തികരവും അസത്യവുമായ പ്രചാരണങ്ങൾ യാതൊരു തത്വദീക്ഷയുമില്ലാതെ നടത്തിക്കൊണ്ട് വിപ്ലവാശയങ്ങളെ നിന്ദിക്കുകയും ചെയ്യുന്നു. എന്നാൽ ഇതൊക്കെ നിഷ്ഫലമായിത്തീർന്നിട്ടുണ്ട്.

സഖാവ് ശിബ്ദാസ് ഘോഷിന്റെയും അദ്ദേഹത്തിന്റെ വിപ്ലവാശയങ്ങളുടെയും കാര്യത്തിലും ഇതുതന്നെയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. അദ്ദേഹം മഹാനായ തൊഴിലാളിവർഗ്ഗ വിപ്ലവനേതാവും ചിന്തകനുമായി ഉയർന്നുവന്നിട്ടുണ്ട്. അത് നമ്മൾ പാർട്ടി സഖാക്കളും അനുഭാവികളും അഭ്യുദയകാംക്ഷികളും അനുയായികളുമൊക്കെ അംഗീകരിക്കുകയും മാനിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ജനസാമാന്യത്തിന് അദ്ദേഹത്തെക്കുറിച്ച് അറിവില്ല. ഭരണവർഗ്ഗവും മാദ്ധ്യമങ്ങളും അദ്ദേഹത്തെ ബോധപൂർവ്വം വിസ്മരിക്കുകയും നിശബ്ദത പാലിക്കുകയും അദ്ദേഹത്തിന്റെ നാമധേയവും പാഠങ്ങളും ഓർമ്മയിൽനിന്ന് മായ്ച്ചുകളയാൻ ശ്രമിക്കുകയും ചെയ്യുന്നു. അല്ലാത്തപക്ഷം മർദ്ദിതജനത ശരിയായ വിപ്ലവപാത കണ്ടെത്തുമെന്ന് അവർ ആശങ്കപ്പെടുന്നു.

ഇന്ന് ദേശീയമായും അന്തർദ്ദേശീയമായും ജനങ്ങൾ അഭൂതപൂർവ്വമായ ആപൽഘട്ടങ്ങളെ അഭിമുഖീകരിക്കുകയാണ്. അവർ ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും അനുദിനം തീവ്രമാകുന്ന ദുരിതങ്ങളിൽപ്പെട്ടുഴലുന്നു, മരണാസന്ന മുതലാളിത്തത്തിന്റെ അവസാനഘട്ടമണിത് പ്രതിസന്ധിഗ്രസ്തമായ മുതലാളിത്തം ഊർദ്ധശ്വാസം വലിക്കുകയാണ്. എന്നാൽ അത് താനേ മരണമടയുകയില്ല. ഒരു സാമൂഹ്യവ്യവസ്ഥയും അപ്രകാരം തിരോഭവിക്കുകയില്ല. അതിന്റെ മരണം വേഗത്തിലാക്കാനും എന്നന്നേയ്ക്കുമായി കുഴിച്ചുമൂടാനും ചൂഷിതവർഗ്ഗത്തിന്റെ ബോധപൂർവ്വമായ പ്രവർത്തനം ആവശ്യമുണ്ട്. ഇന്ന് നമ്മൾ കാണുന്നത് ചൂഷിതരായ ജനങ്ങളിൽ ഊറിക്കൂടിയ അസംതൃപ്തി പലയിടത്തും സ്വാഭാവികമായ പൊട്ടിത്തെറിയിലേക്ക് എത്തുന്നതാണ്.

ചില പ്രതിഷേധങ്ങൾ മാസങ്ങൾ നീണ്ടുനില്ക്കുന്നുമുണ്ട്. തിരമാലകൾപോലെ അവ ആഞ്ഞടിക്കുകയും പിൻവാങ്ങുകയും ചെയ്യുന്നു. എന്നാൽ അവർക്ക് നേതൃത്വം നൽകാൻ ഒരു വിപ്ലവനേതാവോ വിപ്ലവ പ്രത്യയശാസ്ത്രമോ പാർട്ടിയോ ഇല്ല. എവിടെയും ജനങ്ങൾ അസംതൃപ്തരാണ്. അവർ പ്രതിഷേധം ആഗ്രഹിക്കുന്നുണ്ട്. മാറ്റത്തിനായുള്ള ത്വര അവരിലുണ്ട്. ചൂഷിതജനതയാകെ മനസ്സിലാകുംവിധം വിപ്ലവനേതൃത്വം ഉയർത്തിക്കൊണ്ടുവരിക എന്നതാണ് ഇന്നത്തെ അടിയന്തരാവശ്യകത. നേരത്തെ പറഞ്ഞതുപോലെ, ചൂഷിത ജനതയുടെയാകെ മുമ്പാകെ തൊഴിലാളിവർഗ വിപ്ലവ നേതാവായ സഖാവ് ശിബ്ദാസ് ഘോഷിനെയും അദ്ദേഹത്തിന്റെ പാഠങ്ങളും ഉയർത്തിക്കാണിക്കാൻ നമുക്കിതുവരെ കഴിഞ്ഞിട്ടില്ല.

ഇന്ന് മഹാനായ മാർക്സിസ്റ്റ് ചിന്തകനും തൊഴിലാളിവർഗ വിപ്ലവനേതാവുമായി സഖാവ് ശിബ്ദാസ് ഘോഷിനെ ഉയർത്തിക്കാണിക്കേണ്ടത് അടിയന്തരവും അനിവാര്യവുമായ കടമയാണ്. മാർക്സിസം-ലെനിനിസത്തിന്റെ വിജ്ഞാനശേഖരത്തെ സമ്പന്നമാക്കിയ അമൂല്യമായ ചർച്ചകൾ ഉൾക്കൊള്ളുന്ന അദ്ദേഹത്തിന്റെ കൃതികൾ പ്രചരിപ്പിച്ചുകൊണ്ട് ആദ്യം ദേശീയതലത്തിലും തുടർന്ന് അന്തർദ്ദേശീയതലത്തിലും ഈ കർത്തവ്യം നിറവേറ്റേണ്ടതുണ്ട്.

ഈ ലക്ഷ്യത്തോടെ, പ്രത്യേകിച്ചും ഈ സന്ദർഭത്തിൽ, സഖാക്കൾ രാജ്യമൊട്ടാകെ, ചുരുങ്ങിയ പക്ഷം പ്രധാന നഗരങ്ങളും പട്ടണങ്ങളും ഉൾക്കൊള്ളുംവിധം സഞ്ചരിച്ച്, സഖാവ് ശിബ്ദാസ് ഘോഷിന്റെ കൃതികൾ പ്രചരിപ്പിക്കണം. വിദ്യാർത്ഥികളുടെയും യുവാക്കളുടെയും തൊഴിലാളികളുടെയും കർഷകരുടെയും അദ്ധ്യാപകരുടെയും ബൗദ്ധിക വ്യക്തിത്വങ്ങളുടെയും ഇടയിൽ നടത്തുന്ന ഈ പ്രചാരണത്തിലൂടെ പാർട്ടിയുടെയും വർഗ്ഗ-ബഹുജന സംഘടനകളുടെയും പ്രവർത്തനങ്ങൾക്ക് പുതിയ മേഖലകളിൽ തുടക്കം കുറിക്കാൻ കഴിയണം. അതോടൊപ്പം അന്തർദ്ദേശീയതലത്തിൽ സമാനമനസ്കരായ കമ്മ്യൂണിസ്റ്റ് പാർട്ടികളും ഗ്രൂപ്പുകളുമായി ബന്ധം സ്ഥാപിക്കാനുള്ള സാദ്ധ്യതകൾ കണ്ടെത്തുന്നതിനായി തീവ്രശ്രമം നടത്തുകയും വേണം.

ഇതുകൂടാതെ, അദ്ദേഹത്തിന്റെ വിപ്ലവപാഠങ്ങളെ അധികരിച്ച് തൊഴിലാളികൾ, കർഷകർ, വിദ്യാർത്ഥികൾ, യുവാക്കൾ, വനിതകൾ, ബൗദ്ധിക വ്യക്തിത്വങ്ങൾ എന്നിവർക്കിടയിൽ ചർച്ചകൾ സംഘടിപ്പിച്ചുകൊണ്ട് വിപ്ലവസമരങ്ങളെ ശക്തിപ്പെടുത്താനായി അവരെ കാര്യങ്ങൾ പഠിപ്പിക്കുകയും പ്രചോദിപ്പിക്കുകയും സംഘടിപ്പിക്കുകയും വേണം. രാജ്യത്താകെത്തന്നെ ബുക്സ്റ്റാളുകളും ഉദ്ധരണി പ്രദർശനങ്ങളും സംഘടിപ്പിക്കണം. മറ്റ് കർത്തവ്യങ്ങളെ സംബന്ധിച്ച് 'പ്രത്യയശാസ്ത്രപരവും സംഘടനാപരവുമായ പ്രശ്നങ്ങളെ സംബന്ധിച്ച് ഒരിക്കൽക്കൂടി' എന്ന കൃതിയിൽ ഞാൻ ചർച്ച ചെയ്തിട്ടുണ്ട്.

വിപ്ലവാഭിവാദനങ്ങളോടെ,

**പ്രൊവാഷ് ഘോഷ്**
ജനറൽ സെക്രട്ടറി
എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)

# സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങളിൽനിന്ന്

# വിപ്ലവപാർട്ടി ബഹുജനസ്വഭാവം ആർജ്ജിക്കണം

**എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപക ജനറൽ സെക്രട്ടറിയും, ഈ യുഗം ദർശിച്ച സമുന്നത മാർക്സിസ്റ്റ് ചിന്തകനും, തൊഴിലാളിവർഗത്തിന്റെ മഹാനായ നേതാവും, ഗുരുവും വഴികാട്ടിയുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ ജന്മശതാബ്ദി ആചരണത്തിന്റെ ഈ ആരംഭവേളയിൽ, അടുത്തിടെ ബംഗാളിയിൽ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ, *ബിപ്ലബി ജിബോണി സർബപേക്ഷ മര്യാദമോയ്* (വിപ്ലവകാരിയുടെ ജീവിതമാണ് ഏറ്റവും മഹോന്നതം) എന്ന കൃതിയിൽ നിന്നുള്ള ഒരു ഖണ്ഡികയുടെ സ്വതന്ത്ര പരിഭാഷയാണ് ഇവിടെ കൊടുത്തിരിക്കുന്നത്. 1974ൽ കൊൽക്കത്തയിൽ നടന്ന ഒരു സ്കൂൾ ഓഫ് പൊളിറ്റിക്സിൽ അദ്ദേഹം നടത്തിയ ചർച്ചയാണ് ഈ കൃതിക്ക് ആധാരം. പരിഭാഷയിൽ എന്തെങ്കിലും തെറ്റുകളോ പോരായ്മകളോ വന്നിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്തം യൂണിറ്റി എഡിറ്റോറിയൽ ബോർഡിനായിരിക്കും.**

പാർട്ടിയുടെ ഇടക്കകാലം തൊട്ടുതന്നെ നാം ഏറ്റവുമധികം പ്രാധാന്യം നൽകിയിരുന്നത്, നേതാക്കളുടെയും സഖാക്കളുടെയും സ്വഭാവഗുണവികാസത്തിനാണ്. കമ്മ്യൂണിസ്റ്റ് സ്വഭാവത്തിന്റെ നൈതികമായ വശത്തിനാണ് നാം പ്രത്യേക ഊന്നൽ നൽകിയത്. അതില്ലാതെ കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ ഉറച്ച അടിത്തറ രൂപപ്പെടുകയില്ല. ഇപ്പോൾ എനിക്ക് തോന്നുന്നത്, സ്വഭാവഗുണത്തിന് പ്രാധാന്യം നൽകിയത് ശരിയായിരുന്നു. പക്ഷേ അതിന്റെ ഊന്നൽ ഏകപക്ഷീയമായിരുന്നു. ഇന്ന് നമ്മൾ നിരീക്ഷിക്കുന്നത്, പാർട്ടിയിൽ ഭൂരിഭാഗം പേരും ഇതിനു മാത്രം ഊന്നൽ നൽകാനാണ് ആഗ്രഹിക്കുന്നത് എന്നതാണ്. പക്ഷേ ഇക്കാര്യത്തിൽ ഞാൻ എന്താണ് ചിന്തിച്ചുകൊണ്ടിരിക്കുന്നതെന്ന് നിങ്ങൾക്ക് മുമ്പാകെ അവതരിപ്പിക്കട്ടെ. എന്റെ വീക്ഷണത്തിൽ സ്വഭാവരൂപീകരണത്തിന്റെ അനിവാര്യതയ്ക്ക് യാതൊരു അയവും ഉണ്ടാകാൻ പാടില്ല. പക്ഷേ, ഇപ്പോൾ നമ്മൾ പ്രാരംഭദശയിൽ അല്ല. ഉയർന്ന തലത്തിലേക്ക് കടക്കേണ്ട സമയമായിരിക്കുന്നു. നേരത്തെ നമ്മുടെ പാർട്ടി ഒരു ആശയ പ്രചാരണ കേന്ദ്രമോ യൂണിറ്റോ ആയിരുന്നു. ആ സമയത്ത്, പാർട്ടി പ്രവർത്തകരുടെ കർത്തവ്യം, ഒരു ആശയം മുന്നോട്ടുവച്ച് തങ്ങളുടെ സർവ്വശക്തിയുമെടുത്ത് അങ്ങേയറ്റത്തെ അർപ്പണത്തോടെ അതിനെ പ്രചരിപ്പിക്കുക എന്നുള്ളതായിരുന്നു. ബഹുജനങ്ങൾക്കിടയിൽ ഒരു പ്രത്യേക ചിന്തയോ ആശയമോ പ്രചരിപ്പിക്കാൻ അവർ കഠിനമായി പരിശ്രമിച്ചുകൊണ്ടിരുന്നു. ആ ഘട്ടം നമ്മൾ കടന്നിരിക്കുന്നു. ഇപ്പോൾ രണ്ടാം ഘട്ടത്തിന്റെ ചർച്ചയിലാണ്. ഈ രണ്ടാം ഘട്ടത്തിൽ, ചില തെരഞ്ഞെടുത്ത മേഖലകളിൽ കുറച്ച് സംഘടിത ബെൽറ്റുകൾ സൃഷ്ടിക്കുന്നതിൽ ചുരുങ്ങി നിൽക്കുന്നത് മതിയാകില്ല. വ്യാപകമായി ബഹുജന മുന്നേറ്റങ്ങളെ വളർത്തിയെടുക്കാനും നമ്മുടെ സംഘടനയെ ബൃഹത്തായ അളവിൽ വിപുലപ്പെടുത്താനും നമ്മൾ മുൻകൈയെടുക്കേണ്ട ഘട്ടമാണ് ഇത്. പാർട്ടിയെ ഒരു ബഹുജന പാർട്ടിയായി പരിവർത്തനപ്പെടുത്തേണ്ട സമയമെത്തിയിരിക്കുന്നു. ഈ ഘട്ടത്തിൽ സ്വഭാവഗുണ രൂപീകരണത്തിനായി പരമാവധി സമയം നീക്കിവെക്കുന്നത് ഉചിതമാവില്ല. ഇപ്പോൾ നമുക്ക് മറ്റൊരു ഉയർന്ന ചുമതല ഏറ്റെടുക്കേണ്ടതുണ്ട്. അത് കൂടാതെ നമുക്ക് സ്വഭാവഗുണം സംരക്ഷിച്ചെടുക്കാനുമാവില്ല . ബഹുജനങ്ങളെ സംഘടിപ്പിക്കുന്നില്ല എങ്കിൽ, നമ്മുടെ സ്വഭാവത്തിന്റെ ചൈതന്യവും നിലനിൽക്കില്ല. രാഷ്ട്രീയ സംരംഭങ്ങൾ വർദ്ധിപ്പിക്കുക, ജനങ്ങളോടൊപ്പം നിൽക്കുക, ജനങ്ങളുടെ ഏതൊരു പ്രശ്നത്തിലും ആരുടെയും ആഹ്വാനത്തിനു കാത്തു നിൽക്കാതെ തന്നെ പ്രക്ഷോഭത്തിലേക്ക് ഇറങ്ങുക, അങ്ങനെ കൃത്യസമയത്തുള്ള നമ്മുടെ വ്യക്തിപരമായ മുൻകൈയുടെയും പ്രവർത്തനത്തിന്റെയും ബലത്തിൽ മുൻനിരയിൽ ഉണ്ടാവുക, എന്നിവയാണ് ഇന്ന് നമുക്ക് പ്രധാനം.

നമ്മുടെ പ്രവർത്തകർക്ക് സ്വഭാവഗുണമുണ്ടാകാം. പക്ഷേ ഈ കഴിവ് അവർക്ക് താരതമ്യത്തിൽ തീരെ കുറവാണ്. ഇതാണ് പ്രധാന പരിമിതി. ശരിയായ നിശ്ചയത്തോടെ ഈ പരിമിതിയെ പരിഹരിക്കുകയാണെങ്കിൽ നമ്മുടെ 75 ശതമാനം പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടു. വെറുതെ പഠനക്ലാസുകൾ നടത്തുന്നതുകൊണ്ട് മാത്രം രാഷ്ട്രീയവും സംഘടനാപരവുമായ നേതൃത്വം നൽകാൻ പര്യാപ്തരായ, വിവിധ മേഖലകളിൽ സംഘടന കെട്ടിപ്പടുക്കാനുള്ള ചുമതല വഹിക്കാൻ ശേഷിയുള്ള ഭാരവാഹികളെ സൃഷ്ടിക്കാനാകുമോ? ഇന്നത്തെ ഭാരവാഹികളും ഒരു പ്രക്ഷോഭത്തിന്റെ ഉൽപ്പന്നമാണ്. പക്ഷേ ആ സമയത്ത് പ്രക്ഷോഭം എന്നത് പ്രധാനമായും ആശയപ്രചാരണത്തിന്റെ രൂപത്തിലായിരുന്നു. അതുകൊണ്ട് അത്തരം ഭാരവാഹികളെ പഠനക്ലാസുകളിലൂടെയും വ്യക്തിപരമായ അടുപ്പത്തിലൂടെയും സൃഷ്ടിക്കാനാകും. പക്ഷേ ഇന്ന് അതു മതിയാകില്ല. ജനങ്ങൾക്കൊപ്പവും അവർക്കിടയിലും എങ്ങനെ പ്രവർത്തിക്കണമെന്നും, ഒരു പ്രക്ഷോഭത്തിലേക്കിറങ്ങാനുള്ള മുൻകൈ എങ്ങനെയെടുക്കണം എന്നും, നമ്മുടെ വ്യതിരിക്തമായ വ്യക്തിത്വവും സ്വഭാവവും രാഷ്ട്രീയ പ്രത്യയശാസ്ത്രവും , എതിർശക്തികളുടെ പ്രതിലോമ വിമർശനങ്ങൾക്ക് അതീതമായി സംരക്ഷിച്ചുകൊണ്ട് എങ്ങനെ പ്രവർത്തിക്കാമെന്നും ഇന്ന് നമ്മൾ പഠിക്കണം. ഈ രീതിയിൽ കാര്യശേഷി വികസിപ്പിക്കുന്നില്ലെങ്കിൽ ബഹുജനസമരങ്ങൾക്ക് പര്യാപ്തമാംവണ്ണം നേതൃത്വം കൊടുക്കാൻ പാർട്ടിയെ പരിവർത്തനപ്പെടുത്തുന്ന പ്രക്രിയയെ നയിക്കാൻ ആവശ്യമായ ഭാരവാഹികളും സഖാക്കളും സൃഷ്ടിക്കപ്പെടുകയില്ല. ഇപ്പോൾ പാർട്ടി വലുതായിരിക്കുന്നു. നിരവധി പ്രക്ഷോഭങ്ങളിൽ അത് പങ്കുകൊള്ളുന്നു. വിവിധ ബഹുജന പ്രവർത്തനങ്ങളിൽ ഭാഗഭാക്കാവുന്നു. അതുകൊണ്ട്, അതുപോലെ കൃത്യമായി പരിശീലിപ്പിക്കപ്പെടുകയും വികസിക്കുകയും ചെയ്ത നേതാക്കളുമായി അടുത്ത ബന്ധം പുലർത്താനുള്ള അവസരം ഭൂരിഭാഗം സഖാക്കൾക്കും മുൻ കാലങ്ങളെക്കാൾ കുറവാണ്. അല്ലെങ്കിൽ തീർത്തും ഇല്ല എന്ന് തന്നെയും പറയാം. ഇതാണ് ആദ്യത്തെ വിഷയം.




കുറച്ച് സഖാക്കൾ എപ്പോഴും സൃഷ്ടിക്കപ്പെടും. ഈ സഖാക്കൾ സ്വഭാവഗുണം കൊണ്ട് ഉൽകൃഷ്ടരായിരിക്കുമെങ്കിലും രാഷ്ട്രീയ മുൻകൈയുടെ കാര്യം വരുമ്പോൾ അവർ ആ ശേഷി ആർജിച്ചിട്ടുണ്ടാകില്ല. പാർട്ടിയുടെ അടിയന്തര അവശ്യകത നിർവ്വഹിക്കുന്നതിന് അവർക്ക് ശേഷിയുണ്ടാകില്ല. ഒരു അളവുകോൽ വെച്ച് നമ്മൾ വിലയിരുത്തുമ്പോൾ, വിപ്ലവത്തിനായുള്ള വീക്ഷണവും പൊരുതാനുള്ള തീക്ഷ്ണതയും ത്യാഗത്തിനുള്ള ശേഷിയും ഉള്ള സമർപ്പിതരും നിസ്വാർത്ഥരുമാണ് അവർ എന്ന് കാണാം. ആ മനോഭാവം അവർക്കുണ്ട്. പക്ഷേ അവർക്ക് ജനങ്ങൾക്കൊപ്പം നിൽക്കാൻ ആകുന്നില്ല. നിന്നാൽ തന്നെ അവർക്ക് തർക്കിക്കാനോ അല്ലെങ്കിൽ പ്രഭാഷണം നടത്താനോ മാത്രമേ സാധിക്കുന്നുള്ളൂ. അവർ അധികമായി പഠിപ്പിക്കാൻ ശ്രമിക്കുന്നു എന്നതുകൊണ്ട് ജനങ്ങൾ അവരെ ഒഴിവാക്കുന്നു. അത്തരം താർക്കികരായ സഖാക്കളെ കണ്ടുമുട്ടുമ്പോൾ ജനങ്ങൾ കരുതുക, അവരോട് പ്രഭാഷണം നടത്താൻ ഒരു പുരോഹിതൻ എത്തിയിരിക്കുന്നു എന്നാണ്. ഇന്നത്തെ തലമുറയ്ക്ക് അങ്ങനെ ഒരുപാട് കാര്യങ്ങൾ കേൾക്കുന്നതിന് താല്പര്യമില്ല. അതുകൊണ്ട് അവർക്ക് എന്താണ് വേണ്ടതെന്നും അവരോടൊപ്പം എങ്ങനെ നിലകൊള്ളാമെന്നും, എപ്പോൾ എങ്ങനെ അവരോട് കാര്യങ്ങൾ വിശദീകരിക്കാമെന്നും നമ്മൾ പഠിക്കേണ്ടിയിരിക്കുന്നു. ജനങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കണം എന്നതുകൊണ്ട്, സോഷ്യലിസം എന്താണ് എന്നതിൽ തുടങ്ങി ജീവിതത്തിന്റെ മൂല്യം എന്താണ്, സ്വഭാവഗുണം എന്നാൽ എന്താണ് എന്ന് വരെയുള്ള കാര്യങ്ങൾ എല്ലാം ഒറ്റയടിക്ക് നമ്മൾ വിശദീകരിക്കുകയും ജനങ്ങൾ അപ്പോൾ തല ചൊറിഞ്ഞു പ്രതികരണമില്ലാതെ നിൽക്കുകയും ചെയ്യുക എന്നല്ല വേണ്ടത്. അങ്ങനെയാണെങ്കിൽ പിന്നീട് എന്ത് സംഭവിക്കും? നമ്മളെ എപ്പോൾ ദൂരെ നിന്ന് കണ്ടാലും, നമ്മുടെ പ്രഭാഷണത്തെ ഭയന്ന് ജനങ്ങൾ എതിർ ദിശയിലേക്ക് ഓടി രക്ഷപ്പെടും. രണ്ടു മൂന്ന് ദിവസം അങ്ങനെ പ്രഭാഷണം നടത്തിക്കഴിഞ്ഞാൽ തന്നെ ജനങ്ങൾ നമ്മളെ ഒഴിവാക്കുന്നതായി നമുക്ക് കാണാൻ സാധിക്കും. അതുകൊണ്ട് ജനങ്ങളിൽ ധാരണ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുക എന്നത് നിരർത്ഥകമാണെന്ന് നമുക്ക് അനുമാനിക്കാം.

നമ്മൾ വളരെയധികം പരിശ്രമിക്കുന്നു, പക്ഷേ ആരും നമുക്ക് ചെവി തരുന്നില്ല. ആർക്കും പഠിക്കാനുള്ള മനസ്സില്ല. ജനങ്ങളെക്കൊണ്ട് ഒരുപാട് കാര്യങ്ങൾ ഒരേസമയം മനസ്സിലാക്കിക്കാൻ ശ്രമിക്കുന്നത് കൊണ്ട് എന്ത് പ്രയോജനമാണ് ഉള്ളത് എന്നാണ് ഞാൻ ചോദിക്കുന്നത്. അവരോടൊപ്പം ജീവിക്കുക, അവരോടൊപ്പം നിലനിൽക്കുക, നിങ്ങൾ സ്വയംതന്നെ ഉലച്ചിൽ തട്ടാതെ നിലകൊള്ളുക. അവർ പതിയെ മനസ്സിലാക്കിക്കൊള്ളും. അതുകൊണ്ട് നിങ്ങൾക്ക് ക്ഷമ ഉണ്ടാകണം. നിങ്ങൾ പറയുന്നത് അവർക്ക് ഗ്രഹിക്കാൻ സാധിക്കുന്നത് പോലെ മെല്ലെ അവർക്ക് വിശദീകരിച്ചു കൊടുക്കുക. ഒരു പഴയ പഴഞ്ചൊല്ലുണ്ട്. ക്ഷമ കയ്പ്പേറിയതാകാം, പക്ഷേ അതിന്റെ ഫലം മധുരമുള്ളതാവും. ഇത് ഓർക്കുകയാണെങ്കിൽ നമുക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ സാധിക്കും. ഈ സാഹചര്യത്തിൽ നമ്മൾ മറ്റൊരു കാര്യം കൂടി അറിയേണ്ടതുണ്ട്. അല്ലെങ്കിൽ എല്ലാ കാര്യങ്ങളും സങ്കീർണമാകാം. നമ്മുടെ ധാരണയും ശരിയാവുകയില്ല. ഒരു വിപ്ലവപ്രവർത്തകൻ ഒരു വിപ്ലവകാരിയെ പോലെ സംസാരിക്കുകയും വിപ്ലവ മുദ്രാവാക്യങ്ങൾ ഉയർത്തുകയും ചെയ്തിട്ട്, വിപ്ലവകാരിയുടേതല്ലാത്ത രീതിയിൽ പെരുമാറുന്നത് ഉചിതമല്ല. അനുചിതവും അനീതിയുമായ ഒന്നിന് അനുകൂലമായി ഒരു പ്രവാഹം ഉണ്ടാകാം. അത്തരം ഒരു സാഹചര്യത്തിൽ ഒരു വിപ്ലവകാരി ഒറ്റയ്ക്കാണെങ്കിൽ കൂടി ആ പ്രവാഹത്തിനെതിരെ നീങ്ങും. ഒഴുക്കിനെതിരെ പോകുവാൻ ആയിരിക്കും അയാളുടെ മനോഭാവം. മനുഷ്യർക്ക് രണ്ട് വ്യത്യസ്ത മനോഭാവങ്ങളുണ്ട്. സാധാരണക്കാരുടെയും ഇടത്തരക്കാരുടെയും പ്രവണത, കാറ്റ് വീശുന്ന ദിശയിലേക്ക് നീങ്ങുക, അല്ലെങ്കിൽ മുന്നിട്ടുനിൽക്കുന്നത് എന്തോ അതിനു പിന്നിൽ അണിചേരുക എന്നതാണ്. ഈ രീതിയിലാണ് ആൺകുട്ടികളും പെൺകുട്ടികളുമൊക്കെ ഫാഷന്റെ ഇരകളാകുന്നത്. അനുകരിക്കാനുള്ള ഈ പ്രവണത ദോഷകരമാണ്. കാരണം അതൊരു പകർപ്പെടുക്കൽ സംസ്കാരത്തിന് നുഴഞ്ഞുകയറാൻ അവസരം നൽകുകയാണ്. ആ സാഹചര്യത്തിൽ ജനങ്ങൾക്ക് ദുഷിക്കാതിരിക്കാനാവില്ല. അനുകരണശീലത്തിൽ ജനങ്ങൾ മുങ്ങിക്കുളിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അവർക്ക് സ്വന്തമായി എന്ത് വിലയാണ് ഉണ്ടാവുക? അതുകൊണ്ടാണ്, രണ്ടു തരത്തിലുള്ള ജനങ്ങൾ ഉണ്ടെന്ന് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി അവരുടെ പത്താം കോൺഗ്രസ്സിൽ അഭിപ്രായപ്പെട്ടത്. ഒരു വിഭാഗത്തിൽപ്പെട്ടവർ, ഉയർന്നുവരുന്ന ഒരു പ്രവണതകളുടെയും പിന്നാലെ അന്ധമായി പോകാതെ, ശരിയായ ധാരണയുടെയും വിലയിരുത്തലിന്റെയും അടിസ്ഥാനത്തിൽ മുന്നോട്ടു നീങ്ങുന്നു. പൊതുവിലുള്ള മാനസികശേഷിയും മനോഭാവവും പ്രവർത്തന രീതിയും ഒഴുക്കിനെതിരെ നീങ്ങുന്നതിനാകും എന്ന് കരുതി, അർഹമായ ഒരു പ്രവാഹം ഉയർന്നു വന്നാൽ അതിനെതിരെയും പോകും എന്നല്ല. ഇല്ല, രണ്ടിന്റെയും ഇടയിൽ നമ്മൾ ആശയക്കുഴപ്പത്തിലായാൽ ഗുണപരമായ ഒന്നിനെയും സ്വീകരി

(ശേഷം 10–ാം പേജിൽ)

## സഖാവ് ശിബ്ദാസ് ഘോഷ് ജന്മശതാബ്ദി

# വിദേശ രാജ്യങ്ങളിലെ സഹോദര പാർട്ടികളിൽനിന്ന് ലഭിച്ച സന്ദേശങ്ങൾ




### കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് പാക്കിസ്ഥാൻ

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപകനും ഉപഭൂഖണ്ഡത്തിലെയും അന്തർദ്ദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെയും മഹാനായ സൈദ്ധാന്തികനുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ ജന്മശതാബ്ദി ആചരണവേളയിൽ സിപിപി ആത്മാർത്ഥവും ഹൃദ്യവുമായ അഭിവാദ്യങ്ങൾ അർപ്പിക്കുന്നു.

ഉപഭൂഖണ്ഡത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം പലവിധ യാതനകളും പ്രതിസന്ധികളും അഭിമുഖീകരിക്കുന്ന ഈ വേളയിൽ അവയെക്കുറിച്ചൊക്കെ ആഴമാർന്ന വിശകലനം ഉണ്ടാകേണ്ടത്, പുതിയ തന്ത്രങ്ങളും പ്രവർത്തന പദ്ധതികളുമൊക്കെ ആവിഷ്കരിക്കുന്നതിൽ സുപ്രധാനമാണെന്ന സുചിന്തിത അഭിപ്രായമാണ് സിപിപിക്ക് ഉള്ളത്. മാർക്സിസം-ലെനിനിസത്തെ മുറുകെപ്പിടിച്ചുകൊണ്ടേ മുതലാളിത്തം നമുക്കുനേരെ ഉയർത്തിയിരിക്കുന്ന വെല്ലുവിളികളെ നേരിടാനാകൂ. തെളിമയാർന്ന പുരോഗമന ആശയങ്ങളാൽ, അന്തർദ്ദേശീയ സാമ്രാജ്യത്വ ശക്തികൾക്കും പ്രാദേശിക മുതലാളിത്ത-ജന്മിത്ത ശക്തികൾക്കുമെതിരെ ശക്തമായ ആശയസമരം വളർത്തിയെടുക്കുകയും തൊഴിലാളിവർഗ മുന്നേറ്റങ്ങൾക്ക് ധീരമായ നേതൃത്വം നൽകുകയും ചെയ്ത എല്ലാ ആചാര്യന്മാരുടെയും അമൂല്യങ്ങളായ പാഠങ്ങൾ നമ്മൾ പിന്തുടരേണ്ടതുണ്ട്.

ഇന്ന് മതാഭിമുഖ്യത്തിന്റെയും വിഘടനവാദത്തിന്റെയും പിന്തുണയോടെ സാമ്രാജ്യത്വം പുതിയ രൂപഭാവങ്ങൾ കൈക്കൊണ്ട് നമുക്കുമുന്നിൽ ഭീഷണി ഉയർത്തുകയാണ്. ഇന്ന് വർഗീയവും വിഭാഗീയവുമായ സംഘർഷങ്ങളിൽ പങ്കാളിയാകാതെ നിവൃത്തിയില്ലാത്തവിധം സാധാരണക്കാരിൽ വർഗീയ വികാരങ്ങൾ നിറയ്ക്കുന്നതും അവന്റെ ജീവിതത്തെ അടിമുടി ബന്ധിച്ചിരിക്കുന്ന സാമൂഹ്യ-സാമ്പത്തിക പ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കാൻ സമയം ലഭിക്കാത്ത അവസ്ഥ സൃഷ്ടിച്ചിരിക്കുന്നതും വളരെ ആസൂത്രിതമായ ഒരു ഗൂഢാലോചനയുടെ ഫലമാണ്. വംശീയതയുടെയും പ്രാദേശിക വാദത്തിന്റെയുമൊക്കെ പേരിൽ പണിയെടുത്തു ജീവിക്കുന്നവരെ പരസ്പരം കലഹിപ്പിക്കുന്നു എന്നതാണ് ഏറ്റവും വലിയ ഭീഷണിയായിരിക്കുന്നത്. ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുടെയും കമ്മ്യൂണിസ്റ്റ് പാർട്ടികളുടെയുമൊക്കെ ശക്തി ക്ഷയിക്കാൻ ഇത് കാരണമാകുന്നു.

നമ്മൾ പ്രത്യയശാസ്ത്ര നിലപാടുകളെ മുറുകെപ്പിടിക്കുകയും ബൂർഷ്വാ ജനാധിപത്യത്തിന്റെ സങ്കീർണ്ണതകളിൽപ്പെട്ട് വഴിതെറ്റിപ്പോകാതിരിക്കുകയും ചെയ്താൽ ചൂഷകശക്തികൾക്ക് മാരകപ്രഹരമേൽപ്പിക്കാൻപോന്ന ശക്തിയായി മാറാനും സോഷ്യലിസ്റ്റ് വിപ്ലവം സാദ്ധ്യമാക്കാനും കഴിയുമെന്ന പ്രതീക്ഷ ഞങ്ങൾക്കുണ്ട്.

ഇന്ത്യൻ രാഷ്ട്രീയത്തിൽ സഖാവ് ശിബ്ദാസ് ഘോഷിന്റെ പങ്കും സേവനങ്ങളും അവഗണിക്കാവുന്നതല്ല. ചൂഷക-മർദ്ദക ശക്തികൾക്കെതിരായ അദ്ദേഹത്തിന്റെ അനിതരസാധാരണമായ പോരാട്ടം കണ്ടില്ലെന്ന് നടിക്കുകയല്ല, വിശാലമായ അർത്ഥത്തിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് നൽകിയ സംഭാവനകളുടെയും മറക്കാനാവാത്ത സമരങ്ങളുടെയും പേരിൽ ആ പോരാട്ടത്തെ ഒരു ഉദാത്ത മാതൃകയായി ഉയർത്തിപ്പിടിക്കുകയാണ് വേണ്ടത്. അദ്ദേഹത്തിന്റെ ആശയങ്ങളെയും പാഠങ്ങളെയും വഴികാട്ടിയായി സ്വീകരിച്ചുകൊണ്ട് എസ്‌യുസിഐ(സി) കൈവരിച്ചുകൊണ്ടിരിക്കുന്ന മുന്നേറ്റങ്ങൾ തീർച്ചയായും വിജയം വരിക്കുകതന്നെ ചെയ്യും. അന്ധത, വർഗ്ഗീയത, പിന്തിരിപ്പത്തം, ചൂഷണം, അടിച്ചമർത്തൽ എന്നിവയുടെയൊക്കെ അകമ്പടിയോടെ സോഷ്യലിസത്തിനുമുന്നിൽ പ്രതിബന്ധം തീർക്കുന്ന മുതലാളിത്തത്തെ പരാജയപ്പെടുത്തി സോഷ്യലിസം ഉദയം കൊള്ളുന്നത് ഇന്ത്യൻ ജനത ദർശിക്കുകതന്നെ ചെയ്യും.

### പാർട്ടി ഓഫ് കമ്മ്യൂണിസ്റ്റ്സ് യുഎസ്എ

മഹാനായ മാർക്സിസ്റ്റ് നേതാവ് ശിബ്ദാസ് ഘോഷിന്റെ ജന്മശതാബ്ദി ദിനമായ 2022 ആഗസ്റ്റ് 5ന് സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ(കമ്മ്യൂണിസ്റ്റ്) പാർട്ടിയെ ദ പാർട്ടി ഓഫ് കമ്മ്യൂണിസ്റ്റ് യുഎസ്എ (പിസിയുഎസ്എ) അഭിവാദ്യം ചെയ്യുന്നു.

ശിബ്ദാസ് ഘോഷ് സ്വാതന്ത്ര്യത്തിനുവേണ്ടിയും സാമ്രാജ്യത്വത്തിനെതിരെയുമുള്ള പോരാട്ടത്തിലെ പോരാളിയായിരുന്നു. ഇന്ത്യയിലെ തൊഴിലാളിവർഗ്ഗത്തിന്റെ പ്രമുഖ പ്രസ്ഥാനമായ സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപകനുമാണ്. ഈ ജന്മശതാബ്ദി വേളയിൽ എസ്‌യുസിഐ(സി)ക്ക് എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

### സോഷ്യലിസ്റ്റ് പാർട്ടി ഓഫ് ബംഗ്ലാദേശ് (മാർക്സിസ്റ്റ്)

ഈ യുഗത്തിലെ സമുന്നത മാർക്സിസ്റ്റ് ചിന്തകരിലൊരാളും തൊഴിലാളിവർഗ്ഗത്തിന്റെ മഹാനായ നേതാവും സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപക ജനറൽ സെക്രട്ടറിയുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ ജന്മശതാബ്ദി വേളയിൽ, സോഷ്യലിസ്റ്റ് പാർട്ടി ഓഫ് ബംഗ്ലാദേശ്(മാർക്സിസ്റ്റ്) വിപ്ലവാഭിവാദ്യങ്ങൾ അർപ്പിക്കുന്നു.

ഞങ്ങളുടെ പാർട്ടിയുടെ സ്ഥാപക ജനറൽ സെക്രട്ടറിയും സഖാവ് ശിബ്ദാസ് ഘോഷിന്റെ ശിഷ്യനുമായ സഖാവ് മൊബിനുൾ ഹൈദർ ചൗധരിയാണ് സഖാവ് ശിബ്ദാസ് ഘോഷിന്റെ ആശയങ്ങൾ ബംഗ്ലാദേശിലേക്ക് കൊണ്ടുവന്നത്. ജീവിതത്തിന്റെ നാനാതുറകളിലുള്ള ആയിരക്കണക്കിനാളുകളെ, വിശേഷിച്ച് യുവാക്കളെയും യുവതികളെയും മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്ത ആകർഷിക്കുകയും പലരും വീടും കുടുംബവുമൊക്കെ ഉപേക്ഷിച്ച് മുന്നോട്ടുവരികയും ചെയ്തു. ഇന്ന് ഞങ്ങളുടെ രാജ്യത്ത് ഒരു യഥാർത്ഥ വിപ്ലവപാർട്ടി കെട്ടിപ്പടുക്കാനുള്ള തീവ്രമായ സമരത്തിലാണ് ഞങ്ങൾ. മാർക്സ്-എംഗൽസ്-ലെനിൻ-സ്റ്റാലിൻ-മാവോ സെതുംഗ് എന്നിവർക്കുശേഷം പ്രാമാണിക മാർക്സിസ്റ്റ് നേതൃത്വമായാണ് ഞങ്ങൾ സഖാവ് ശിബ്ദാസ് ഘോഷിനെ കാണുന്നത്.

ഈ ജന്മശതാബ്ദി ആചരണവേളയിൽ ലോകത്തെ ചൂഷിതരും മർദ്ദിതരുമായ ജനങ്ങൾക്ക് സഖാവ് ശിബ്ദാസ് ഘോഷിന്റെ ചിന്തകൾ വിമോചനപാത തെളിച്ചുകൊടുക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

**സഖാവ് മസൂദ് റാണ**
കോ-ഓർഡിനേറ്റർ സെൻട്രൽ എക്സിക്യൂട്ടീവ് ഫോറം,
സോഷ്യലിസ്റ്റ് പാർട്ടി ഓഫ്
ബംഗ്ലാദേശ്(മാർക്സിസ്റ്റ്)

### സിലോൺ കമ്മ്യൂണിസ്റ്റ് യൂണിറ്റി സെന്റർ

സഖാവ് ശിബ്ദാസ് ഘോഷ് ജന്മശതാബ്ദി ആചരിക്കുന്ന സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ(കമ്മ്യൂണിസ്റ്റ്) പാർട്ടിക്ക് വിജയാശംസകൾ അറിയിക്കുന്നതിൽ ഞങ്ങൾ സിലോൺ(ശ്രീലങ്ക) കമ്മ്യൂണിസ്റ്റ് യൂണിറ്റി സെന്ററിന് സന്തോഷമുണ്ട്. മനുഷ്യസമൂഹത്തിന് വഴികാട്ടുകയും മനുഷ്യജീവിതത്തെ ചിട്ടപ്പെടുത്തുകയും ചെയ്ത തത്ത്വചിന്തകൾക്ക് ജന്മം നൽകുന്ന കാര്യത്തിലും മറ്റ് ഭൂഖണ്ഡങ്ങളിലുണ്ടായ തത്ത്വചിന്തകളെ വ്യാഖ്യാനിക്കുകയും അവ പ്രയോഗിക്കുകയും ചെയ്യുന്ന കാര്യത്തിലും ഇന്ത്യൻ ഉപഭൂഖണ്ഡം മറ്റൊരു ഭൂഖണ്ഡത്തെക്കാളും പിന്നിലല്ല.

മാർക്സിസം-ലെനിനിസം പ്രയോഗവൽക്കരിക്കുന്നതിലും അതിനെ കൂടുതൽ വികസിപ്പിക്കുന്നതിലും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വളരെയേറെ സംഭാവനകൾ നൽകിയിട്ടുണ്ട്. ഞങ്ങൾക്ക് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുമായി രണ്ട് പതിറ്റാണ്ടിലേറെ നീണ്ട ബന്ധമുണ്ട്. മാർക്സിസം-ലെനിനിസത്തെ വ്യാഖ്യാനിക്കുന്നതിലും അതിന്റെ പ്രയോഗത്തിലും സഖാവ് ശിബ്ദാസ് ഘോഷ് നൽകിയ സംഭാവനകൾ മനസ്സിലാക്കാനും ഞങ്ങൾക്ക് അവസരം ലഭിച്ചിട്ടുണ്ട്.

സഖാക്കളെ, ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കുന്ന കാര്യത്തിലും മാർക്സിസത്തിന്റെ അനുഷ്ഠാനപരമായ വശങ്ങൾ വികസിപ്പിച്ചെടുക്കുന്നതിലും സഖാവ് ശിബ്ദാസ് ഘോഷിന്റെ പൈതൃകം പേറുന്നവരാണ് നിങ്ങൾ. ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വിപ്ലവ ചൈതന്യം, പാർട്ടി കേഡർമാർ വ്യക്തിജീവിതത്തിൽ അനുഷ്ഠിക്കേണ്ട കാര്യങ്ങൾ എന്നിവ സംബന്ധിച്ച് സഖാവ് ശിബ്ദാസ് ഘോഷ് നൽകിയ സംഭാവനകൾ ഞങ്ങൾക്ക് വലിയ പ്രചോദനമായിട്ടുണ്ട്. സഖാവ് ശിബ്ദാസ് ഘോഷിനെപ്പോലൊരു മാർക്സിസ്റ്റ്-ലെനിനിസ്റ്റിന്റെ ജന്മശതാബ്ദി ആചരണം, അതുകൊണ്ടുതന്നെ മാർക്സിസം-ലെനിനിസത്തിൽനിന്ന് മാർഗനിർദ്ദേശം സ്വീകരിച്ചുകൊണ്ട് മനുഷ്യസമൂഹത്തിന്റെ മോചനത്തിനായി സമർപ്പിതമായി പ്രവർത്തിക്കുന്ന ഏതൊരാളെ സംബന്ധിച്ചും വളരെ പ്രധാനപ്പെട്ട ഒരു കർത്തവ്യമാണ്.

ജന്മശതാബ്ദി ആചരണത്തിന് ഞങ്ങൾ എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു. അത് മനുഷ്യസമൂഹത്തിന്റെ മോചനത്തിനായി പ്രയത്നിക്കുന്ന ഇന്ത്യയിലെയും ഈ മേഖലയിലെ മറ്റ് രാജ്യങ്ങളിലെയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്കും അഭിവൃദ്ധിക്കും ശക്തിപ്പെടലിനും ഇടയാക്കുമെന്നും പ്രത്യാശിക്കുന്നു.

**സഖാവ് ഇ.തമ്പയ്യ**
ജനറൽ സെക്രട്ടറി,
സിലോൺ കമ്മ്യൂണിസ്റ്റ്
യൂണിറ്റി സെന്റർ

## വിപ്ലവപാർട്ടി ബഹുജനസ്വഭാവം ആർജ്ജിക്കണം

(10-ാം പേജിൽ നിന്ന്)

ക്കാൻ നമുക്കാവില്ല. സിപിസിയുടെ പത്താം കോൺഗ്രസ്സിൽ ഈ വിഷയം പരാമർശിച്ചത് പൊതുവായ ഒരു ശേഷിയെ വിശദീകരിക്കാനാണ്. പക്ഷേ യോജിക്കാത്ത അവതരണം മൂലം ഏതൊരു സാഹചര്യത്തിലും ആ മനോഭാവം കൈക്കൊള്ളുന്നതിന് അടിവരയിടുന്നത് പോലെയാണ് തോന്നുക. ഉയർന്നുവരുന്ന ഒരു പ്രവണത, സ്വീകരിക്കാൻ അർഹവും വിപ്ലവത്തിന് അനുഗുണവും ആണെങ്കിൽ, എന്തിന് അതിനെ എതിർക്കണം? തീർച്ചയായും പാടില്ല. അങ്ങനെ സിപിസിയും പറയാൻ ഉദ്ദേശിച്ചിട്ടില്ല. ഒഴുക്കിനെതിരെ പോവുകയെന്നത് ഒരു മാർക്സിസ്റ്റ്-ലെനിനിസ്റ്റ് തത്ത്വമായി പത്താം കോൺഗ്രസ് പ്രസ്താവിക്കുന്നു. അതൊരു മാർക്സിസ്റ്റ്-ലെനിനിസ്റ്റ് തത്ത്വം മാത്രമല്ല. എല്ലാ കാലഘട്ടങ്ങളിലുമുള്ള മഹാന്മാരായ മനുഷ്യരുടെയെല്ലാം മനോഭാവം ഒഴുക്കിനെതിരെ പോവുക എന്നത് തന്നെയായിരുന്നു.

രണ്ടുതരത്തിലുള്ള മനുഷ്യരുണ്ട്. ഒരു കൂട്ടർ വെറുതെ അനുകരിക്കുന്നു. അതേസമയം, രണ്ടാമത്തെ കൂട്ടർ പുതുതായി ചിലത് സൃഷ്ടിക്കുന്നു. ഒരു കൂട്ടർ സമൂഹത്തിൽ നിന്നും എടുക്കുക മാത്രം ചെയ്യുന്നു. മറുകൂട്ടർ, സമൂഹത്തിന് തിരികെ എന്തെങ്കിലും നൽകുന്നു. ഈ രണ്ടു തരത്തിലുള്ള ജനങ്ങളും സമൂഹത്തിൽ നിലനിൽക്കുന്നു. സമൂഹത്തിന് എന്തെങ്കിലും നൽകണമെന്ന് ആഗ്രഹിക്കുന്നവർക്ക് ഒഴുക്കിനെതിരെ പോകാനുള്ള ഒരു മാനസിക പ്രവണതയും മനോഭാവവും ആണുള്ളത്. അവർ ഒഴുക്കിന്റെ ഇരകളായി മാറാറില്ല. ഇതാണ് സിപിസിയുടെ പത്താം കോൺഗ്രസ് മനോഹരമായി പറഞ്ഞത്. വിപ്ലവത്തിന്റെയോ പ്രക്ഷോഭത്തിന്റെയോ ഒരു വേലിയേറ്റം ഉയർന്നുവന്നാലും അതിനെതിരെ പോവുകയെന്നതാണ് മാർക്സിസ്റ്റ്-ലെനിനിസ്റ്റ് തത്ത്വമെന്നോ, ആ പ്രവാഹത്തിൽ നിന്നും നമ്മൾ പിന്തിരിയണമെന്നോ, ഇതിൽ നിന്നും ആരും നിർണയിക്കരുത് അതൊരു തെറ്റായ ധാരണയാണ്. ഒരു വിപ്ലവ വേലിയേറ്റമുണ്ടാകുമ്പോൾ ജനങ്ങൾ നിരനിരയായി അതിലേക്ക് എടുത്തുചാടുന്നു. അതുകൊണ്ട് അതിൽ പലരുംരക്തസാക്ഷികളാകുന്നു. ആ പ്രക്ഷോഭത്തിന്റെ ഗതിയിൽ ചിലർ നേതാക്കളായും ഉയർന്നുവരുന്നു. ഈ ഘട്ടത്തിൽ, നേതൃത്വം നൽകുന്ന പാർട്ടി ഓരോ തലത്തിലുമുള്ള അന്ധതയോട് പൊരുതിയില്ലെങ്കിൽ, ബഹുജനങ്ങൾക്ക് ശിക്ഷണം നൽകുന്നതിൽ പരാജയപ്പെട്ടാൽ, പല മോശപ്പെട്ട പ്രവണതകളും ആ വേലിയേറ്റത്തിനുള്ളിൽ മറഞ്ഞിരിക്കുന്നുണ്ടാക്കാം. അങ്ങനെ വന്നാൽ, വിപ്ലവം വിജയിച്ചാൽ പോലും പിന്നീട് പല ബുദ്ധിമുട്ടുകളും ഉയർന്നുവരും. പക്ഷേ ഒന്നും പേടിക്കേണ്ടതില്ല, അത്തരം പ്രവണതകളെ മുൻകൂട്ടി തന്നെ തിരിച്ചറിയുന്നതിൽ ജാഗരൂകരായിരിക്കുന്ന നേതൃത്വം ആണ് ശരിയായ വിപ്ലവ നേതൃത്വം. ■

**കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ പിടിയിലാണ് ശ്രീലങ്ക. ബൂർഷ്വാ സാമ്പത്തിക ലോകത്ത്, ഒരു കാലത്ത്, ഉയർന്ന ജീവിതനിലവാരമുള്ള രാജ്യം എന്ന രീതിയിൽ ഒരു പഠനമാതൃകയായിരുന്ന ശ്രീലങ്ക ഇന്ന് ഫലത്തിൽ പാപ്പരായിരിക്കുന്നു. സ്ഥിതി കൂടുതൽ വഷളായതിനെത്തുടർന്ന്, ജനങ്ങളുടെ രോഷത്തിൽ നിന്ന് രക്ഷപ്പെടാനായി, ശ്രീലങ്കൻ പ്രസിഡന്റ് ഗോതബായക്ക് രാജ്യം വിടേണ്ടി വന്നു. രാജപക്സെ കുടുംബവുമായി വളരെ അടുപ്പമുള്ളതും, ആറ് തവണ രാജ്യത്തിന്റെ പ്രധാനമന്ത്രിയുമായ, യുണൈറ്റഡ് നാഷണൽ പാർട്ടി (യുഎൻപി) നേതാവ് റനിൽ വിക്രമസിംഗെ പുതിയ പ്രസിഡന്റായി ചുമതലയേറ്റെങ്കിലും, അദ്ദേഹംതന്നെ തന്റെ നിസ്സഹായത വെളിപ്പെടുത്തി. തകരുന്ന സമ്പദ്വ്യവസ്ഥയുടെ കാരണം മരണാസന്നമായ മുതലാളിത്ത വ്യവസ്ഥയിലധിഷ്ഠിതമാണ്. ആഗോളതലത്തിൽ, അഭൂതപൂർവമായ വിപണിപ്രതിസന്ധിയിലാണ്ടിരിക്കുന്ന സാമ്രാജ്യത്വ –മുതലാളിത്തം ജനങ്ങളുടെ വൻപ്രതിഷേധം നേരിടുകയാണ്.**



# ശ്രീലങ്ക എന്തുകൊണ്ട് കടക്കെണിയിലായി?

ദുർബ്ബലമായ വിപണികളിൽ സാമ്രാജ്യത്വവാദികൾ അങ്ങേയറ്റം ആക്രമണോത്സുകരാണ്. എല്ലാ തിന്മകളുടെയും അടിസ്ഥാനമായ, ജീർണ്ണിച്ചുകൊണ്ടിരിക്കുന്ന മുതലാളിത്ത വ്യവസ്ഥയെ സേവിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു സർക്കാരിനും, ജനവിരുദ്ധ മുതലാളിത്ത അനുകൂല നയങ്ങൾ പിന്തുടരാതിരിക്കാൻ കഴിയില്ല എന്നതിനാൽ, സാധാരണ ജനങ്ങൾക്ക് അത് കൂടുതൽ ദുരിതവും കഷ്ടപ്പാടും ഉണ്ടാക്കും. ലങ്കൻ സർക്കാരിനെ കടക്കെണിയിൽ കുരുക്കി, ശാന്തസുന്ദരമായ ഈ ദ്വീപിന്റെ പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്യാനുള്ള അവസരം സാമ്രാജ്യത്വ രാജ്യങ്ങൾക്കും നഷ്ടമായില്ല. ഏത് വംശജരായാലും, മതസ്ഥരായാലും അധ്വാനിക്കുന്ന സാധാരണ ശ്രീലങ്കൻ ജനതയാണ്, രാജ്യം ദീർഘകാലമായി പിന്തുടരുന്ന, കടക്കെണിയിലാഴ്ത്തി ഭരണം നടത്തുന്ന, ജനവിരുദ്ധ നയത്തിന്റെ വില നൽകുന്നത്. ശ്രീലങ്കൻ പ്രശ്നം ഈ പശ്ചാത്തലത്തിൽ മനസ്സിലാക്കേണ്ടതുണ്ട്.

## ശ്രീലങ്കൻ റിപ്പബ്ലിക്ക് ഉദയം ചെയ്ത ചരിത്രപശ്ചാത്തലം

1948 ഫെബ്രുവരിയിൽ ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിൽ നിന്ന് ശ്രീലങ്ക രാഷ്ട്രീയ സ്വാതന്ത്ര്യം നേടി. സാമ്രാജ്യത്വ-മുതലാളിത്തം അതിന്റെ ജീർണ്ണാവസ്ഥയിലേക്ക് പ്രവേശിച്ച കാലഘട്ടത്തിലാണ് ശ്രീലങ്കൻ മുതലാളിത്തം ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിനടിയിൽ വളർന്നു വന്നത്. അതുകൊണ്ടു തന്നെ ശ്രീലങ്കൻ മുതലാളിത്തം തുടക്കംമുതൽസങ്കുചിതവുംമുരടിച്ചതുമായിരുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായ ശ്രീലങ്കൻ സ്വാതന്ത്ര്യസമരത്തിൽ അനുരഞ്ജന, അനനുരഞ്ജന പ്രവണതകൾ ഉൾക്കൊണ്ടിരുന്നു. ഈ പ്രവണതകളും ഘടകങ്ങളും, സിംഹള-തമിഴ് സമുദായങ്ങളെ ഉൾക്കൊള്ളുന്ന, ആ രാജ്യത്തിന്റെ ഒരൊറ്റ പോരാട്ടമായി വികസിച്ചു. 1919ൽ രൂപീകരിച്ച, വിവിധ സംഘടനകളുടെ വിശാല പ്ലാറ്റ്ഫോമായ സിലോൺ നാഷണൽ കോൺഗ്രസ് (സിഎൻസി) ആയിരുന്നു നേതൃനിരയിലുണ്ടായിരുന്നത്. ശ്രീലങ്കൻദേശീയബൂർഷ്വാസിയുടെ അനുരഞ്ജന സ്വഭാവമുള്ളതും, എന്നാൽ ശക്തവുമായ ഒരു വിഭാഗം ഇതിനുള്ളിൽ ആധിപത്യം പുലർത്തി. സാമ്രാജ്യത്വ ഭരണാധികാരികളുമായുള്ള ഒത്തുതീർപ്പിലൂടെ, ഭരണകൂട അധികാരം കൈക്കലാക്കിയ ശ്രീലങ്കൻ ദേശീയ ബൂർഷ്വാസി, അതിവേഗ വ്യവസായവൽക്കരണവും, ആധുനികവൽക്കരണവും, കാർഷികമേഖലയുടെ യന്ത്രവൽക്കരണവും ഏറ്റെടുക്കുമെന്നും, അതുവഴി വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മ പ്രശ്നം പരിഹരിച്ച് സമ്പദ് വ്യവസ്ഥയ്ക്ക് ഉത്തേജനം നൽകുമെന്നും, ശ്രീലങ്കൻ ജനതയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുമെന്നും പ്രതീക്ഷിക്കാനാവില്ല. സിലോൺ സമൂഹത്തെ ജനാധിപത്യവൽക്കരിക്കുന്നതിലും ന്യൂനപക്ഷ തമിഴ് ദേശീയതയുടെ പ്രശ്നം പരിഹരിക്കുന്നതിലും അത് പരാജയപ്പെട്ടു. നേരെമറിച്ച്, മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തെ അത്യധികം ഭയപ്പെടുന്ന ശ്രീലങ്കൻ ബൂർഷ്വാസി, സിംഹള-തമിഴ് വംശജരെ കൂടുതൽ ഭിന്നിപ്പിച്ചുകൊണ്ട്, വംശഹത്യാപരമായ സ്പർദ്ധയിലെത്തിക്കാൻ എല്ലാ മാർഗങ്ങളും പരീക്ഷിച്ചു. ഇത് അങ്ങേയറ്റം ഗുരുതരമായ അവസ്ഥയിലേക്ക് കാര്യങ്ങളെ ക്കൊണ്ടെത്തിച്ചു. തമിഴ് വംശജരുടെ സ്വയംനിർണ്ണയാവകാശത്തെ അടിസ്ഥാനമാക്കി, രാജ്യത്തിന്റെ വടക്ക്-കിഴക്കൻ ഭാഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു സ്വതന്ത്ര തമിഴ് രാഷ്ട്രത്തിനായി, ശ്രീലങ്കൻ ഗവൺമെന്റിനെതിരെ ഒരു പ്രമുഖ തീവ്ര സംഘടനയായ ലിബറേഷൻ ടൈഗേഴ്സ് ഓഫ് തമിഴ് ഈലം അഥവാ എൽ ടി ടി ഇ, യുദ്ധം ആരംഭിച്ചു. തൽഫലമായി, ദശാബ്ദങ്ങളായി സിംഹള-തമിഴ് സമുദായങ്ങൾ തമ്മിൽ നിരന്തരം അക്രമാസക്തമായ കലഹങ്ങളാൽ തകർന്ന ഒരു രാജ്യമായി ശ്രീലങ്ക അറിയപ്പെട്ടു.. ഈ ആഭ്യന്തരയുദ്ധം, ഇന്ത്യൻ സാമ്രാജ്യത്വവും പിന്നീട് ചൈനീസ് സാമ്രാജ്യത്വവും ഉൾപ്പെടെയുള്ള സാമ്രാജ്യത്വ ശക്തികൾക്ക് രാജ്യത്തിന്റെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടാനും ശ്രീലങ്കൻ സമ്പദ് വ്യവസ്ഥയെ തകർക്കാനും വഴിയൊരുക്കി.

## ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി

ഇതുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ മാധ്യമങ്ങളിൽ ഇടം നേടിയിട്ടുണ്ട്. അതിനാൽ, ഞങ്ങൾ പ്രധാനപ്പെട്ട നിരീക്ഷണങ്ങളിൽ മാത്രം ഒതുങ്ങുന്നു. ശ്രീലങ്കയിൽ തേയില, റബ്ബർ, സുഗന്ധവ്യഞ്ജനങ്ങൾ, നാളികേരം മുതലായ നിരവധി പ്രകൃതിവിഭവങ്ങൾ ഉണ്ട്. ഈ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുകയും രാജ്യത്തിന് ആവശ്യമായ എല്ലാ ഉൽപ്പന്നങ്ങളും ഇറക്കുമതി ചെയ്യുകയും ചെയ്തു. അടിസ്ഥാനപരമായി, ഇത് ഒരു വ്യാപാര കേന്ദ്രമാണ്. അതിനാൽ എടുത്തു പറയേണ്ട ഒരു വ്യവസായവും വികസിച്ചില്ല. ടൂറിസം വ്യവസായം മാത്രം അഭിവൃദ്ധി പ്രാപിച്ചു. ഏതാനും ടെക്സ്റ്റൈൽമില്ലുകൾ സ്ഥാപിക്കുകയും ചെയ്തു. തുടക്കത്തിൽ, കയറ്റുമതിയും ഇറക്കുമതിയും ഏതാണ്ട് സന്തുലിതമായിരുന്നു. അതിനാൽ, ബാലൻസ് ഓഫ് പേയ്മെന്റ് പ്രതിസന്ധിയുണ്ടായില്ല. എന്നാൽ 1960 കൾക്ക് ശേഷം ഈ നില മാറി. ഇറക്കുമതി ബിൽ കയറ്റുമതിയെക്കാൾ കൂടുതലായി തുടങ്ങി. അതിനാൽ, ഉദാരമായി വായ്പ അനുവദിച്ച് വിടവ് നികത്താൻ രാജ്യത്തെ ഭരണാധികാരികൾ അന്താരാഷ്ട്ര നാണയ നിധിയെ (ഐഎംഎഫ്) സമീപിച്ചു. അതോടൊപ്പം, സമ്പദ്വ്യവസ്ഥയെ ഉദാരവൽക്കരിക്കുന്നതിനുള്ള നടപടികൾ തുടങ്ങി.

1970 കളുടെ അവസാന പകുതി മുതൽ, സമ്പദ്വ്യവസ്ഥ കുത്തഴിഞ്ഞുതുടങ്ങി. 1977 മുതൽ ശ്രീലങ്കയിൽ മാറിമാറി വന്ന ഗവണ്മെന്റുകൾ രാജ്യം കെട്ടിപ്പടുത്തത് കടത്തിന്റെ അസ്ഥിരമായ അടിത്തറയിലാണ്. വർദ്ധിച്ച വിദേശ വായ്പയെടുത്ത് വ്യാപാര കമ്മി നിയന്ത്രിക്കാൻ ശ്രമിച്ചതു മുതൽ, ശ്രീലങ്കയുടെ വിദേശ കടം ഉയരാൻ തുടങ്ങി. 1977ൽ ഇത് നൂറു കോടി യുഎസ് ഡോളറിലെത്തി, പിന്നീട് 2020ൽ 56 ശതകോടി യുഎസ് ഡോളറായി ഉയർന്നു. ഈ കടത്തിന്റെ 81% യുഎസ്, യൂറോപ്യൻ സാമ്രാജ്യത്വരാജ്യങ്ങൾ, ജപ്പാൻ, ഇന്ത്യ എന്നിവിടങ്ങളിൽ നിന്നുള്ളതായിരുന്നു. ചൈന വൈകിവന്ന ഋണദായകനായിരുന്നു. എന്നിട്ടും വർദ്ധിച്ചുവരുന്ന ഇറക്കുമതിക്കും മന്ദീഭവിച്ച കയറ്റുമതിക്കും എതിരെ ഒരു നടപടിയും ഉണ്ടായില്ല. സാധാരണയിലും കുറഞ്ഞ ആദായം ലഭിക്കുന്ന, എന്നാൽ ദീർഘമായ കാലയളവ് ആവശ്യമായ വൻകിട അടിസ്ഥാനസൗകര്യ പദ്ധതികൾക്കു വേണ്ടിയുള്ള വിവേചനരഹിതമായ കടമെടുപ്പുകൾ ഇതിനകം ദുർബലമായ വിദേശനാണ്യ ശേഖരത്തെ സാരമായി ബാധിച്ചു. സാമ്പത്തിക കെടുകാര്യസ്ഥതയും കോവിഡ് മൂലമുണ്ടായ സാമ്പത്തിക മാന്ദ്യവും അതിന്റേതായ പങ്ക് വഹിച്ചു. മുകളിൽ പറഞ്ഞതുപോലെ, ശ്രീലങ്ക ദീർഘകാലമായി, ഡോളർ വരുമാനത്തിനായി വിദേശ വിനോദസഞ്ചാരികളെയും പ്രവാസികളയയ്ക്കുന്ന പണത്തിനെയും ആശ്രയിച്ചു വന്നിരുന്നു. പക്ഷേ, കോവിഡ് മഹാവ്യാധി അതിനെ തടഞ്ഞു. തൽഫലമായി, 2022 ജനുവരിയിൽ രാജ്യത്തിന്റെ ഔദ്യോഗിക കരുതൽ ശേഖരം 2.36 ബില്യൺ യുഎസ് ഡോളറായി കുറഞ്ഞു. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ശ്രീലങ്കയുടെ വിദേശ കടം തിരിച്ചടവ് 26 ബില്യൺ യുഎസ് ഡോളറായി (പ്രതിവർഷം അഞ്ചു ബില്യൺ ഡോളർ) എത്തിയിട്ടുണ്ട് എന്നു പറയപ്പെടുന്നു. ഈ തുക 2020 ലെ സർക്കാർ വരുമാനത്തിന്റെ 80 ശതമാനത്തിലധികമാണ്. ഈ വർഷം മാർച്ച് അവസാനം വിദേശനാണ്യ കരുതൽ ശേഖരം 1.93 ബില്യൺ യുഎസ് ഡോളറായി കുറഞ്ഞു. ഈ തുച്ഛമായ കരുതൽ ധനം ഉപയോഗിച്ച് രാജ്യത്തിന്റെ കടം തിരിച്ചടവ് എങ്ങനെ നിറവേറ്റാനാകും? പുതിയ ഇറക്കുമതിക്ക് പണം എങ്ങനെ കണ്ടെത്തും? അതിനാൽ, 51 ബില്യൺ ഡോളറിന്റെ വിദേശ കടം തിരിച്ചടവ് താൽക്കാലികമായി നിർത്തിവയ്ക്കാനുള്ള ഏകപക്ഷീയമായ തീരുമാനം സെൻട്രൽ ബാങ്ക് ഓഫ് ശ്രീലങ്ക പ്രഖ്യാപിച്ചു. കൂടാതെ, ബാലൻസ് ഓഫ് പേയ്മെന്റ് സാഹചര്യം നിയന്ത്രിക്കുന്നതിന് അന്താരാഷ്ട്ര നാണയ നിധിയിൽ നിന്ന് (ഐഎംഎഫ്) ഉടനടി സഹായം തേടുകയും ചെയ്തു. മറുവശത്ത്, മരുന്നുകൾ, പാൽപ്പൊടി, പാചകവാതകം, മണ്ണെണ്ണ, വൈദ്യുതി, മറ്റ് അവശ്യവസ്തുക്കൾ എന്നിവയുടെ ക്ഷാമത്തോടൊപ്പം പണപ്പെരുപ്പ നിരക്ക് 50 ശതമാനത്തിലേക്ക് കുതിച്ചുയരുകയാണ്. 2020ന്റെ നാലാം പാദത്തിൽ തൊഴിലില്ലാത്തവരുടെ എണ്ണം 4,41,997 ആയി കണക്കാക്കപ്പെടുന്നു. ഇപ്പോൾ ഇത് വളരെ കൂടുതലാണ്. ശ്രീലങ്ക ഒരു ഇരട്ട കമ്മി സമ്പദ്വ്യവസ്ഥയാണ്. അത് സൂചിപ്പിക്കുന്നത്, ഒരു രാജ്യത്തിന്റെ ദേശീയ ചെലവ് ദേശീയ വരുമാനത്തേക്കാൾ കൂടുതലാണെന്നും, അതിന്റെ വ്യാപാരത്തിനുള്ള ചരക്കുകളുടെയും സേവനങ്ങളുടെയും ഉത്പാദനം അപര്യാപ്തമാണെന്നുമാണ്. വാസ്തവത്തിൽ, ശ്രീലങ്ക ഇപ്പോൾ ഉയർന്ന കടത്തിന്റെയും വിലക്കയറ്റത്തിന്റെയും ഇരട്ട ആഘാതത്തെ അഭിമുഖീകരിക്കുന്നു. അതോടൊപ്പം ഭക്ഷണം, മരുന്നുകൾ, ഇന്ധനം, എന്നിവയുടെ വ്യാപകമായ ക്ഷാമവും, രാജ്യവ്യാപകമായ പ്രതിഷേധത്തിന് കാരണമായി. കടമെടുത്ത പണം ജനങ്ങളുടെ ക്ഷേമത്തിനോ സാമ്പത്തിക വീണ്ടെടുപ്പിനോ വേണ്ടി ഉപയോഗിച്ചിട്ടില്ല. പ്രത്യക്ഷത്തിൽ അത് അപഹരിക്കപ്പെട്ടിരിക്കുന്നു.



ഇന്ധന ക്ഷാമത്തിലും വിലവർദ്ധനവിലും പ്രതിഷേധിച്ച് ശ്രീലങ്കൻ പ്രസിഡന്റ് ഗോതബായ രാജപക്സെ രാജിവെക്കണമെന്നാവശ്യപ്പെട്ട് കൊളംബോയിൽ നടന്ന പ്രതിഷേധത്തിൽ കാലി സിലിണ്ടർ ഉയർത്തിക്കാട്ടുന്ന പ്രക്ഷോഭകൻ.

## സാമ്രാജ്യത്വശക്തികളുടെ ഇടപെടൽ

1983ൽ ശ്രീലങ്കയ്ക്ക് അതിന്റെ നാണയ മൂല്യം മുമ്പുണ്ടായിരുന്ന മൂല്യത്തിന്റെ നാലിലൊന്നായി കുറയ്ക്കേണ്ടിവന്നു. കൂടാതെ, സിംഗപ്പൂർ മാതൃകയിൽ 'തുറന്ന സമ്പദ്വ്യവസ്ഥ'യാക്കി മാറ്റിക്കൊണ്ട്,

(ശേഷം 12–ാം പേജിൽ)

# വിദേശ കടവും വികലമായ ഭരണവും ശ്രീലങ്കയെ തകർത്തു

(11–ാം പേജിൽ നിന്ന്)

സമ്പദ് വ്യവസ്ഥയെ വിദേശികൾക്ക്, പ്രത്യേകിച്ച് പാശ്ചാത്യ ബഹുരാഷ്ട്ര കമ്പനികൾക്ക് സ്വതന്ത്ര മേഖലയാക്കാൻ തീരുമാനിച്ചു. ഇന്ത്യ, ജപ്പാൻ, യുഎസ്, എന്നീ രാജ്യങ്ങൾക്കും യൂറോപ്യൻ യൂണിയനും ശ്രീലങ്കയിൽ സാമ്പത്തിക താൽപ്പര്യമുണ്ട്. ഓരോന്നിനും ഒരു പ്രത്യേക ചരിത്ര കാലഘട്ടത്തിൽ മേൽക്കോയ്മ ഉണ്ടായിരുന്നു. മുൻകാലങ്ങളിൽ, ശ്രീലങ്കയുടെ ദുർബലമായ നികുതി വരുമാനം, പരമ്പരാഗത ദാതാക്കളിൽ നിന്ന് -അതായത്, പാശ്ചാത്യ സാമ്രാജ്യത്വ ശക്തികളിൽ നിന്നും ജപ്പാനിൽ നിന്നുമുള്ള ഉദാരമായ ഇളവുകളോടുകൂടിയ കടങ്ങളാൽ നികത്തപ്പെട്ടിരുന്നു. ഈ സഹായങ്ങൾ രാജ്യത്തെ സാമ്പത്തിക വികസന (പേറ്റണേജ്) പരിപാടികൾക്ക് സഹായകമാകുകയും സോഷ്യലിസ്റ്റ് ചേരിയിൽ നിന്ന് അകറ്റി നിർത്തുന്നതിനുപകരിക്കുകയും ചെയ്തു. എന്നാൽ സോവിയറ്റ് സോഷ്യലിസത്തിന്റെ ദുഃഖകരമായ തകർച്ചയ്ക്ക് ശേഷം, വികസന മുൻഗണനാക്രമങ്ങളിൽ ഉണ്ടായ മാറ്റങ്ങൾ, ഈ ഫണ്ടുകൾ ഗണ്യമായി കുറയാൻ ഇടയാക്കി. പ്രതിവിപ്ലവത്തിനുശേഷം പ്രബലമായ സാമ്രാജ്യത്വ ശക്തിയായി ഉയർന്നുവന്ന ചൈനയും തങ്ങളുടെ സ്വാധീനവലയം വ്യാപിപ്പിക്കാനുള്ള പദ്ധതിക്ക് തുടക്കമിട്ടു. കോടിക്കണക്കിന് ഡോളറിന്റെ ഹംബന്തോട്ട തുറമുഖവും കൊളംബോ-ഗാലെ എക്സ്പ്രസ് വേയും ഉൾപ്പെടെ കൂടുതൽ അടിസ്ഥാന സൗകര്യ വികസനപദ്ധതികൾ ചൈനയ്ക്ക് ലഭിച്ചു. ശ്രീലങ്കൻ സമ്പദ്‌വ്യവസ്ഥയുടെ രക്തം ഊറ്റിവെളുപ്പിച്ചതിനാൽ, 'വെള്ളാനകൾ' എന്നാണ് ഈ പദ്ധതികളെ വിളിക്കുന്നത്. ഹൈവേകൾ, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, കൽക്കരി, വൈദ്യുതനിലയം എന്നിവയുടെ നിർമ്മാണത്തിനായി കഴിഞ്ഞ ദശകത്തിൽ ചൈന ശ്രീലങ്കയ്ക്ക് 5 ബില്യൺ ഡോളറിലധികം വായ്പ നൽകിയത് ഇവിടെ പരാമർശിക്കേണ്ടതാണ്. ശ്രീലങ്കയുടെ വിദേശകടത്തിന്റെ 47 ശതമാനവും അന്താരാഷ്ട്ര മൂലധന വിപണികളിൽ നിന്നാണ്. 22% ബഹുമുഖ വികസന ബാങ്കുകളും, 10% ജപ്പാനും കടം കൊടുത്തിരിക്കുന്നു.

2017 വരെ മൊത്തം 11 ബില്യൺ യുഎസ് ഡോളറിലധികം മൂല്യമുള്ള 50ൽ അധികം പദ്ധതികൾക്ക് ചൈന ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ, ചില ചൈനീസ് വായ്പകളുടെ പലിശ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് വായ്പകളുടെ 2.5-3 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ 6.5 ശതമാനമാണ്. ഇപ്പോൾ ചൈന, സെൻട്രൽ ബാങ്ക് ഓഫ് ശ്രീലങ്കയ്ക്ക് 1.5 ബില്യൺ യുഎസ് ഡോളറിന്റെ 'കറൻസി സ്വാപ്പ്' നൽകിയിട്ടുണ്ട്. (ഒരു കറൻസിയിലുള്ള ലോണിന്റെ മുതലും പലിശയും, മറ്റൊരു കറൻസിയിൽ കൈമാറ്റം ചെയ്യുന്ന കരാറാണ് കറൻസി സ്വാപ്പ്). അതോടൊപ്പം സർക്കാരിന് 1.3 ബില്യൺ ഡോളർ സിൻഡിക്കേറ്റഡ് വായ്പയും നൽകിയിട്ടുണ്ട്. ഇതിനുപരിയായി, 1.5 ബില്യൺ യുഎസ് ഡോളർ ക്രെഡിറ്റ് സൗകര്യവും ഒരു ബില്യൺ യുഎസ് ഡോളർ വരെ പ്രത്യേക വായ്പയും പരിഗണിക്കുന്നതായി റിപ്പോർട്ടുണ്ട്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ശ്രീലങ്കയിൽ ഇന്ത്യയുടെയും പാശ്ചാത്യ സാമ്രാജ്യത്വത്തിന്റെയും വർദ്ധിച്ചുവരുന്ന സ്വാധീനം തടയാൻ ചൈന ആഗ്രഹിക്കുന്നു. മുൻ പ്രസിഡന്റ് ഗോതബയ രാജപക്സെ, തന്റെ സർക്കാരിന്റെ ചൈനാ അനുകൂല പ്രതിച്ഛായ ഇല്ലാതാക്കുന്നതിനായി പാശ്ചാത്യ ശക്തികളുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിൽ താൽപ്പര്യം പ്രകടിപ്പിച്ചതായി റിപ്പോർട്ടുകളുണ്ട്.




**ശ്രീലങ്കയെ തങ്ങളുടെ ഭാഗത്തേക്ക് ആകർഷിക്കാൻ ഇന്ത്യയും ശക്തമായി രംഗത്തുണ്ട്. ശ്രീലങ്കയുടെ ഒരു പ്രധാന വ്യാപാര പങ്കാളിയായിരുന്നു ഇന്ത്യ. ശ്രീലങ്കയിലെ നാലാമത്തെ വലിയ നിക്ഷേപകരാണ് ഇന്ത്യ. എല്ലാ പ്രമുഖ ഇന്ത്യൻ കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കും അവിടെ നിക്ഷേപമുണ്ട്. ഇന്ത്യ ഇതിനകം 3 ബില്യൺ ഡോളർ 'കറൻസി സ്വാപ്പ്', 'ക്രെഡിറ്റ് ലൈൻ' വഴി നൽകിക്കഴിഞ്ഞു. ഇന്ത്യയുടെ മുതലാളിത്ത സാമ്പത്തിക – രാഷ്ട്രീയ അഭിലാഷങ്ങൾ 1987ലെ ഇന്തോ – ശ്രീലങ്കൻ കരാറിലും 2000ലെ സ്വതന്ത്ര വ്യാപാരകരാറിലും പ്രതിഫലിച്ചിട്ടുണ്ട്.**

ശ്രീലങ്കയെ തങ്ങളുടെ ഭാഗത്തേക്ക് ആകർഷിക്കാൻ ഇന്ത്യയും ശക്തമായി രംഗത്തുണ്ട്. ഇന്ത്യ ശ്രീലങ്കയുടെ ഒരു പ്രധാന വ്യാപാര പങ്കാളിയായിരുന്നു. ഇന്ത്യയുടെ മുതലാളിത്ത സാമ്പത്തിക-രാഷ്ട്രീയ അഭിലാഷങ്ങൾ 1987ലെ ഇന്തോ-ശ്രീലങ്കൻ കരാറിലും 2000-ലെ സ്വതന്ത്ര വ്യാപാര കരാറിലും പ്രതിഫലിച്ചിട്ടുണ്ട്. ശ്രീലങ്കയിലെ നാലാമത്തെ വലിയ നിക്ഷേപകരാണ് ഇന്ത്യ. എല്ലാ പ്രമുഖ ഇന്ത്യൻ കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കും അവിടെ നിക്ഷേപമുണ്ട്. ഭക്ഷണവും മരുന്നും ഉൾപ്പെടെയുള്ള അവശ്യവസ്തുക്കൾ ഇറക്കുമതി ചെയ്യുന്നതിന് സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന രാജ്യത്തേക്ക് ഇന്ത്യ ഇതിനകം 3 ബില്യൺ ഡോളർ 'കറൻസി സ്വാപ്പ്', 'ക്രെഡിറ്റ് ലൈൻ' വഴി നൽകിക്കഴിഞ്ഞു. (ഒരു രാജ്യത്തിന് ആവശ്യമുള്ളപ്പോൾ മറ്റുള്ളവരിൽ നിന്ന് പണം കടം വാങ്ങാനും അത് തിരിച്ചടയ്ക്കാനും മറ്റൊരു വായ്പയ്ക്ക് യോഗ്യതയില്ലാതെ കൂടുതൽ വായ്പയെടുക്കാനും, അനുവദിക്കുന്ന സുരക്ഷിതമല്ലാത്ത വ്യക്തിഗത വായ്പയുടെ ഒരു രൂപമാണ്-ക്രെഡിറ്റ് ലൈൻ). കഴിഞ്ഞ ജൂണിൽ ശ്രീലങ്കയുടെ പൊതുസംരംഭങ്ങൾക്കായുള്ള പാർലമെന്ററി കമ്മിറ്റിയുടെ ഹിയറിംഗിൽ, 500 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റ് പദ്ധതി അദാനി ഗ്രൂപ്പിന് അനുവദിക്കണമെന്ന് ഇന്ത്യൻ പ്രധാനമന്ത്രി മോദി നിർബന്ധിക്കുന്നുണ്ടെന്ന്, മുൻ പ്രസിഡന്റ് ഗോതബയ രാജപക്സെ തന്നോട് പറഞ്ഞിരുന്നതായി, സിലോൺ ഇലക്ട്രിസിറ്റി ബോർഡ് ചെയർമാൻ എംഎംസി ഫെർഡിനാൻഡോ പറഞ്ഞിരുന്നു. പിന്നീട് എന്തോ കാരണത്താൽ അദ്ദേഹം പ്രസ്താവനയിൽ നിന്ന് പിന്മാറിയെങ്കിലും പ്രശ്നം അവസാനിച്ചില്ല. വൈദ്യുത പദ്ധതികൾ നൽകുന്നതിന് മത്സരാധിഷ്ഠിത ലേലത്തിന്റെ വ്യവസ്ഥ നീക്കം ചെയ്യുന്നതിനായി ശ്രീലങ്കൻ പാർലമെന്റ് 1989 ലെ ഇലക്ട്രിസിറ്റി ആക്ടിൽ ഭേദഗതി പാസാക്കിയതിനെ തുടർന്നാണ് വിവാദം പൊട്ടിപ്പുറപ്പെട്ടത്. നിയമം ഭേദഗതി ചെയ്യാനുള്ള പ്രധാന കാരണം അദാനി ഇടപാടിന് വഴിയൊരുക്കാനാണെന്ന് പ്രതിപക്ഷം ആരോപിച്ചു. അദാനി ഗ്രൂപ്പിന്റെ ചെയർമാൻ ഗൗതം അദാനിയും കഴിഞ്ഞ ഒക്ടോബറിൽ ശ്രീലങ്കൻ സന്ദർശന വേളയിൽ, കൊളംബോ തുറമുഖ പദ്ധതിക്ക് പുറമെ, രാജ്യവുമായി 'മറ്റ് അടിസ്ഥാന സൗകര്യ പങ്കാളിത്തം' പ്രതീക്ഷിക്കുന്നതായി പറഞ്ഞിരുന്നു. സാമ്രാജ്യത്വശക്തികൾ വായ്പയുടെരൂപത്തിലുള്ളസാമ്പത്തിക സഹായം എന്ന് വിളിക്കുന്നത് മനുഷ്യസ്നേഹത്തിന്റെ പ്രവർത്തനങ്ങളല്ല. മറിച്ച് ഈ പ്രശ്നബാധിതമായ രാജ്യത്ത് തങ്ങളുടെ സാമ്പത്തിക-രാഷ്ട്രീയ പിടി മുറുക്കാനുള്ള കരുതിക്കൂട്ടിയ തന്ത്രമാണെന്ന് പറയേണ്ടതില്ല.

### ശ്രീലങ്കൻ ബൂർഷ്വാ രാഷ്ട്രീയത്തിൽ സങ്കുചിതമായ ശ്രീലങ്കൻ ദേശഭ്രാന്താണ് മുഖ്യധാര

മുതലാളിത്ത ഇന്ത്യയിൽ വർഗീയതയും, ജാതീയതയും, പ്രാദേശികവാദവും, മറ്റ് സങ്കുചിത വിഭാഗീയതകളും ഭരിക്കുന്നതുപോലെ, ശ്രീലങ്കയിലും എല്ലാ ബൂർഷ്വാ, പെറ്റി ബൂർഷ്വാ ശക്തികളും അനുവർത്തിക്കുന്ന സങ്കുചിത ദേശഭ്രാന്ത് രാഷ്ട്രീയത്തിലെ മുഖ്യധാരയായി മാറിയിരിക്കുന്നു. സൈനിക ചെലവിൽ ഉണ്ടായ വലിയ വർധനവുൾപ്പടെ, സമ്പദ് വ്യവസ്ഥയിലെ ഭരണകൂട ഇടപെടലിന്റെ കാരണമാക്കി വംശീയ സംഘർഷത്തെ മാറ്റി. രണ്ടു രാജ്യങ്ങളിലേയും ഭരിക്കുന്ന മുതലാളി വർഗ്ഗത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും ഒന്നുതന്നെയാണ്. മുതലാളിത്ത ചൂഷണത്തിനെതിരായ സമരത്തിൽ ഒറ്റക്കെട്ടായി നിൽക്കാൻ കഴിയാത്തവിധം എല്ലാ മേഖലകളിലുമുള്ള അടിച്ചമർത്തപ്പെട്ടവരും ചൂഷണം ചെയ്യപ്പെടുന്നവരുമായ ജനങ്ങൾക്കിടയിൽ വിള്ളൽ വീഴ്ത്തുക, വംശീയപ്രശ്നങ്ങൾ തടയാനെന്ന പേരിൽ ക്രൂരമായ നിയമങ്ങൾ കൊണ്ടുവരാനും, അതുവഴി മരണാസന്നമായ മുതലാളിത്തത്തിന് ആയുസ്സ് നീട്ടിക്കൊടുക്കാനും വഴിയൊരുക്കുക എന്നതാണ് അത്. നശിക്കുന്ന മുതലാളിത്തത്തെ പ്രതിരോധിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന പാർലമെന്ററി പാർട്ടികൾ ജനങ്ങൾക്കിടയിലുള്ള ഈ ഭിന്നതകളെ ഉപയോഗപ്പെടുത്തുന്നു. തരംതാണ പാർലമെന്ററി രാഷ്ട്രീയത്തിൽ ലാഭവിഹിതം കൊയ്യാൻ ഭരണകൂട സംവിധാനത്തിന്റെ സഹായത്തോടെ പോലും ഈ ഭിന്നതകളെ സൃഷ്ടിച്ചെടുക്കുകയും ഊട്ടിവളർത്തുകയും ചെയ്യുന്നു.

### കലഹിക്കുന്ന ഒരു ഭരണവാഴ്ച്ച ശ്രീലങ്കയെ നാശത്തിലേക്ക് തള്ളിവിട്ടു

കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി രാജപക്സെ കുടുംബാധിപത്യമാണ് ശ്രീലങ്കൻ രാഷ്ട്രീയത്തിൽ തുടർന്നുവരുന്നത്. 2005ൽ മഹിന്ദ രാജപക്സെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുകയും, അദ്ദേഹത്തിന്റെ കുടുംബം രാഷ്ട്രീയമേഖലയിൽ ആധിപത്യം സ്ഥാപിക്കുകയും ചെയ്തു. മഹിന്ദയുടെ 10 വർഷത്തെ ഭരണകാലത്താണ് (2005-2015) ശ്രീലങ്ക വലിയ രീതിയിൽ ചൈനയോട് ചേർന്നു നിന്നത്. ഈ ഭരണവാഴ്ച്ചക്കാലത്ത് വലിയ തോതിൽ പണം കടംവാങ്ങൽ ആരംഭിച്ചു. ആദ്യം, 2009ൽ തമിഴ് ന്യൂനപക്ഷ വിഘടനവാദികൾക്കെതിരായ ശ്രീലങ്കയുടെ മൂന്ന് പതിറ്റാണ്ട് നീണ്ട ആഭ്യന്തരയുദ്ധത്തിന് പണം നൽകാനും, പിന്നീട് റോഡുകൾ, വിമാനത്താവളങ്ങൾ, സ്റ്റേഡിയങ്ങൾ, പവർ ഗ്രിഡുകൾ എന്നിവയുടെ "സൂപ്പർ-ഗ്രോത്ത്" വികസനത്തിനും കടം വാങ്ങുന്നു. ജിഡിപി 20 ബില്യൺ ഡോളറിൽ നിന്ന് 80 ബില്യൺ ഡോളറായി വളർന്നു, എന്നാൽ ഈ പ്രക്രിയയിൽ 14 ബില്യൺ ഡോളറിലധികം കടമെടുത്തു. കൈക്കൂലി മുതൽ കള്ളപ്പണം വെളുപ്പിക്കൽ വരെയുള്ള വലിയ അഴിമതി ആരോപണങ്ങളുടെ ചെളിക്കുണ്ടിൽ രാജപക്സെമാരെല്ലാം മുങ്ങി. ഒളിച്ചോടിയ മുൻ പ്രസിഡന്റ് ഗോതബായ രാജപക്സെ, മുൻ സൈനിക ഉദ്യോഗസ്ഥനാണ്. മഹിന്ദ രാജ്യത്തിന്റെ പ്രസിഡന്റായിരിക്കുമ്പോൾ പ്രതിരോധ, നഗര വികസന മന്ത്രാലയത്തിന്റെ സെക്രട്ടറിയായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2019 നവംബറിൽ നടന്ന പ്രസിഡന്റ് തിരഞ്ഞെടുപ്പിലാണ് ഗോതബായ അധികാരത്തിലെത്തിയത്. 2020 ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ശ്രീലങ്ക പൊതുജന പെരമുന ഉത്തുവാരിയതോടെ ഗവൺമെന്റിന്റെ മേലുള്ള രാജപക്സെയുടെ പിടി കൂടുതൽ മുറുകി. മഹിന്ദ രാജപക്സെ പ്രധാന മന്ത്രിയായി. അദ്ദേഹം മന്ത്രിസഭയിലേക്ക് രണ്ട് ബന്ധുക്കളെ കൊണ്ടുവന്നു. അതായത് 26 അംഗ മന്ത്രിസഭയിൽ നാല് രാജപക്സെമാർ ഉണ്ടായിരുന്നു.

### ഗോതബായ സർക്കാരിന്റെ വികലമായ നയങ്ങൾ

ഗോതബായ ഗവൺമെന്റിന്റെ തെറ്റായ നടപടികളുടെ ഒരു പരമ്പര ഇതിനകം തന്നെ അസ്ഥിരമായ സാമ്പത്തിക സ്ഥിതി കൂടുതൽ വഷളാക്കി. ലോകത്തിലെ ആദ്യത്തെ സമ്പൂർണ്ണ 'ജൈവ കാർഷികോൽപ്പാദന' രാഷ്ട്രം ആകാനുള്ള ത്വരയിൽ, രാജ്യത്തെ കാർഷിക ശാസ്ത്രജ്ഞർ പറയുന്നത് മുഖവിലയ്ക്കെടുക്കാതെ, എന്നാൽ വിദഗ്ധരുടെ വേഷം കെട്ടിയ വ്യാജന്മാരുടെ തെറ്റായ ഉപദേശങ്ങൾ അനുസരിച്ച് , 2021 ഏപ്രിലിൽ ശ്രീലങ്കൻ ഗവൺമെന്റ് എല്ലാ രാസവളങ്ങളുടെയും കീടനാശിനികളുടെയും ഇറക്കുമതി നിരോധിച്ചു. ശ്രീലങ്കയുടെ വിദേശനാണ്യ പ്രതിസന്ധി ഒരു പരിധി വരെ ലഘൂകരിക്കുമെന്നും, കോവിഡ് -19 മൂലമുണ്ടായ ലോക്ക്ഡൗണുകളും, മറ്റ് തടസ്സങ്ങളും സൃഷ്ടിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം തടയുമെന്നും ഗോതബയ രാജപക്സെ സർക്കാർ വാദിച്ചു. ഈ തീരുമാനം വിനാശകരമായ പ്രത്യാഘാതങ്ങളുണ്ടാക്കി. കാർഷിക വിളവ് 33 ശതമാനം കുറഞ്ഞു, നെൽകൃഷിയിൽ സ്വയംപര്യാപ്തത നേടിയ ശ്രീലങ്കയ്ക്ക് ഈ കുറവ് നികത്താൻ അയൽ രാജ്യങ്ങളിൽ നിന്ന് അരി ഇറക്കുമതി ചെയ്യേണ്ടി വന്നു. പരമ്പരാഗതമായി വിദേശനാണ്യ വരുമാനം നൽകുന്ന തേയില ഉൽപ്പാദനവും കയറ്റുമതിയും ഗണ്യമായി കുറഞ്ഞു. പൊടുന്നനെ 'ജൈവകൃഷി'യിലേക്കു മാറാനുള്ള സർക്കാരിന്റെ തീരുമാനത്തിനെതിരെയും 2021 ഏപ്രിലിൽ രാസവളങ്ങളുടെ ഇറക്കുമതി നിരോധിച്ചുകൊണ്ടുള്ള ഉത്തരവിനെതിരെയും ശ്രീലങ്കയിലെ രണ്ട് ദശലക്ഷം കർഷകർ മാസങ്ങളായി പ്രതിഷേധത്തിലാണ്.

അടുത്തതായി, ഗോതബായ സർക്കാർ ഇറക്കുമതി നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. രാസവളങ്ങൾ കൂടാതെ, വിദേശ കറൻസി പുറത്തേക്ക് ഒഴുകുന്നത് തടയാൻ ആഡംബര വാഹനങ്ങൾ, മഞ്ഞൾപോലുള്ള സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ ഇറക്കുമതി സർക്കാർ നിരോധിച്ചു. മോട്ടോർ വാഹനങ്ങളുടെ ഇറക്കുമതി നിരോധനം 2020 മാർച്ചിൽ പ്രാബല്യത്തിൽ വന്നു. നിരോധനത്തിന് മുമ്പ് ശ്രീലങ്ക വളം ഇറക്കുമതിക്കായി പ്രതിവർഷം 400 മില്യൺ യുഎസ്

(ശേഷം 13–ാം പേജിൽ)

# ഭരണകൂടം വളർത്തിയെടുത്ത വിഭാഗീയതയെ അതിജീവിച്ച് ഉയർത്തുവന്ന സമരൈക്യം കാത്തുസൂക്ഷിക്കുക

(12–ാം പേജിൽ നിന്ന്)

ഡോളറാണ് ചെലവഴിച്ചിരുന്നത്. വാഹന ഇറക്കുമതി 1.5 ബില്യൺ യുഎസ് ഡോളറായിരുന്നു. പരമ്പരാഗതമായി ഒട്ടുമിക്ക അവശ്യ സാധനങ്ങൾക്കും വൻതോതിലുള്ള ഇറക്കുമതിയെ ആശ്രയിക്കുന്ന ശ്രീലങ്കയെപ്പോലുള്ള ഒരു രാജ്യത്തെ, നയത്തിൽ പെട്ടെന്നുണ്ടായ മലക്കം മറിച്ചിൽ സമാനതകളില്ലാത്ത പ്രശ്നങ്ങളിലേക്ക് നയിച്ചു. ഉൽപ്പാദന വ്യവസായ മേഖലയെ, പ്രത്യേകിച്ച് ബട്ടണുകൾ പോലും ഇറക്കുമതി ചെയ്തിരുന്ന വസ്ത്ര നിർമ്മാണ മേഖലയെ ഇത് തളർത്തി. പെട്രോൾ, ഡീസൽ, പാചക വാതകം എന്നിവയ്ക്ക് നീണ്ട ക്യൂ രൂപപ്പെട്ടു. ഒരാൾക്ക് വാങ്ങാൻ കഴിയുന്ന ഭക്ഷ്യവസ്തുക്കളുടെ അളവിലുള്ള നിയന്ത്രണങ്ങൾമൂലം ജനങ്ങൾ രൂക്ഷമായ ക്ഷാമത്തിന്റെ പിടിയിലകപ്പെട്ടു. രാജ്യത്തെ 80 ശതമാനം മരുന്നുകളും ഇറക്കുമതി ചെയ്തിരുന്നതിനാൽ, ഫാർമസികളിലും അവശ്യ ജീവൻരക്ഷാ മരുന്നുകളുടെ ലഭ്യത വളരെക്കുറഞ്ഞു. ദ്വീപിലുടനീളം, ചിലപ്പോൾ ദിവസത്തിൽ 10 മണിക്കൂറിൽ കൂടുതൽ പവർ കട്ട് ഏർപ്പെടുത്തിയപ്പോൾ പ്രശ്നങ്ങൾ അതിന്റെ പാരമ്യത്തിലെത്തി. പിന്നീട്, പ്രത്യേകിച്ച് കോർപ്പറേറ്റുകളുടെ നികുതി വെട്ടിക്കുറയ്ക്കാനുള്ള ഗോതബായയുടെ തീരുമാനം, പ്രബലരായ ടൂറിസം വ്യവസായികൾക്ക് 60% നികുതിയിളവ് നൽകി അനുഗ്രഹിച്ചു. അത് ഇതിനകം ദുർബലമായ സമ്പദ്‌വ്യവസ്ഥയെ തകർക്കുകയും ശ്രീലങ്കയുടെ സാമ്പത്തിക തിരിച്ചുവരവിനെ സാരമായി ബാധിക്കുകയും ചെയ്തു. നികുതിയിളവുകൾ രാജ്യത്ത് രജിസ്റ്റർ ചെയ്ത നികുതിദായകരുടെ എണ്ണത്തിൽ 35 ശതമാനം കുറവ് വരുത്തി, ഇത് ജീവിതച്ചെലവ് കുതിച്ചുയരാൻ ഇടയാക്കി. ഈ നീക്കം വരുമാനത്തിൽ വിള്ളലുണ്ടാക്കി. ചരിത്രത്തിലെ ഏറ്റവും താഴ്ന്ന നിരക്കായ 9 ശതമാനത്തിലേക്ക് ജിഡിപി ഇടിഞ്ഞു. ശ്രീലങ്കയിൽ നിലനിൽക്കുന്ന പ്രതിസന്ധി, രാജ്യത്തിന്റെ ചരിത്രത്തിലെ ഏറ്റവും മോശമായതാണ്. നശിച്ചുകൊണ്ടിരിക്കുന്ന മുതലാളിത്തത്തിന്റെ തിക്തഫലങ്ങൾക്ക് പുറമെ, ഒരു വർഷത്തിലേറെയായി പ്രകടമായ അപകടസൂചനകൾ അവഗണിച്ച സർക്കാരിന്റെ ഹാനികരമായ നയങ്ങൾ ഈ പ്രതിസന്ധി കൂടുതൽ വഷളാക്കി.

## ഭരണാധികാരികളുടെ മുഖം മാറി, പക്ഷേ ഭരണകൂട നയങ്ങൾ മാറിയില്ല

വ്യക്തമായും ജനങ്ങളുടെ കുമിഞ്ഞുകൂടിയ ആവലാതികളും, ക്രോധവും, അവരുടെ സാമ്പത്തികജീവിതത്തിനെതിരായ ക്രൂരമായ ആക്രമണത്തിനെതിരായ പ്രതിഷേധവും രാജ്യവ്യാപകമായ പ്രസ്ഥാനത്തിന്റെ രൂപത്തിൽ പ്രകടിപ്പിക്കപ്പെട്ടു. ഏപ്രിലിൽ തലസ്ഥാനമായ കൊളംബോയിൽ ആരംഭിച്ച പ്രതിഷേധം, രാജ്യത്തുടനീളം വ്യാപിച്ചു. ദിവസേനയുള്ള പവർകട്ടും ഇന്ധനം, ഭക്ഷണം, മരുന്നുകൾ തുടങ്ങിയ അവശ്യസാധനങ്ങളുടെ ദൗർലഭ്യവും മൂലം ജനങ്ങൾ ബുദ്ധിമുട്ടുകയാണ്. ഇന്ധനത്തിന്റെ അഭാവം പെട്രോൾ, ഡീസൽ വില ക്രമാതീതമായി ഉയരാൻ കാരണമായി.

ജൂൺ അവസാനത്തോടെ, അത്യാവശ്യമല്ലാത്ത വാഹനങ്ങൾക്കുള്ള പെട്രോൾ, ഡീസൽ വിൽപ്പന സർക്കാർ രണ്ടാഴ്ചത്തേക്ക് നിരോധിച്ചു. ഇന്ധന വിൽപന കടുത്ത നിയന്ത്രണത്തിലാണ്. സ്കൂളുകൾ അടച്ചു. സാധനങ്ങളുടെ ഉപയോഗം മിതപ്പെടുത്തുതിനായി, ആളുകളോട് വീട്ടിൽ നിന്ന് ജോലി ചെയ്യാൻ ആവശ്യപ്പെട്ടു. ഗോതബായ ഭരണകൂടത്തെ ഏതുവിധേനയും താഴെയിറക്കാൻ ആളുകൾ തയ്യാറായി. മാസങ്ങൾ നീണ്ട ജനരോഷത്തിന് ശേഷം ജൂലൈ 9ന് അവർ കൊളംബോയിലെ അദ്ദേഹത്തിന്റെ ഔദ്യോഗിക കൊട്ടാര വസതിയിൽ അതിക്രമിച്ച് കയറി. അപകടം മനസ്സിലാക്കിയ പ്രസിഡന്റ് രാജപക്സെ സിംഗപ്പൂരിലേക്ക് പലായനം ചെയ്ത ശേഷം രാജിവച്ചു. സ്ഥാനമൊഴിയുന്നതിന് മുമ്പ് അദ്ദേഹം പ്രധാനമന്ത്രി റനിൽ വിക്രമസിംഗയെ ആക്ടിംഗ് പ്രസിഡന്റാക്കി. സ്ഥിതിഗതികൾ സുസ്ഥിരമാക്കാൻ ശ്രമിക്കുന്നതിനിടെ വിക്രമസിംഗെ രാജ്യത്തുടനീളം അടിയന്തരാവസ്ഥ പ്രഖ്യാപിക്കുകയും പടിഞ്ഞാറൻ പ്രവിശ്യയിൽ കർഫ്യൂ ഏർപ്പെടുത്തുകയും ചെയ്തു. രാജപക്സെയുടെ സഖ്യകക്ഷി നേതാവായ ദിനേഷ് ഗുണവർധനയെ പുതിയ പ്രധാനമന്ത്രിയായി അദ്ദേഹം നിയമിക്കുകയും 17 ക്യാബിനറ്റ് മന്ത്രിമാരെ സത്യപ്രതിജ്ഞ ചെയ്യിക്കുകയും ചെയ്തു. അവരിൽ ഭൂരിഭാഗവും ഗോതബയയുടെ ഭരണത്തിലെ മന്ത്രിമാരായിരുന്നു. പ്രതിസന്ധിയിലായ ദ്വീപ് രാഷ്ട്രത്തിലെ ഏറ്റവും വലിയ സർക്കാർ വിരുദ്ധ പ്രകടനങ്ങളിലൊന്നിൽ, ആയിരക്കണക്കിന് പ്രതിഷേധക്കാർ കൊളംബോയിലെ ഗവണ്മെന്റ് ഡിസ്ട്രിക്റ്റിലെ തെരുവുകളിൽ മാർച്ച് ചെയ്തുവെന്നും പ്രസിഡന്റിനെതിരെ മുദ്രാവാക്യം വിളിച്ചുകൊണ്ട് ബാരിക്കേഡുകൾ പൊളിച്ചുനീക്കുകയും ചെയ്തുവെന്ന് വാർത്താ ഏജൻസി റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തു. പോലീസ് കണ്ണീർ വാതകവും ജലപീരങ്കിയും പ്രയോഗിച്ചെങ്കിലും സംഘർഷം നിയന്ത്രിക്കാനായില്ല. നൂറുകണക്കിന് പ്രതിഷേധക്കാർ റനിലിന്റെ ഓഫീസിലേക്ക് രാജി ആവശ്യപ്പെട്ടുകൊണ്ട് ബലം പ്രയോഗിച്ച് കടന്നു. പുതിയ പ്രസിഡന്റിന് തന്റെ ഫാസിസ്റ്റ് മുഖം പുറത്തെടുക്കാൻ അധിക സമയം എടുത്തില്ല. കഴിഞ്ഞ ജൂലൈ 22ന് അർദ്ധരാത്രിയിൽ, സൈന്യവും പോലീസും കലാപത്തെ നേരിടാനുള്ള സന്നാഹങ്ങളുമായി, അക്രമാസക്തമായി പ്രതിഷേധ ക്യാമ്പുകളിലേക്ക് ഇറങ്ങി, കണ്ണിൽക്കണ്ടവരെയെല്ലാം നിർദാക്ഷിണ്യം മർദിക്കുകയും ആക്രമിക്കുകയും, കണ്ണിൽക്കണ്ടതെല്ലാം തകർക്കുകയും, മൂന്ന് മാസത്തിലേറെയായി പ്രതിഷേധക്കാർ ഉറങ്ങിക്കിടന്ന ടെന്റുകൾ പൊളിക്കുകയും ചെയ്തു. റെയ്ഡിന് മുന്നോടിയായി പ്രതിഷേധസ്ഥലത്തേക്കുള്ളഎല്ലാ പ്രവേശന കവാടങ്ങളും അടച്ചു. നിരവധി പ്രതിഷേധക്കാരെ, പ്രത്യേകിച്ച് സംഭവവികാസങ്ങൾ ചിത്രീകരിക്കാൻ ശ്രമിച്ചവരെ സൈന്യം ആക്രമിച്ചതായി ദൃക്സാക്ഷി വിവരണങ്ങളും മാധ്യമ റിപ്പോർട്ടുകളും പറയുന്നു. പ്രസിഡൻഷ്യൽ സെക്രട്ടേറിയറ്റിലേക്കുള്ള വഴിയിൽ സൈനികർ ഒന്നിന് പുറകെ ഒന്നായി കൂടാരങ്ങൾ തകർക്കുകയും സമരസ്ഥലം പൊളിച്ചു മാറ്റുകയും ചെയ്തു. ഇത്തരമൊരു ആക്രമണം പ്രതിഷേധക്കാർക്ക് വളരെ അപ്രതീക്ഷിതമായിരുന്നു. സമരക്കാർക്കെതിരെ ക്രൂരമായ ബലപ്രയോഗം നടത്തുന്നതിന് മുമ്പ് ഒഴിഞ്ഞുപോകണമെന്ന ഒരു മുന്നറിയിപ്പും സൈന്യവും പോലീസും നൽകിയിരുന്നില്ല.

ശ്രീലങ്ക
എന്തുകൊണ്ട്
കടക്കെണിയിലായി?

**ശ്രീലങ്കയിലെ പ്രതിഷേധ സമരങ്ങൾ ചരിത്രപരമായി, വളരെ പെട്ടെന്ന് പൊട്ടിപ്പുറപ്പെടുന്നതും പ്രതിസന്ധികളാൽ രൂപപ്പെടുന്നതുമാണ്. നിർണായക നിമിഷങ്ങളിൽ അധികാരത്തിലിരിക്കുന്ന സ്വേച്ഛാധിപത്യപരമായ അല്ലെങ്കിൽ ജനപ്രീതിയില്ലാത്ത ഭരണകൂടങ്ങളെ ജനങ്ങൾ പുറത്താക്കിയിട്ടുണ്ട്. തലപ്പത്ത് മാറ്റമുണ്ടായെങ്കിലും മുതലാളിത്ത വ്യവസ്ഥിതിക്ക് യാതൊരു കോട്ടവും സംഭവിച്ചില്ല. ചൂഷണത്തിലധിഷ്ഠിതമായ വ്യവസ്ഥ കോട്ടമില്ലാതെ തുടരുമ്പോൾ, കേവലം ഭരണമാറ്റംകൊണ്ട് ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ല.**

## സമര ഐക്യം നിലനിർത്തുക, ജനങ്ങളുടെ രാഷ്ട്രീയാധികാരം വളർത്തിയെടുക്കുക

രാജപക്സെ ഗവൺമെന്റിന്റെ കടുത്ത അടിച്ചമർത്തലിനും സാമ്പത്തിക പിടിപ്പുകേടിനും എതിരെ ജനങ്ങൾ ഇരമ്പുകയാണ്. ആറു മാസം മുമ്പ് ഉയർന്നുവന്ന എല്ലാ പ്രക്ഷോഭങ്ങളും 'പ്രസിഡന്റും പ്രധാനമന്ത്രിയും സ്ഥാനം ഒഴിയണം' എന്ന ഒരൊറ്റ ആവശ്യത്തിൽ മാത്രം കേന്ദ്രീകരിച്ചുള്ളതാണെന്നത് ശ്രദ്ധേയമാണ്. ശ്രീലങ്കയെ അന്ധകാരം നിറഞ്ഞ, അഗാധമായ പ്രതിസന്ധിയുടെ കയത്തിലേക്ക് തള്ളിവിട്ട മുതലാളിത്ത അനുകൂല നയങ്ങൾ പിൻവലിക്കണമെന്ന ആവശ്യം ഉയർത്തുകയോ, അത് പ്രാധാന്യം നേടുകയോ ചെയ്തിട്ടില്ല. വാസ്തവത്തിൽ, ശ്രീലങ്കയിലെ പ്രതിഷേധ സമരങ്ങൾ ചരിത്രപരമായി, വളരെ പെട്ടെന്ന് പൊട്ടിപ്പുറപ്പെടുന്നതും പ്രതിസന്ധികളാൽരൂപപ്പെട്ടതുമാണ്. നിർണായക നിമിഷങ്ങളിൽ അധികാരത്തിലിരിക്കുന്ന സ്വേച്ഛാധിപത്യപരമായ അല്ലെങ്കിൽ ജനപ്രീതിയില്ലാത്ത ഭരണകൂടങ്ങളെ ജനങ്ങൾ പുറത്താക്കിയിട്ടുണ്ട്. തലപ്പത്ത് മാറ്റമുണ്ടായെങ്കിലും മുതലാളിത്ത വ്യവസ്ഥിതിക്ക് യാതൊരു കോട്ടവും സംഭവിച്ചില്ല. അതിനാൽ, എല്ലാ ഭിന്നതകൾക്കും മതപരവും വംശീയവുമായ വ്യത്യാസങ്ങൾക്കുമപ്പുറം ഇത്തരമൊരു വലിയ, സമാധാനപരമായ, പ്രതിഷേധ പ്രസ്ഥാനം അഴിച്ചുവിടാൻ കഴിഞ്ഞ ശ്രീലങ്കൻ ജനതയെ കാത്തിരിക്കുന്നത് ആഴത്തിലുള്ള പ്രതിസന്ധികളാണ്.

വർദ്ധിച്ചുവരുന്ന ജീവിത ദുരിതങ്ങൾ ഒരു വിഭാഗത്തെയും ഒഴിവാക്കുന്നില്ലെന്ന് അവരുടെ അനുഭവത്തിൽ നിന്ന് അവർ മനസ്സിലാക്കിയിട്ടുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ, ചൂഷണത്തിലധിഷ്ഠിതമായ ഒരു വ്യവസ്ഥ കോട്ടമില്ലാതെ തുടരുമ്പോൾ, കേവലം ഒരു ഭരണമാറ്റം കൊണ്ട് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമോ? ഇല്ല. കാരണം, അത് മുതലാളിത്ത ഭരണകൂടത്തിന്റെ കരുത്തുള്ള തൂണുകളെയോ മുതലാളിത്ത സമ്പദ്‌വ്യവസ്ഥയുടെ പ്രവർത്തനത്തിന്റെ അടിസ്ഥാന നിയമങ്ങളെയോ മാറ്റുന്നില്ല. നിക്ഷിപ്ത താൽപ്പര്യക്കാരും പാർലമെന്ററി പാർട്ടികളും നേട്ടം കൊയ്യാനും, ഇത്തരം വൻ മുന്നേറ്റങ്ങളെ പാർലമെന്ററി ലക്ഷ്യങ്ങളിലേക്കു കൊണ്ടെത്തിച്ച് അവസാനിപ്പിക്കാനും ശ്രമിക്കും. പക്ഷേ, സമരം ചെയ്യുന്ന ശ്രീലങ്കൻ ജനത ആ കെണിയിൽ വീഴരുത്. പ്രശ്നങ്ങൾ ആഴത്തിൽ പഠിക്കുക എന്നതാണ് ശ്രീലങ്കൻ ജനതയോടുള്ള ഞങ്ങളുടെ അഭ്യർത്ഥന. വിപ്ലവകരമായി മുതലാളിത്തത്തെ അട്ടിമറിച്ചുകൊണ്ടേ വിമോചനം സാധ്യമാകൂ. എന്നാൽ അതിനു വേണ്ടുന്ന എല്ലാ ആവശ്യകതകളും നിറവേറ്റുന്നതിനുള്ള ബോധപൂർവമായ പരിശ്രമം ഇല്ലെങ്കിൽ അത് സാധ്യമാകില്ല. ആളുകളുടെ രോഷവും വിദ്വേഷവും പൊട്ടിത്തെറിക്കുമ്പോൾ, വസ്തുനിഷ്ഠമായ അവസ്ഥ വേഗത്തിൽ പാകമാകുകയാണ്. എന്നാൽ ആത്മനിഷ്ഠമായ അവസ്ഥ, അതായത്, ഒരു ശരിയായ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രത്യയശാസ്ത്രപരവും സംഘടനാപരവുമായ നേതൃത്വം ജനങ്ങളിൽ സ്ഥാപിക്കുക എന്നത് ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ശരിയായ കമ്മ്യൂണിസ്റ്റ് പാർട്ടി ഉണ്ടെങ്കിൽ അതിനെ ശക്തിപ്പെടുത്തുക. ഇല്ലെങ്കിൽ, വിലപ്പെട്ട ആ ലക്ഷ്യം സാക്ഷാത്കരിക്കാൻ, അത്തരമൊരു വിപ്ലവപാർട്ടി കെട്ടിപ്പടുക്കാനുള്ള പോരാട്ടം അഴിച്ചുവിടുക. എന്നാൽ ഈ സമയത്ത്, ഏറ്റവും പ്രധാനം ജനകീയ സമര ഐക്യം കാത്തുസൂക്ഷിക്കുക, സംഘടിത ജനാധിപത്യ സമരം തുടരുക, അതിനെ മൂർച്ഛിപ്പിക്കുക, വിപ്ലവ പ്രസ്ഥാനത്തിന് സഹായകരമാകുന്ന ജനകീയ സമര സമിതികൾ രൂപീകരിച്ച് ജനകീയ ശക്തി വികസിപ്പിക്കുക എന്നതാണ്. ശ്രീലങ്ക ഉൾപ്പെടെ ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് അധ്വാനിക്കുന്ന ജനങ്ങളെ ചരിത്രം ആ ദൗത്യം ഏൽപ്പിച്ചിരിക്കുന്നു. ■

### വില വർദ്ധനവിനെതിരെ...




വിലക്കയറ്റം തടയുക, പൊതു വിതരണം ശക്തിപ്പെടുത്തുക, സർക്കാർ ആശുപത്രിയിലെ മരുന്നുക്ഷാമം പരിഹരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) മാവേലിക്കര ലോക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ മാവേലിക്കര സിവിൽ സ്റ്റേഷൻമാർച്ച് നടന്നു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ആലപ്പുഴ ജില്ലാ സെക്രട്ടറി എസ്. സീതിലാൽ മാർച്ച് ഉദ്ഘാടനം ചെയ്തു. മാവേലിക്കര ലോക്കൽ കമ്മിറ്റി സെക്രട്ടറി കെ.ആർ.ഓമനക്കുട്ടൻ, സഖാക്കൾ വർഗീസ് ജോർജ്, മൈനാ ഗോപിനാഥ്, ടി.മധു, ടി.കോശി.ടി.മുരളി, ബിമൽജി എൻ.ആർ.അജയകുമാർ, ശശികുമാർ, മഹേന്ദ്രകുമാർ എന്നിവർ പ്രസംഗിച്ചു.

### വിഖ്യാത സാഹിത്യകാരൻ സൽമാൻ റുഷ്ദിക്കെതിരായ വധശ്രമം

# തകരുന്ന ജനാധിപത്യാന്തരീക്ഷത്തിന്റെ ലക്ഷണം

വിഖ്യാത സാഹിത്യകാരൻ സൽമാൻ റുഷ്ദിക്ക് നേരെ ന്യൂയോർക്കിലെ ചൗട്ടോഖയിൽ ഒരു മതമൗലികവാദി നടത്തിയ വധശ്രമം ലോകത്തെമ്പാടും വളർന്നു വരുന്ന അസഹിഷ്ണുതയുടെയും മൗലികവാദത്തിന്റെയും ലക്ഷണമാണ്. കലാപ്രവർത്തകരുടെ സർഗ്ഗാത്മകത മാത്രമല്ല, ജനാധിപത്യസങ്കല്പങ്ങൾ തന്നെയും നേരിടുന്ന അപകടം എത്ര തീക്ഷ്ണമാണെന്ന് ഈ ആക്രമണം വെളിപ്പെടുത്തുന്നു.

'സാറ്റാനിക് വേഴ്സസ്' എന്ന നോവൽ പ്രസിദ്ധീകരിച്ചതിനു പിന്നാലെ 1989ൽ അദ്ദേഹത്തിനെതിരെ ഇറാനിലെ ആത്മീയനേതാവായ ആയത്തുള്ള ഖൊമൈനി പുറപ്പെടുവിച്ച ഫത്വയെത്തുടർന്ന് ഇസ്ലാമിക മൗലികവാദികളിൽ നിന്ന് അദ്ദേഹത്തിനെതിരെ നിരന്തരമായ ഭീഷണികളുണ്ടായിട്ടുണ്ട്. ലോകമാസകലം പ്രത്യക്ഷമാകുന്ന മതമൗലികവാദത്തിന്റെ ഉയിർത്തെഴുന്നേല്പ് ആധുനിക ജനാധിപത്യ സങ്കല്പങ്ങളിൽ നിന്നുള്ള വിച്ഛേദമാണ്. ആഗോളതലത്തിൽ വളർന്നു കൊണ്ടിരിക്കുന്ന ഈ സാമൂഹികാസ്വാസ്ഥ്യത്തിന്റെ ഒടുവിലത്തെ ഇരയാണ് റുഷ്ദി. വിവാദത്തിനാസ്പദമായ നോവൽ പ്രസിദ്ധീകരിക്കപ്പെട്ട് പത്തു വർഷങ്ങൾക്കുശേഷം ജനിച്ച, ആ നോവൽ വായിക്കാത്ത ഒരു യുവാവാണ് റുഷ്ദിയെ മാരകമായി കുത്തിപ്പരിക്കേൽപ്പിച്ചത് എന്നത്, യുക്ത്യാധിഷ്ഠിതമായ ചിന്തയും പ്രതികരണവും പൊതുജീവിതത്തിൽനിന്ന് എത്രത്തോളം അപ്രത്യക്ഷമായിരിക്കുന്നു എന്നാണ് കാണിക്കുന്നത്.

ഭീകരവാദിയായ അപരത്വം എന്ന നിലയിൽ ലോക മുസ്ലീമിനെ പൊതുബോധത്തിൽ പ്രതിഷ്ഠിക്കാനുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നതും അതേസമയം തന്നെ ലോകമെങ്ങും ഭീകരവാദസംഘങ്ങളെ ചെല്ലും ചെലവും കൊടുത്തു വളർത്തുന്നതും ഇന്ന് യുഎസ് സാമ്രാജ്യത്വമാണെന്നത് സുവിദിതമാണ്. ഭീകരവാദത്തിനെതിരെയെന്ന വ്യാജേന ന്യായയുക്തമായ ജനാധിപത്യമുന്നേറ്റങ്ങളെ തകർക്കാനുള്ള അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഹീനശ്രമങ്ങൾക്ക് പിന്തുണ നേടിയെടുക്കാനാണ് അവർ ഇതിലൂടെ ശ്രമിക്കുന്നത്. മുസ്ലീം ജനസാമാന്യത്തിലെ വലിയൊരു വിഭാഗം സാമ്രാജ്യത്വത്തിന്റെയും ഭീകരവാദികളുടെയും കെണിയിൽപ്പെട്ടു എന്നത്, ഈ സാമ്രാജ്യത്വ-മുതലാളിത്ത ശക്തികൾക്കെതിരെ ചൂഷിതരായ ജനങ്ങൾ നടത്തുന്ന അതിജീവന സമരങ്ങളെ വൻതോതിൽ പുറകോട്ടടിക്കുന്നുണ്ട്. ലോകമെമ്പാടും കടുത്ത പിന്തിരിപ്പൻ വലതുപക്ഷ, നവനാസി പ്രസ്ഥാനങ്ങൾ ആധിപത്യം നേടുന്ന കാഴ്ച, ജനാധിപത്യശക്തികളുടെ ഉത്തരവാദിത്തം എത്ര വലുതാണ് എന്നാണു കാണിക്കുന്നത്. മതം വ്യക്തിയുടെ സ്വകാര്യ വിശ്വാസപ്രമാണം മാത്രമായിരിക്കുകയും പൊതുജീവിതത്തിൽ അതിന് ഇടപെടാനുള്ള സാഹചര്യം അനുവദിക്കാതിരിക്കുകയും ചെയ്യുക എന്നത് മതേതരത്വത്തിന്റെ പ്രാഥമികമായ സങ്കല്പമാണ്. കലയിലൂടെയുള്ള സ്വച്ഛന്ദമായ ആവിഷ്കാരം സാധ്യമാകുക എന്നത് സ്വതന്ത്രമായ ഒരു സമൂഹത്തിന്റെ ലക്ഷണമാണ്.

സർഗ്ഗാത്മകമായ ആവിഷ്കാരങ്ങൾക്കും ജനങ്ങളുടെ സമാധാനപൂർണ്ണമായ നിലനില്പിനും ഭീഷണിയായ മതമൗലികവാദത്തിനെതിരെയുള്ള പോരാട്ടത്തെ, ചൂഷിതരായ ജനങ്ങൾ നടത്തുന്ന വിമോചന സമരങ്ങളുമായി കണ്ണിചേർക്കുക എന്നതാണ് നമ്മുടെ ഉത്തരവാദിത്തമെന്ന് റുഷ്ദിക്കു നേരേ നടന്ന ഈ ആക്രമണം നമ്മെ ഓർമ്മിപ്പിക്കുന്നു. ■

# ജനമോചന പ്രതിജ്ഞാ വാരം വിവിധ ജില്ലകളിൽ സമുചിതം ആചരിച്ചു

ആഗസ്റ്റ് 9 ക്വിറ്റ് ഇന്ത്യാദിനം, ആഗസ്റ്റ് 11 ഖുദിറാം ബോസ് രക്തസാക്ഷിത്വ ദിനം, ആഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനം എന്നീ ദിവസങ്ങളെമുൻനിർത്തിആൾഇന്ത്യാ ഡെമോക്രാറ്റിക് യൂത്ത് ഓർഗ്ഗനൈസേഷൻ(എഐഡിവൈഒ) 'ജനമോചന പ്രതിജ്ഞാ വാരാചരണം' നടത്തി. സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിലെ അനനുരഞ്ജന സമരധാരയെ പരിചയപ്പെടുത്തിക്കൊണ്ട് ജില്ലകളിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു.



തൃപ്പൂണിത്തുറയിൽ ഖുദിറാംബോസ് അനുസ്മരണസമ്മേളനത്തിൽ എഐഡിവൈഒ സംസ്ഥാന സെക്രട്ടറി പി.കെ.പ്രഭാഷ് പ്രസംഗിക്കുന്നു.

ആഗസ്റ്റ് 13ന് മാവേലിക്കരയിൽ നടന്ന ഖുദിറാം ബോസ് അനുസ്മരണ സമ്മേളനം എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് ഇ.വി.പ്രകാശ് ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ഖുദിറാം ഉൾപ്പെടെയുള്ള ധീര വിപ്ലവകാരികളുടെ മഹത്തായ ജീവിതത്തിൽനിന്നും ആവേശം ഉൾക്കൊണ്ട് തൊഴിലില്ലായ്മ അടക്കമുള്ള സാമൂഹ്യ തിന്മകൾക്കെതിരെ യുവാക്കൾ പ്രക്ഷോഭ പാതയിൽ അണിനിരക്കണമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. എഐഡിവൈഒ ജില്ലാ പ്രസിഡന്റ് കെ.ബിമൽജി അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി മൈന ഗോപിനാഥ്, സഖാക്കൾ ആർ.പ്രവീൺ, ഉണ്ണിമോൻ.എസ് എന്നിവർ പ്രസംഗിച്ചു. ഖുദിറാം രക്തസാക്ഷി സ്മാരകത്തിൽ പുഷ്പാർച്ചനയും നടന്നു.

എറണാകുളം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 13ന് തൃപ്പൂണിത്തുറയിൽ നടന്ന ഖുദിറാംബോസ് അനുസ്മരണസമ്മേളനത്തിൽ എഐഡിവൈഒ സംസ്ഥാന സെക്രട്ടറി പി.കെ.പ്രഭാഷ് മുഖ്യപ്രഭാഷണം നടത്തി. ജില്ലാ സെക്രട്ടറി ശില്പ മോഹൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പ്രസിഡന്റ് എ.റെജീന, ജില്ലാ വൈസ് പ്രസിഡന്റ് സന്തോഷ് കെ.വി., ജില്ലാ ജോയിന്റ് സെക്രട്ടറി ശരത്, ആനന്ദ് ജോർജ് എന്നിവർ പ്രസംഗിച്ചു. ജില്ലാ സമിതി അംഗങ്ങളായ അനന്തപത്മനാഭൻ, ബാലമുരളികൃഷ്ണ, വിവേക് അഗസ്റ്റിൻ എന്നിവർ നേതൃത്വം നൽകി.

തൃശ്ശൂർ ജില്ലാ കമ്മിറ്റി, ചാലക്കുടി സൗത്ത് ജംഗ്ഷനിൽ സംഘടിപ്പിച്ച ഖുദിറാം ബോസ് അനുസ്മരണ യോഗം എസ്‌യുസിഐ (സി) ജില്ലാ സെക്രട്ടറി ഡോ. പി.എസ്.ബാബു യോഗം ഉദ്ഘാടനം ചെയ്തു. നന്ദഗോപൻ, രാജീവൻ, കൃഷ്ണകുമാർ, ബെന്നി, സുരേഷ്, ഷിബു, പൂർണിമ, ധർമ്മജൻ എന്നിവർ പ്രസംഗിച്ചു.

തിരുവനന്തപുരം ഈശ്വരചന്ദ്ര വിദ്യാസാഗർ സാംസ്കാരിക കേന്ദ്രത്തിൽ, 'ഇന്ത്യൻ സ്വതന്ത്ര സമരവും വിപ്ലവധാരയും' എന്ന വിഷയത്തിൽ നടന്ന ചർച്ചയിൽ എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് ഇ.വി.പ്രകാശ് വിഷയവതരണം നടത്തി. എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി ആർ.അപർണ, എഐഡിവൈഒ തിരുവനന്തപുരം ജില്ലാ കമ്മിറ്റി സെക്രട്ടറി വി.സുജിത്, ജില്ലാ കമ്മിറ്റി അംഗം അജിത് മാത്യു, എ.ഷൈജു, എഐഡിഎസ്ഒ തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് ഗോവിന്ദ് ശശി, ജില്ലാ സെക്രട്ടറി ബി.എസ്.എമിൽ, ഡോ. അമ്മു ലൂക്കോസ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു.

കൊല്ലം കണ്ടറ മുക്കടയിൽ നടന്ന ഖുദിറാം ബോസ് അനുസ്മരണ സമ്മേളനം എഐഡിവൈഒ സംസ്ഥാന വൈസ് പ്രസിഡന്റ് കെ.ബിമൽജി ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി കെ.മഹേഷ് അധ്യക്ഷത വഹിച്ചു. ജി.സതീശൻ, ആർ.രാഹുൽ എന്നിവർ പ്രസംഗിച്ചു.



ജനമോചന പ്രതിജ്ഞാവാരത്തിന് സമാപനം കുറിച്ചുകൊണ്ട് കോട്ടയത്ത് നടന്ന പ്രകടനം.

ആഗസ്റ്റ് 11ന് കോഴിക്കോട് പുതിയ ബസ് സ്റ്റാന്റിൽ നടന്ന അനുസ്മരണസമ്മേളനംസംസ്ഥാന പ്രസിഡന്റ് ഇ.വി.പ്രകാശ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി പി.കെ.പ്രഭാഷ് മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന ജോ.സെക്രട്ടറി ടി.ഷിജിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലാ സെക്രട്ടറി ത്രൂപേഷ് വർമ്മ അഡ്വ. പി.സി. വിവേക്, അഡ്വ.ഇ.സനൂപ്, പി.രാജേഷ്, എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി കെ.റഹിം എന്നിവർ പ്രസംഗിച്ചു.

കോട്ടയം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വാരാചരണത്തിന് സമാപനം കുറിച്ചുകൊണ്ട് ആഗസ്റ്റ് 15ന് കോട്ടയം നഗരത്തിൽ പ്രകടനവും ഖുദിറാംബോസ് അനുസ്മരണയോഗവും നടന്നു. എഐഡിവൈഒ ജില്ലാ പ്രസിഡന്റ് രജിത ജയറാം അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് ഇ.വി.പ്രകാശ് മുഖ്യപ്രസംഗം നടത്തി. ജില്ലാ സെക്രട്ടറി വി.അരവിന്ദ്, ജില്ലാ വൈസ് പ്രസിഡന്റ് വി.ശ്രീകാന്ത് എന്നിവർ പ്രസംഗിച്ചു. ജില്ലാ കമ്മിറ്റിയംഗങ്ങൾ മനോഷ് മോഹൻ, എ.ജി.വിശ്വനാഥ്, റലേഷ് ചന്ദ്രൻ, മായമോൾ കെ.പി., ഡോ.ഉഷാര തോമസ്, അരുൺ ബോസ്, ശ്രീജിത് കല്ലറ എന്നിവർ പ്രകടനത്തിന് നേതൃത്വം നൽകി. ■



കോഴിക്കോട് പുതിയ ബസ് സ്റ്റാന്റിൽ നടന്ന അനുസ്മരണ സമ്മേളനം സംസ്ഥാന പ്രസിഡന്റ് ഇ.വി.പ്രകാശ് ഉദ്ഘാടനം ചെയ്യുന്നു.

## വക്കം അബ്ദുൽ ഖാദറിന്റെ 79-ാം രക്തസാക്ഷിത്വ ദിനം; അനുസ്മരണ സമ്മേളനം സംഘടിപ്പിച്ചു

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ ധീര രക്തസാക്ഷി, കേരള ഭഗത്സിംഗ് വക്കം അബ്ദുൽഖാദർ രക്തസാക്ഷിത്വ ദിനാചരണത്തിന്റെ ഭാഗമായി എഐഡിവൈഒ തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 9ന് വക്കം കടവിലെ ഖാദർ സ്മാരകത്തിൽ പുഷ്പാർച്ചനയും മണനാക്ക് ജംഗ്ഷനിൽ അനുസ്മരണ സമ്മേളനവും നടത്തി.

വക്കം ഖാദറിന്റെ ജീവചരിത്രകാരനായ വക്കം സുകുമാരൻ യോഗം ഉദ്ഘാടനം ചെയ്തു. എഐഡിവൈഒ ജില്ലാ സെക്രട്ടറി വി.സുജിത്ത് അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് ഇ.വി.പ്രകാശ് മുഖ്യപ്രസംഗം നടത്തി.



വക്കം അബ്ദുൽ ഖാദർ രക്തസാക്ഷിത്വ ദിനാചരണം വക്കം അബ്ദുൽ ഖാദറിന്റെ ജീവചരിത്രകാരനായ വക്കം സുകുമാരൻ ഉദ്ഘാടനം ചെയ്യുന്നു.

കെ റെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി സംസ്ഥാന രക്ഷാധികാരി കെ. ശൈവപ്രസാദ്, ആർട്ടിസ്റ്റ് റഹീം വക്കം, ഗോവിന്ദ് ശശി, ആർട്ടിസ്റ്റ് ഗിരീഷ് ബാബു, സതീശൻ ആയൂർ, എ. ഷൈജു, വി. അരവിന്ദ്, അജിത് മാത്യു എന്നിവർ സംസാരിച്ചു. വക്കം ഖാദറിന്റെ ബന്ധുക്കളായ ഫാമി അബ്ദുൾ റഹീം, ജീന, നാദിർഷാ മുഹമ്മദ് എന്നിവർ പുഷ്പാർച്ചനയിലും അനുസ്മരണ യോഗത്തിലും സംബന്ധിച്ചു. ■

# തിരുവോണ ദിനത്തിൽ സെക്രട്ടേറിയറ്റിന് മുന്നിൽ കെ റെയിൽ വിരുദ്ധ സമിതിയുടെ ഉപവാസ സമരം

**വി**നാശ പദ്ധതി കെ റെയിൽ സിൽവർലൈൻ പിൻവലിച്ച് ഉത്തരവിറക്കുക, സമരക്കാർക്കുമേൽ ചുമത്തിയിട്ടുള്ള കേസുകൾ നിരുപാധികം പിൻവലിക്കുക, പോലീസ് അതിക്രമത്തിനിരയായിട്ടുള്ള എല്ലാവർക്കും നഷ്ടപരിഹാരം നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കെറെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി സംസ്ഥാനകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ തിരുവോണദിനത്തിൽ സെക്രട്ടേറിയറ്റ് നടയിൽ ഉപവാസസമരം നടത്തി.



ഉപവാസസമരത്തിൽ സംസ്ഥാനദുരന്തനിവാരണ കേന്ദ്രം മുൻമേധാവി ഡോ.കെ.ജി.താര പ്രസംഗിക്കുന്നു. കെറെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി സംസ്ഥാന ചെയർമാൻ എംപി ബാബുരാജ്, ഫാദർ യൂജിൻ പെരേര തുടങ്ങിയവർ സമീപം.

ഉപവാസസമരം മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തു. കേരളത്തിന് യോജിക്കാത്ത കെറയിൽ സിൽവർ ലൈൻ പദ്ധതി നടപ്പിലാക്കുന്നത് ആത്മഹത്യാപരമാണെന്ന് അദ്ദേഹം പറഞ്ഞു. കേന്ദ്രം അനുമതി നൽകിയാൽ പോലും പദ്ധതി കേരളത്തിൽ നടപ്പിലാക്കരുത്. പാരിസ്ഥിതികമായും സാമൂഹ്യമായും സാമ്പത്തികമായും വൻ പ്രത്യാഘാതം സൃഷ്ടിക്കുന്ന ഈ പദ്ധതി ഏത് അനുമതി നേടിയാലും കേരളത്തിൽ അനുവദിക്കില്ല. വിട്ടുവീഴ്ചയില്ലാത്ത സമരവുമായി മുന്നോട്ടു പോകുന്ന ജനങ്ങൾക്കൊപ്പം എപ്പോഴും ഉണ്ട് എന്നും അദ്ദേഹം പ്രഖ്യാപിച്ചു. പാത കടന്നുപോകുന്ന കാസറഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള എല്ലാ ജില്ലകളിലെയും വനിതകൾ ഉൾപ്പെടെ നൂറുകണക്കിനു പ്രധിനിധികൾ ഉപവാസ സമരത്തിൽ പങ്കെടുത്തു. സമിതി സംസ്ഥാന ചെയർമാൻ എം.പി. ബാബുരാജ് അധ്യക്ഷത വഹിച്ചു. വിഴിഞ്ഞം സമരത്തിന്റെ നേതാവ് ഫാദർ യൂജിൻ പെരേര മുഖ്യപ്രഭാഷണം നടത്തി. എം.വിൻസെന്റ് എംഎൽഎ, ഡോ.കെ.ജി.താര, ഷിബു ബേബി ജോൺ (മുൻ മന്ത്രി), ജോസഫ് സി.മാത്യു, അഡ്വ. സുരേഷ് കുമാർ (ബിജെപി), ജോസഫ് എം.പുതുശ്ശേരി (മുൻ എംഎൽഎ), അഡ്വ.എ.എൻ. രാജൻബാബു(മുൻഎംഎൽഎ), ഡോ.എം.പി.മത്തായി, പി.ടി.ജോൺ, ആർ.കുമാർ(എസ്‌യുസിഐ(സി)), ഷബീർ ആസാദ് (എസ്ഡിപിഐ), ഗ്ലേവിയസ് അലക്സാണ്ടർ (സ്വരാജ് ഇന്ത്യ പാർട്ടി), ഫാത്തിമ അബ്ബാസ്(വെൽഫെയർ പാർട്ടി), എസ്. രാജീവൻ, കെ.ശൈവപ്രസാദ്, അഡ്വ.ജോൺ ജോസഫ്, വി.ജെ. ലാലി, ജോൺ പെരുവന്താനം, എം.ഷാജർഖാൻ, രാമചന്ദ്രൻ വരപ്രത്ത് (കോഴിക്കോട്), ബാബു കുട്ടൻചിറ (കോട്ടയം), എ.പി.ബദറുദ്ദീൻ(കണ്ണൂർ), മൻസൂർ അലി(മലപ്പുറം), സിന്ധു ജയിംസ് (ആലപ്പുഴ), ശിവദാസ് മഠത്തിൽ (തൃശ്ശൂർ), വിനു കുര്യാക്കോസ് (എറണാകുളം), മുരുകേഷ് നടക്കൽ (പത്തനംതിട്ട), എ.ജെയിംസ് (കൊല്ലം), രാമചന്ദ്രൻ കരവാരം (തിരുവനന്തപുരം), എൻ.എം സലീം (കാസർഗോഡ്), ഷൈല കെ ജോൺ, ചന്ദ്രാംഗദൻ മാടായി, മാരിയ അബു, എ.ഷൈജു, നസീറ സുലൈമാൻ, ശരണ്യ രാജ് തുടങ്ങിയവർ പ്രസംഗിച്ചു. ■

# ചെങ്ങറ സമരഭൂമിയിൽ മഹാനായ അയ്യങ്കാളിയുടെ ജന്മദിനാഘോഷം

**സാ**ധുജന വിമോചന സംയുക്ത വേദിയുടെ നേതൃത്വത്തിൽ മഹാനായ അയ്യൻകാളിയുടെ 159-ാമത് ജന്മദിനാഘോഷം രണ്ടുദിവസങ്ങളിലായി ചെങ്ങറ സമരഭൂമിയിൽ നടന്നു. സാമൂഹ്യപ്രവർത്തകനും സാഹിത്യകാരനുമായ ഇ.വി.പ്രകാശ് 27ന് രാവിലെ പരിപാടികൾ ഉദ്ഘാടനം ചെയ്തു. എസ്‌വിഎസ്‌വി സംസ്ഥാന പ്രസിഡന്റ് കെ.എസ്. ഗോപി അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ബേബി ചെരുപ്പിട്ടകാവ്, സമര സഹായ സമിതിയംഗം ബിനു ബേബി, സംസ്ഥാന രക്ഷാധികാരി അജികുമാർ കറ്റാനം, എഐഎംഎസ്എസ് ജില്ലാസെക്രട്ടറി എസ്. രാധാമണി, കെ.കെ.അച്യുതൻ മാണികുളം, പി.കെ.ബാബു തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് വിവിധ കലാകായിക മത്സരങ്ങൾ നടന്നു.



മഹാനായ അയ്യങ്കാളിയുടെ 159–ാം ജന്മദിനത്തിൽ ചെങ്ങറ സമരഭൂമിയിൽ നടന്ന പുഷ്പാർച്ചന.

28ന് രാവിലെ പത്തനംതിട്ട അംബേദ്കർ ഭവനിലും സമരഭൂമിയിലെ വിവിധ ശാഖകളിലും പുഷ്പാർച്ചന നടന്നു. ശാഖകളിൽ നിന്നാരംഭിച്ച ജന്മദിന സന്ദേശറാലി 3-ാം കൗണ്ടറിലെ സമ്മേളന നഗരിയിലെത്തിച്ചേർന്നു. തുടർന്ന് വിവിധ മത്സരങ്ങൾ നടന്നു. സമാപന സമ്മേളനം ബാനർ സാംസ്കാരിക സമിതി സംസ്ഥാന കമ്മിറ്റിയംഗം എൻ.കെ.ബിജു ഉദ്ഘാടനം ചെയ്തു. തുടർന്ന് സമരഭൂമിയിലെ കലാ സംഘങ്ങളുടെ കോൽകളി, ഗാനമേള, നൃത്തം എന്നിവ അരങ്ങേറി. ■

## കോട്ടയം ജില്ലാ ദ്വിദിന പഠനക്യാമ്പ്



എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാകമ്മിറ്റി കോട്ടയത്ത് ജി.എസ്. പത്മകുമാർ ഭവനിൽ സംഘടിപ്പിച്ച ദ്വിദിന പഠനക്യാമ്പിൽ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം ആർ.കുമാർ പ്രസംഗിക്കുന്നു. സെക്രട്ടേറിയറ്റ് അംഗങ്ങൾ എസ്.രാജീവൻ, ജയ്സൺ ജോസഫ്, കോട്ടയം ജില്ലാസെക്രട്ടറി മിനി കെ.ഫിലിപ്പ്, സംസ്ഥാന കമ്മിറ്റിയംഗം പി.എൻ. തങ്കച്ചൻ, ജില്ലാ സെക്രട്ടേറിയറ്റ് അംഗം എൻ.വേണുഗോപാൽ എന്നിവർ വേദിയിൽ.

## തൊഴിലാളികളുടെ യുദ്ധവിരുദ്ധ കൂട്ടായ്മ




വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയന്റെ ആഹ്വാനപ്രകാരം എഐയുറ്റിയുസി തൃപ്പൂണിത്തുറയിൽ സംഘടിപ്പിച്ച യുദ്ധവിരുദ്ധ കൂട്ടായ്മ എൻ.ആർ. മോഹൻ കുമാർ ഉദ്ഘാടനം ചെയ്യുന്നു.

# സിവിക് ചന്ദ്രനെതിരായ ലൈംഗിക പീഡന പരാതി : അതിജീവിതയ്ക്കെതിരായ കോടതി പരാമർശം സാമൂഹ്യ വിരുദ്ധം – എഐഎംഎസ്എസ്

**ലൈം**ഗിക പീഡന പരാതിയിൽ സിവിക് ചന്ദ്രന് ജാമ്യം അനുവദിച്ചുകൊണ്ട് കോഴിക്കോട് സെഷൻസ് കോടതി അതിജീവിതയ്ക്കെതിരായി നടത്തിയ പരാമർശം അങ്ങേയറ്റം സാമൂഹ്യവിരുദ്ധമാണ്. എസ്‌സി/എസ്‌ടി അതിക്രമവും ബലാത്സംഗവും ഉൾപ്പെട്ട ഒരു കേസിൽ ഇവ്വിധത്തിൽ ജാമ്യം അനുവദിക്കുന്നതുതന്നെ കോടതികളുടെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്നതാണ്. അതോടൊപ്പം കുറ്റാരോപിതൻ സമർപ്പിച്ച ഫോട്ടോകളുണ്ട്, പെൺകുട്ടിയുടെ വസ്ത്രധാരണം പ്രലോഭനീയമാണെന്നതിനാൽ 354 വകുപ്പ് നിലനിൽക്കില്ല എന്ന പരാമർശം സ്ത്രീവിരുദ്ധവും, തന്റെ പരിധിയിൽ അല്ലാത്ത ഒരു കേസിനെ സംബന്ധിച്ച തെറ്റായ സൂചനകൾ നൽകിപ്രതിക്കൊപ്പം ചേരുന്നതുമാണ്. സ്ത്രീ പീഡന കേസുകളിലോ, ജാമ്യ അപേക്ഷകളിലോ വിധി പുറപ്പെടുവിക്കുമ്പോൾ അവശ്യം പാലിക്കപ്പെടേണ്ടതായി സുപ്രീം കോടതി നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്ക് കടക വിരുദ്ധവുമാണ്.

പ്രസ്തുത കേസിൽ കുറ്റാരോപിതൻ ഉന്നതസ്ഥാനീയനും, സമൂഹത്തിൽ സ്വാധീനം ഉള്ളയാളുമാണ്. പരാതിക്കാരി ദുർബ്ബലവിഭാഗത്തിൽ പെടുന്ന ഒരു സ്ത്രീയാണ്. കോടതികൾ നിരുത്തരവാദപരമായി നടത്തുന്ന ഇത്തരം അഭിപ്രായങ്ങൾ, സ്ത്രീകളെ ഒരു പരാതി ഉന്നയിക്കുന്നതിൽ നിന്നുപോലും തടയുകയും നിരന്തരം നീതിനിഷേധത്തിന്റെ ഇരകളാക്കി മാറ്റുകയും ചെയ്യും. ഇത്തരം ഒരു പ്രസ്താവനയിലൂടെ, ഏറെ ധാർമ്മികതയുടെ അടിസ്ഥാനത്തിൽ നിർവ്വഹിക്കേണ്ടുന്ന ന്യായാന്യായ വിചിന്തനത്തിന് താൻ യോഗ്യനല്ല എന്ന് വിധി പ്രസ്താവിച്ച ജഡ്ജി തെളിയിച്ചിരിക്കുകയാണ്. സാമൂഹ്യ വിരുദ്ധവും നീതിക്കും നിയമത്തിനും നിരക്കാത്തതുമായ കോടതി പരാമർശത്തിനെതിരെ അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു. കോഴിക്കോട് സെഷൻസ് കോടതി സിവിക് ചന്ദ്രന് അനുവദിച്ചിരിക്കുന്ന നീതിപൂർവ്വകമല്ലാത്ത ജാമ്യം റദ്ദ് ചെയ്യുവാൻ സർക്കാർ അടിയന്തര ഇടപെടൽ നടത്തണമെന്ന് എഐഎംഎസ്എസ് ആവശ്യപ്പെടുന്നു. ■

ആഗസ്റ്റ് 5 ആചരണത്തോടനുബന്ധിച്ച് സഖാവ് പ്രൊവാഷ് ഘോഷ് നടത്തിയ പ്രസംഗത്തിന്റെ തുടർന്നുള്ള ഭാഗം അടുത്ത ലക്കത്തിൽ കൊടുക്കുന്നതാണ്.
– എഡിറ്റർ, യൂണിറ്റി

## ഇന്ത്യ മാർച്ച് ഫോർ സയൻസ്

# ശാസ്ത്രത്തെ അടിസ്ഥാനമാക്കി മാത്രമേ സാമൂഹ്യ പുരോഗതി സാദ്ധ്യമാകൂ

**വി**വിധ രാജ്യങ്ങളിലെ ഗവണ്മെന്റുകൾ പിന്തുടരുന്ന അശാസ്ത്രീയ സമീപനങ്ങൾക്കെതിരെ, ശാസ്ത്രത്തിന്റെയും ശാസ്ത്രീയ മനോഭാവത്തിന്റെയും പ്രാധാന്യം ഉയർത്തിപിടിക്കാനായി രൂപം കൊണ്ട അന്തർദേശീയ ശാസ്ത്ര പ്രസ്ഥാനമാണ് മാർച്ച് ഫോർ സയൻസ്. ശാസ്ത്രീയ തെളിവുകളെ അവഗണിച്ചുകൊണ്ട്, 'കാലാവസ്ഥാ വ്യതിയാനം' എന്നത് ഒരു വ്യാജ പ്രചരണമാണെന്ന് പ്രഖ്യാപിച്ച് അതുമായി ബന്ധപ്പെട്ട പാരിസ് ഉടമ്പടിയിൽ നിന്ന് ഏകപക്ഷീയമായി പിന്മാറിയ അന്നത്തെ അമേരിക്കൻ പ്രസിഡന്റ് ഡോണാൾഡ് ട്രംപിന്റെ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് അമേരിക്കയിലെ ശാസ്ത്രജ്ഞരും ശാസ്ത്ര പ്രവർത്തകരുമാണ് മാർച്ച് ഫോർ സയൻസ് പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. പിന്നീടത് ഒരു ആഗോള ശാസ്ത്ര മുന്നേറ്റമായി മാറുകയായിരുന്നു. ശാസ്ത്രത്തെ അടിസ്ഥാനമാക്കികൊണ്ട് മാത്രമേ സാമൂഹ്യ പുരോഗതി സാധ്യമാവുകയുള്ളൂ എന്നതിനാൽ തെളിവുകളുടെ അടിസ്ഥാനത്തിൽ നയരൂപീകരണം നടത്തണം എന്നതായിരുന്നു 2017 ഏപ്രിൽ 22ന് വിവിധ രാജ്യങ്ങളിലെ 600ൽ അധികം നഗരങ്ങളിൽ നടന്ന ഗ്ലോബൽ മാർച്ച് ഫോർ സയൻസിന്റെ പ്രധാന ഡിമാന്റുകളിൽ ഒന്ന്.

ഗ്ലോബൽ മാർച്ച് ഫോർ സയൻസിന്റെ ഭാഗമായാണ് ഇന്ത്യയിൽ വിവിധ ശാസ്ത്ര സംഘടനകളും ശാസ്ത്രജ്ഞരും അധ്യാപകരും ഗവേഷക വിദ്യാർഥികളും ശാസ്ത്രതല്പരരും ചേർന്ന് 'ഇന്ത്യ മാർച്ച് ഫോർ സയൻസ്'' എന്ന പ്രസ്ഥാനത്തിന് രൂപം കൊടുത്തത്. 2022 ഓഗസ്റ്റ് മാസത്തിൽ ഇന്ത്യയിലെ മിക്കവാറും എല്ലാ സംസ്ഥാനങ്ങളിലും നിരവധി മാർച്ച് ഫോർ സയൻസ് പരിപാടികൾ സംഘടിപ്പിക്കപെട്ടു.

അശാസ്ത്രീയവും അബദ്ധ ജടിലവുമായ ആശയങ്ങളുടെ പ്രചാരണം അവസാനിപ്പിക്കുക, ഭരണഘടനയുടെ 51എ അനുച്ഛേദത്തിന് അനുസൃതമായി ജനങ്ങളിൽ ശാസ്ത്രീയ മനോഘടന വളർത്തിയെടുക്കുക, കേന്ദ്ര ബജറ്റിന്റെ 10 ശതമാനവും സംസ്ഥാന ബജറ്റുകളുടെ 30 ശതമാനവും വിദ്യാഭ്യാസത്തിനായി നീക്കിവക്കുക, ശാസ്ത്ര-സാങ്കേതികവിദ്യ-സാമൂഹ്യ ശാസ്ത്ര ഗവേഷണത്തിനായി ജിഡിപിയുടെ 3% ചിലവഴിക്കുക, പരിസ്ഥിതിയെ സംരക്ഷിക്കുകയും ആഗോള താപനം തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക, നിക്ഷിപ്ത താത്പര്യങ്ങൾക്കായി രാജ്യത്തിന്റെ പ്രകൃതി സമ്പത്തിനെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കുക, ശാസ്ത്രീയ തെളിവുകളുടെ അടിസ്ഥാനത്തിൽ നയരൂപീകരണം നടത്തുക തുടങ്ങിയ ഡിമാന്റുകൾ മുന്നോട്ട് വച്ചുകൊണ്ടാണ് ഇന്ത്യയിലെ ശാസ്ത്ര സമൂഹം ഇന്ത്യ മാർച്ച് ഫോർ സയൻസ് സംഘടിപ്പിച്ചത്. ദേശീയ വിദ്യാഭ്യാസ നയം 2020ന്റെ ഭാഗമായി 'ഇന്ത്യൻ ജ്ഞാന വ്യവസ്ഥ' എന്ന പേരിൽ അശാസ്ത്രീയമായ കാര്യങ്ങൾ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തുന്നത് അവസാനിപ്പിക്കുക എന്നതായിരുന്നു മറ്റൊരു പ്രധാന ഡിമാന്റ്.

ജനങ്ങളിൽ പ്രത്യേകിച്ചും വിദ്യാർത്ഥികളിൽ ശാസ്ത്രീയ ചിന്താഗതി വികസിപ്പിച്ചെടുക്കുക എന്ന ഉദ്ദേശത്തോടെ വൈവിധ്യമാർന്ന പരിപാടികൾ വിവിധ ജില്ലകളിൽ മാർച്ച് ഫോർ സയൻസിന്റെ ഭാഗമായി നടന്നു.

വിവിധ ശാസ്ത്ര സംഘടനകളുടെയും, ശാസ്ത്ര പ്രവർത്തകർ, അധ്യാപകർ, വിദ്യാർത്ഥികൾ, ഗവേഷകർ എന്നിവരുടെയും പങ്കാളിത്തത്തോടെ ആഗസ്റ്റ് 27ന് തിരുവനന്തപുരം നഗരത്തിൽ മാർച്ച് ഫോർ സയൻസ് നടന്നു. മ്യൂസിയത്തിനടുത്തുള്ള സത്യൻ സ്മാരക ഹാളിൽ രാവിലെ ആരംഭിച്ച പരിപാടി മാർച്ച് ഫോർ സയൻസ് തിരുവനന്തപുരം സംഘാടക കമ്മിറ്റി പ്രസിഡന്റ് പ്രൊഫസർ സി.പി. അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്തു. ഡോ.ശശികുമാർ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് 'കാലാവസ്ഥാ വ്യതിയാനവും കേരളവും' എന്ന വിഷയത്തിൽ കേരള യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ എ.ബിജുകുമാറും 'ശാസ്ത്രീയ ചിന്താഗതി' എന്ന വിഷയത്തിൽ പ്രമുഖ ശാസ്ത്രപ്രചാരകൻ ഡോ. വൈശാഖൻ തമ്പിയും പ്രഭാഷണം നടത്തി. യോഗത്തിൽ ശ്രീ ഷാജി ആൽബർട്ട്, ഡോക്ടർ വി. എസ്.ശ്യാം, ഗോമതി, മേധാ സുരേന്ദ്രനാഥ്, എസ്. അരുൺ എന്നിവരും സംസാരിച്ചു. തുടർന്ന് നടന്ന മാർച്ച് ഫോർ സയൻസ് മ്യൂസിയത്തിനടുത്തുനിന്നും ആരംഭിച്ച് പാളയം ആശാൻ സ്ക്വയറിൽ അവസാനിച്ചു.

ഇന്ത്യ മാർച്ച് ഫോർ സയൻസ് കോഴിക്കോട് ജില്ലാസംഘാടകസമിതിയുടെ ആഭിമുഖ്യത്തിൽ മാനാഞ്ചിറയിൽ നടന്ന പരിപാടി പ്രമുഖ ശാസ്ത്ര പ്രചാരകനും കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് മുൻ പ്രസിഡന്റുമായ പ്രൊഫ.കെ.പാപ്പൂട്ടി ഉദ്ഘാടനം ചെയ്തു. ഡോ.എം. ജ്യോതി രാജ് മുഖ്യ പ്രഭാഷണം നടത്തി. ജില്ലാ പ്രസിഡണ്ട് സദാനന്ദൻ മാസ്റ്റർ അധ്യക്ഷനായി. ജില്ലാ കൺവീനർ ഡോ. ഇ.ശ്രീകുമാരൻ സ്വാഗത പ്രസംഗം നടത്തി.

എറണാകുളം ജില്ലാ മാർച്ച് ഫോർസയൻസ് തൃപ്പൂണിത്തുറയിൽ നടന്നു. സമാപന സമ്മേളനം ഇന്ദിരാഗാന്ധി സെന്റർ ഫോർ അറ്റോമിക് റിസർച്ചിലെ മുൻ ശാസ്ത്രജ്ഞൻ ജോർജ്ജ് ജോസഫ് ഉദ്ഘാടനം ചെയ്തു. മാർച്ച് ഫോർ സയൻസ് ജില്ലാ സംഘാടക കമ്മിറ്റികൺവീനർ കെ.എസ്.ഹരികുമാർ അദ്ധ്യക്ഷത വഹിച്ചു. ബ്രേക് ത്രൂ സയൻസ് സൊസൈറ്റി ജില്ലാ സെക്രട്ടറി പി.പി.സജീവ് കുമാർ സ്വാഗതം ആശംസിച്ചു. കെ. എസ്.ശ്രുതി (പോയട്രി ഓഫ് റിയാലിറ്റി), പി.പി.ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. മാർച്ചിന് രശ്മി ശ്രീജിത്ത്, നിള മോഹൻകുമാർ, സി. എൻ. മുന്ദൻ, സി.ബി.അശാകൻ, എന്നിവർ നേതൃത്വം നൽകി.

കോട്ടയം ജില്ലയിൽ സിഎംസ് കോളേജിൽ നടന്ന മാർച്ച് ഫോർ സയൻസ് പരിപാടി പ്രിൻസിപ്പൽ പ്രൊഫ. വർഗീസ്. സി. ജോഷ്വാ ഉദ്ഘാടനം ചെയ്തു. പ്രൊഫ. പി.സി ജോൺ മാർച്ച് ഫ്ലാഗ് ഓഫ് ചെയ്തു. തുടർന്ന് ഗാന്ധി സ്ക്വയറിൽ നടന്ന സമാപന ചടങ്ങിൽ കേരള യുക്തി വാദി സംഘം സംസ്ഥാന സെക്രട്ടറി രാജഗോപാൽ വാകത്താനം, സിഎംഎസ് കോളേജ് ഫിസിക്സ് വിഭാഗം മേധാവി ഡോ. സാം രാജ്, ബ്രേക് ത്രൂ സയൻസ് സൊസൈറ്റി ജില്ലാ സെക്രട്ടറി പി. ജി.ശശികുമാർ, മാർച്ച് ഫോർ സയൻസ് ജില്ലാ ഓർഗനൈസിംഗ് കമ്മിറ്റി കൺവീനർ പ്രൊഫ. പി.എൻ.തങ്കച്ചൻ, ചിന്നമോൾ സെബാസ്റ്റ്യൻ, സലീമ ജോസഫ് എന്നിവർ പ്രസംഗിച്ചു.

ഇന്ത്യ മാർച്ച് ഫോർ സയൻസ് ആലപ്പുഴ ജില്ലാ സംഘാടക സമിതിയുടെ ആഭിമുഖ്യത്തിൽ ബൈക്ക് റാലിയും സമ്മേളനവും നടന്നു. പുന്നപ്ര , അറവുകാട് ഹയർ സെക്കൻഡറി സ്കൂളിനു സമീപത്ത് നിന്ന് ആരംഭിച്ച റാലി ഡോ. പി. എസ്.ഷാജഹാൻ ഉദ്ഘാടനം ചെയ്തു. കരിമണൽ ഖനന വിരുദ്ധ ഏകോപന സമിതി ചെയർമാൻ എസ്.സുരേഷ് കുമാർ ആശംസാ പ്രസംഗം നടത്തി. ഡോ.കെ.ഹരിപ്രസാദ് അദ്ധ്യക്ഷത വഹിച്ചു. കെ.ശിവൻകുട്ടി സ്വാഗതം പറഞ്ഞു. സമാപന യോഗം ഐടി വിദഗ്ധൻ കാർത്തിക് സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. എസ്. സൗഭാഗ്യകുമാരി അദ്ധ്യക്ഷത വഹിച്ചു. യുക്തിവാദിസംഘം ജില്ലാ നേതാവ് ബാലകൃഷ്ണൻ കല്ലുമല, സോണിച്ചൻ പുളിങ്കുന്ന് എന്നിവർ ആശംസാപ്രസംഗം നടത്തി ടി.ആർ.രാജിമോൾ സ്വാഗതവും പി.എസ്. അനന്തൻ നന്ദിയും പറഞ്ഞു.

ഇന്ത്യ മാർച്ച് ഫോർ സയൻസിന്റെ ഭാഗമായി കൊല്ലത്ത് ചിന്നക്കടയിൽ നടന്ന ശാസ്ത്ര പ്രചാരണ ജാഥയും യോഗവും പ്രശസ്ത കവി ഇഞ്ചക്കാട് ബാലചന്ദ്രൻ ഉദ്ഘാടനം ചെയ്തു. മാർച്ച് ഫോർ സയൻസ് കൊല്ലം ജില്ലാ സംഘാടക സമിതി കൺവീനർ എൻ. ടെന്നിസൺ അധ്യക്ഷത വഹിച്ചു. കവി വാക്കനാട് സുരേഷ്, രാജു ടി.മംഗലത്ത്, ഷൈല കെ. ജോൺ, പി.പി.പ്രശാന്ത് കുമാർ, മാനവ് ജ്യോതി, ദിബിൻ ദിനേശ് എന്നിവർ സംസാരിച്ചു.

തൊടുപുഴ ന്യൂമാൻ കോളേജിൽ നിന്നും മങ്ങാട്ടുകവലയിലേക്ക് അദ്ധ്യാപകരും ശാസ്ത്ര സമൂഹവും വിദ്യാർത്ഥികളും പങ്കെടുത്ത ഇന്ത്യ മാർച്ച് ഫോർ സയൻസ് നടന്നു. മാർച്ചിന് മുന്നോടിയായി സാൻജോ ഹാളിൽ വച്ചു നടന്ന യോഗത്തിൽ ജില്ലാ ഓർഗനൈസിംഗ് കമ്മിറ്റി ചെയർമാൻ ഡോ.ജോ ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രിൻസിപ്പാൾ ഡോ.സാജു എബ്രാഹം ഉദ്ഘാടനം നിർവ്വഹിച്ചു. എം.കെ.ഹരികുമാർ മുഖ്യ പ്രഭാഷണം നടത്തി. കൺവീനർ കെ. എൽ.ഈപ്പച്ചൻ ആശംസകൾ നേർന്നു. ന്യൂമാൻ കോളേജ് ഫിസിക്സ് വിഭാഗം മേധാവി ഡോ. ബീന മേരി ജോൺ സ്വാഗതവും ഗവേഷക വിദ്യാർത്ഥി സുധീഷ് നന്ദിയും പറഞ്ഞു.

പത്തനംതിട്ട ജില്ലയിലെ മാർച്ച് ഫോർ സയൻസ്, പത്തനംതിട്ട സ്വകാര്യ ബസ്റ്റാൻഡിൽ നിന്ന് ആരംഭിച്ച് സെൻട്രൽ ജംഗ്ഷനിൽ സമാപിച്ചു. ഗലീലിയോ ശാസ്ത്ര-സാമൂഹ്യശാസ്ത്ര പഠന കേന്ദ്രം സെക്രട്ടറി എം.എസ്.മധു ഉദ്ഘാടനം ചെയ്തു. ആർ.രതീഷ് അദ്ധ്യക്ഷത വഹിച്ചു. ചിത്രകാരൻ സതീഷ് പറക്കോട്, പ്രവിത, സുരേഷ് കുമാർ, ശാരിക, ബേബി ചെരിപ്പിട്ടക്കാവ് എന്നിർ പ്രസംഗിച്ചു. ആകാശ് സന്തോഷ് നന്ദി പറഞ്ഞു.

മലപ്പുറം ജില്ലയിലെ തിരൂരിൽ നടന്ന മാർച്ച് ഫോർ സയൻസ് ജില്ലാ സംഘാടക സമിതി ചെയർമാൻ മനോജ് കോട്ടക്കൽ ഉദ്ഘാടനം ചെയ്തു. സംഘാടക സമിതി ജില്ലാ കൺവീനർ ടി.ടി.വാസുദേവൻ അധ്യക്ഷത വഹിച്ചു. സി.ബിന്ദുലാൽ, എസ്. അലീന, ബ്രേക്ക്ത്രൂ സയൻസ് സൊസൈറ്റി ജില്ലാ കോ-ഓർഡിനേറ്റർ നിലീന മോഹൻ കുമാർ, സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി മലപ്പുറം ജില്ലാ കൺവീനർ മൻസൂർ അലി, പി.കെ.പ്രഭാഷ്, എ.ശശി എന്നിവർ സംസാരിച്ചു. ജില്ലാ സംഘാടക സമിതി അംഗങ്ങളായ എസ്. സൂര്യശങ്കർ, ജെ. മീര, ദേവ്ശങ്കർ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

ഇന്ത്യാ മാർച്ച് ഫോർ സയൻസിന്റെ ഭാഗമായി പാലക്കാട് നഗരത്തിലും ശാസ്ത്ര റാലിയും യോഗവും നടത്തി. ഗവ.വിക്ടോറിയ കോളേജിന് സമീപം എ.ഹസീനയുടെ അധ്യക്ഷതയിൽ നടന്ന ശാസ്ത്ര സംഗമത്തിൽ കെ.എം.ബീവി മുഖ്യ പ്രഭാഷണം നടത്തി. ലിബിൻ തത്തപ്പിള്ളി, സായൂജ് ബി.എസ്. എന്നിവർ സംസാരിച്ചു. പി.മണികണ്ഠൻ സ്വാഗതം ആശംസിച്ച പരിപാടിയിൽ ആർ.ശ്രുതി നന്ദി പറഞ്ഞു. റാലിയിൽ നിരവധി വിദ്യാർത്ഥികളും അധ്യാപകരും ശാസ്ത്ര പ്രവർത്തകരും പങ്കെടുത്തു.

തൃശ്ശൂരിൽ നടന്ന മാർച്ച് ഫോർ സയൻസ് പരിപാടിയിൽ ബ്രേക് ത്രൂ സയൻസ് സൊസൈറ്റി സംസ്ഥാന പ്രസിഡന്റ് ഡോ.പി. എസ്. ബാബു, ഡോ. മുരളീധരൻ, ഗിരീശൻ മാസ്റ്റർ എന്നിവർ പ്രസംഗിച്ചു. ■




തിരുവനന്തപുരത്ത് കേരള സർവ്വകലാശാല ആസ്ഥാനത്തിന് മുമ്പിൽ ആഗസ്റ്റ് 27ന് അണിനിരന്ന ഇന്ത്യ മാർച്ച് ഫോർ സയൻസ്.

Volume: 49 No: 6 | Printed and published by V.Venugopal on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: V. Venugopal.